KNANAYADEEPAM

# ക്നാനായ ദീപം

Vol: 37 / Issue: 5 May 2026 ₹:20/-




# St. Mary's Knanaya Church Pennsylvania, Philadelphia, USA.

## Board of Directors (2026-2027)



**Rev. Fr. Renni Abraham**
Kizhakethil
Vicar & President.



**Rev. Fr. Chacko Punnoose**
Chirayil
Assistant Vicar



**Renny Eranackal**
Eranackal
Secretary



**Liju Abraham**
Kuzhikandathil
Trustee



**Mathew Abraham**
Kadakketh
Vice President



**Priji Kuriakose**
Edasseril
Committee Member



**Tinu Abraham**
Thottupurathu Melethil
Committee Member



**Jomon Abraham**
Thundiyil
Committee Membe



**Shiny Abraham**
Charivuparampil
Committee Member



**Betty Eranackal**
Eranackal
Committee Member



**Kuriakose Chacko**
Plamthottathil
Committee Member



**Subin Mathew**
Kadakketh
Committee Member




**Alex Thomas**
Thoppil
Committee Member



**Roney Thomas**
Purathoottu
Committee Member



**Sinto Abraham**
Kuttiyil Kalarickal
Auditor



**Christy Saju**
Nanakuzhiyil
Auditor

Advt - O

# ക്നാനായ ദീപം

2026 മെയ് പുസ്തകം 37 ലക്കം 5

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 07
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

കരിയർ: എടുത്തുചാട്ടം വേണ്ട 19
സുനിൽ ഡി. കുരുവിള

വിശ്വാസം - രക്ഷ 21
സൂസി മാത്യു കെ., കിഴക്കേ ആക്കൽ

ഉയിർപ്പിന്റെ ശക്തി 22
മിസ്സിസ് ജോയി

വേദപുസ്തകത്തിൽ തലമുറകളുടെ... 23
സണ്ണി ജേക്കബ് കാട്ടുവേലിൽ

ഏവൻഗേലിയോൻ ദീപം 24
ഫാ. ശൈനോ മർക്കോസ് കൊച്ചുമംഗര
ഫാ. മോനായി കെ ഫിലിപ്പ് കർക്കടകംപള്ളിൽ

സംസർഗ്ഗം സ്വഭാവത്തെ സ്വാധീനിക്കും 27
റ്റി.സി. തോമസ് തോപ്പിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 28

മരണമേ നിന്റെ മുള്ള് എവിടെ?... 37
അമ്മാൾ രാജൻ പുളിമൂട്ടിൽ

സത്യത്തിലേക്കുള്ള നടപ്പാത 38
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

39 ദൈവകരുണ ലഭിക്കുവാൻ
ജയ്നമ്മ മർക്കോസ് നടുവിലെപറമ്പിൽ

40 Courage and ...
Seema Shinto, Kanniyel

41 നിന്റെ പേർ യാക്കോബ് എന്നല്ലാ...
സണ്ണി ഇളംപുരയിടത്തിൽ

42 ഭാഗ്യവാൻ
ഷിജു എബ്രഹാം വടക്കേമണ്ണിൽ

44 മല്പാനോട് ചോദിക്കാം

45 മാട്രിമോണിയൽ

55 അർക്കദിയാക്കോൻ
സഖറിയ ജോർജ് ഇടവഴിക്കൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan) Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary


Visit www.knanayadeepam.in


**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**



**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




## വേഗം വരുന്ന നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ പ്രിയ ദീപം വായനക്കാർക്ക് സ്നേഹവന്ദനം.

കർത്താവിൽ പ്രിയരെ,

മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാമൂഹ്യ രാഷ്ട്രീയ സാംസ്ക്കാരിക വ്യവസ്ഥിതികളുടെ മദ്ധ്യത്തിൽ മാറ്റമില്ലാത്ത സുവിശേഷം. (ക്രിസ്തീയ സന്ദേശം), സങ്കീർണ്ണങ്ങളായ മാനുഷിക പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗമായി വ്യക്തികൾക്കും സമൂഹങ്ങൾക്കും അനുഭവിച്ചറിയുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നതാണ് ക്നാനായ ദീപത്തിന്റെ ലക്ഷ്യം. ഇന്നത്തെ ഏറ്റവും വലിയ ആവശ്യവും ചുമതലയും മനുഷ്യപ്രശ്നങ്ങൾക്കും പാപങ്ങൾക്കും പരിഹാരമായ സുവിശേഷം ലോകത്തിന് കാണിച്ചു കൊടുക്കുകയും, അതോടൊപ്പം നാം തന്നെ അവ പ്രായോഗികമാക്കുകയും ചെയ്യണം. ദുഃഖവും, ദുരിതവും, നെടുവീർപ്പും, കണ്ണുനീരും ഇല്ലാത്ത സുഖസുന്ദരമായ നാളത്തെ ലോകം കെട്ടിപ്പടുക്കുവാൻ ക്രിസ്തുവിന്റെ സ്നേഹക്കൊടിയുടെ പിന്നിൽ ത്യാഗങ്ങളും കഷ്ടങ്ങളും സഹിച്ച് മുന്നേറുന്ന ക്രിസ്തീയ സ്നേഹ സേനയുടെ ശബ്ദം നമ്മുടെ കർണ്ണപുടങ്ങളിൽ പ്രതിധ്വനിക്കുകയും ആ പ്രതിധ്വനി നമ്മുടെ കർത്തവ്യങ്ങൾ നമ്മെ അനുസ്മരിപ്പിക്കുകയും തൽഫലമായി നാം പ്രബുദ്ധരും കർമ്മനിരതരുമായിത്തീരണം.

**വിദ്യാഭ്യാസം-** സ്കൂളുകളും കോളേജുകളും വീണ്ടും തുറന്ന് ജൂണിൽ പുതിയ വിദ്യാലയ വർഷം ആരംഭിക്കുന്നു. ലക്ഷക്കണക്കിനു കുട്ടികൾ വിദ്യാഭ്യാസത്തിനായി ഇറങ്ങിത്തിരിക്കുന്നു. അറിവു തേടി ഇറങ്ങിത്തിരിക്കുന്ന കേരളത്തിലെ കോടിക്കണക്കിനു വരുന്ന വിദ്യാർത്ഥികൾക്ക് എന്താണ് ലഭിക്കുക. വിജ്ഞാനം പകരുക എന്നതാണ് എക്കാലത്തും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പക്ഷേ ഇന്നത്തെ വിദ്യാഭ്യാസ രംഗം വീക്ഷിച്ചാൽ ഏതെങ്കിലും ഒരു ജോലി ലഭിക്കുവാനുള്ള ഒരു ഉപാധി എന്നതിൽ കവിഞ്ഞ് മറ്റൊന്നും ആരും ചിന്തിക്കുന്നുണ്ടെന്നു തോന്നുന്നില്ല. ജീവിതം ആസ്വദിക്കാനുള്ളതാണെന്നും അതിന് സമ്പത്തുണ്ടാക്കാനുള്ള ഒരു മാർഗ്ഗം മാത്രമാണ് വിദ്യാഭ്യാസം എന്നും മറ്റുമാണ് പലരും ധരിച്ചു വച്ചിരിക്കുന്നത്. അതനുസരിച്ചാണ് അവർ ഇളം തലമുറയെ നയിക്കുന്നതും; ഈ നിലയ്ക്ക് മാറ്റം വന്നേ മതിയാവൂ. അല്ലെന്നു വരികിൽ നമുക്ക് ഒരു ശോഭനമായ ഭാവി പ്രതീക്ഷിക്കാവുന്നതല്ല. ധാർമ്മിക മൂല്യങ്ങളുടെ ഊടും ഭാവവുമില്ലാത്തൊരു വിദ്യാഭ്യാസം അഭിവൃദ്ധിയിലേക്കല്ല പ്രത്യുത അപകടത്തിലേക്കാണ് ചെന്നെത്തുക. ഉത്തമജീവിതം നയിക്കുന്നതിന് ഒരുക്കുക എന്നതായിരിക്കണം വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഇന്നത്തെ ഒഴിച്ചുകൂടാനാകാത്ത ആവശ്യമാണ്. കണക്കും ഭാഷയും ശാസ്ത്രവും പഠിപ്പിക്കുന്നതിനോടൊപ്പം സത്യസന്ധത, നിസ്വാർത്ഥത, കൂട്ടുത്തരവാദിത്വം, സഹാനുഭൂതി, ദൈവവിശ്വാസം എന്നിവ കൂടി വിദ്യാർത്ഥികളിൽ ഉളവാകുവാൻ ബോധപൂർവ്വമായ ഒരു പരിശ്രമവും അദ്ധ്യാപകരിൽനിന്നും മാതാപിതാക്കളിൽനിന്നും പ്രതീക്ഷിക്കുകയാണ്.

ലോകം ഇതുവരെയും ദർശിച്ചിട്ടില്ലാത്ത ഏറ്റവും കൊടിയ ഒരു കാലത്തു നാം എത്തിച്ചേർന്നിരിക്കുകയാണ്. രാഷ്ട്രീയ ഗതിയും മതത്തിന്റെ പോക്കും വഷളായിരിക്കുകയാണ്. മദ്ധ്യപൂർവ്വ ദേശത്ത് ഇസ്രായേലും അറബിരാഷ്ട്രങ്ങളും തമ്മിലുള്ള യുദ്ധം വർദ്ധിച്ചു വരുന്നു. അമേരിക്കയും മറ്റു രാഷ്ട്രങ്ങളും പിൻതുണയുമായി നീങ്ങിക്കൊണ്ടിരിക്കുന്നു. വിശുദ്ധ വേദപുസ്തകത്തിലെ പ്രവചനങ്ങൾ അക്ഷരം പ്രതി നടന്നുകൊണ്ടിരിക്കുന്നു. ശലോമോൻ പണിത ദേവാലയ സ്ഥലത്ത് ദൈവാലയം പണിയാനുള്ള സാഹചര്യങ്ങൾ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ (ലൂക്കോ.18:9). ഈ ചോദ്യം ഇന്ന് നടന്നുകൊണ്ടിരിക്കുന്നു.

"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." എന്നും മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ യേശു അല്ലാതെ വേറൊരു നാമവും ഇല്ല" എന്ന് തീർത്തു പറഞ്ഞിരിക്കേണ്ട ക്രിസ്തീയ നേതാക്കൾ സർവ്വമത സംഘടനയെ താങ്ങി ഉയർത്തുന്നത് എത്രയോ അപമാനമാണ്, എന്തൊരു അധ:പതനമാണ്. മെത്രാപ്പോലീത്തന്മാരും വൈദികരും വിവിധമത ആരാധനകളിൽ പങ്കെടുക്കുകയും അവരുടെ പൂജാവസ്തുക്കൾ ഭക്ഷിക്കുകയും ചെയ്യുന്നത് എത്രയോ ലജ്ജാകരമാണ്. ഇത് ദയനീയമായ കാഴ്ചയാണ്. ലവദോഖ്യാ സഭയുടെ സ്വഭാവത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ 100% നിറവേറിക്കഴിഞ്ഞിരിക്കുകയാണ്. പള്ളികളിലും കൂട്ടായ്മകളിലും വഴക്കുകളും കേസുകളും ഇടവകയോഗങ്ങൾ കൂടുമ്പോൾ അടിയും വെട്ടും ബഹളങ്ങളും തന്നെ. സമാധാനത്തിന്റെ ആരാധന അർപ്പിച്ച് ലോകത്തിന്റെ മുമ്പിൽ യേശുക്രിസ്തുവിന്റെ സ്നേഹം പകർന്നുകൊടുക്കേണ്ട സത്യവിശ്വാസികൾ എന്ന നാമത്തിൽ അറിയപ്പെടുന്ന ഓർത്തഡോക്സ് സഭകളിലും ക്നാനായ സമുദായത്തിലും ഇന്നു നടക്കുന്നത് എത്രയോ മ്ലേച്ഛകരമായ കാര്യങ്ങളാണ്. ഒരു പള്ളിയിൽ മത്സരിച്ച് കുർബ്ബാനകൾ നടത്തുന്നു. മരിച്ച ശവങ്ങളോടുപോലും മാന്യത പുലർത്താത്ത സമൂഹം. പണത്തിനുവേണ്ടി മാത്രം ജീവിക്കുന്ന ഒരു സമൂഹമായി മോശമായി താണുപോയിരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. കക്ഷിവഴക്കുകൾ, സൗന്ദര്യപ്പിണക്കങ്ങൾ, അധികാരമോഹങ്ങൾ ഇവ വർദ്ധിച്ചുവരുന്നു. യാമപ്രാർത്ഥനകൾ മുടങ്ങാതെ നടത്തുന്ന വൈദികരും മെത്രാന്മാരും വളരെ വിരളമാണ്. ആഡംബര പ്രിയവും ദ്രവ്യാഗ്രഹവും വർദ്ധിച്ചിരിക്കുന്ന ഈ സാഹചര്യം നമ്മെ വിളിച്ചറിയിക്കുന്നത്, അന്തിക്രിസ്തുവിന്റെ ആധിപത്യത്തിലേക്കു വരുന്നതിനുമുമ്പ് മണവാട്ടി സഭ എടുത്തു കൊള്ളപ്പെടും എന്നുള്ളത് ജീവിക്കുന്ന വിശ്വാസികൾക്ക് ആശ്വാസമാണ്. നമ്മുടെ മണവാളനായ ക്രിസ്തു സഭയെ ഏറ്റെടുത്തു കൊള്ളുവാൻ വേഗം വരും. സ്തോത്രം.

അവന്റെ വരവിന്റെ കാഹളധ്വനി കേൾക്കുമ്പോൾ വിശ്വാസികളായ നാം രൂപാന്തരം പ്രാപിച്ച് കർത്താവിനെ എതിരേല്പാൻ തക്കവണ്ണം നമുക്ക് ഒരുങ്ങാം. ഒരു സഭാനേതാവും അനുകരിക്കാൻ യോഗ്യമല്ലാത്തതിനാൽ നമ്മുടെ മണവാളനായ യേശുവിനെ മാത്രം നമുക്ക് അനുകരിക്കാം. ആയതിനുവേണ്ടി പ്രാർത്ഥിക്കാം ദൈവം അനുഗ്രഹിക്കട്ടെ.

എന്ന് നിങ്ങളുടെ

**പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



**ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1681 – ാ മത് സിറിയൻ കുടിയേറ്റ വാർഷികം മെയ് 29,30,31 തീയതികളിൽ നീലംപേരൂർ സെന്റ്ജോർജ്ജ് വലിയ പള്ളിയിൽ നടത്തപ്പെടുന്നതിന് ഹൃദയം നിറഞ്ഞ ആശംസകൾ നേർന്നുകൊള്ളുന്നു.**

ദൈവത്തിന്റെ അളവറ്റ കൃപയാൽ മെയ് മാസത്തിലേക്ക് നാം പ്രവേശിച്ചു. ഈ മാസം സഭ പെന്തിക്കോസ്തി പെരുന്നാൾ ആചരിക്കുന്നു. ക്രിസ്തീയ ആത്മീയ ജീവിതത്തിന്റെ അടിസ്ഥാന സന്ദേശങ്ങൾ പെന്തിക്കോസ്തി ആചരണത്തിൽ വെളിപ്പെടുന്നു. പരിശുദ്ധാത്മാവിന്റെ ആഗമനത്തിലൂടെ ദൈവത്തിന്റെ രക്ഷാപദ്ധതി മനുഷ്യരിൽ സജീവമായി പ്രകടമായ ദിനമാണ് ഇത്. അപ്പസ്തോലന്മാർ ഭയത്തിലും സംശയത്തിലും ആയിരുന്ന അവസ്ഥയിൽ നിന്ന് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ധൈര്യശാലികളായ സാക്ഷികളായി മാറിയ അനുഭവം പെന്തിക്കോസ്തിയുടെ പ്രധാന സാക്ഷ്യമാണ്. ഈ പെരുന്നാൾ ഒരു ചരിത്രസ്മരണ മാത്രമല്ല, ഇന്നത്തെ സഭയുടെ ജീവിതത്തിലും പ്രവർത്തിക്കുന്ന ആത്മീയ സത്യമാണ്, കാരണം പരിശുദ്ധാത്മാവ് ഇന്നും വിശ്വാസികളെ നയിക്കുകയും ആശ്വസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഇന്നത്തെ ലോകം വിഭജനങ്ങൾ, അനീതികൾ, ആത്മീയ ശൂന്യത, നിരാശ എന്നിവകൊണ്ട് നിറഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ, പെന്തിക്കോസ്തി നമ്മെ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ദൈവിക സമാധാനത്തിന്റെയും വഴിയിലേക്ക് വിളിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിറവ് സ്വാർത്ഥതയെ ത്യാഗമായി, ഭയത്തെ ധൈര്യമായി, നിരാശയെ പ്രത്യാശയായി മാറ്റുന്ന ശക്തിയാണ്. സഭയുടെ സാക്ഷ്യം വാക്കുകളിലൂടെ മാത്രമല്ല, ജീവിതത്തിലൂടെ പ്രകടമാകണമെന്ന് ഈ പെരുന്നാൾ നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട്, പെന്തിക്കോസ്തി ആചരണം ഇന്നത്തെ വിശ്വാസികൾക്ക് പുതുക്കത്തിലേക്കുള്ള വിളിയാണ്. പ്രാർത്ഥനയിൽ സ്ഥിരമായിരിക്കാനും സ്നേഹത്തിൽ വളരാനും, സമൂഹത്തിൽ നീതിയും കരുണയും പ്രാവർത്തികമാക്കാനും, ക്രിസ്തുവിന്റെ സാക്ഷികളായി ധൈര്യത്തോടെ ജീവിക്കാനും ഓരോ വിശ്വാസിയും തന്റെ ജീവിതം പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിൽ സമർപ്പിക്കുമ്പോൾ സഭ ഇന്നും ജീവിക്കുന്നതും ലോകത്തിന് പ്രകാശവും പ്രത്യാശയും നൽകുന്നതുമായ ദൈവത്തിന്റെ ഉപകരണമായി തുടരുക തന്നെ ചെയ്യും. നമ്മുടെ പെന്തിക്കോസ്തി ആചരണം അത്തരത്തിൽ അനുഗ്രഹമാകട്ടെ.

ക്നാനായ അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ കോട്ടയം വലിയപള്ളിയിൽ കബറടങ്ങിയിരിക്കുന്ന പുണ്യശ്ലോകനായ അഭി. ഗീവർഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ ജൂൺ 10,11 എന്നീ തീയതികളിൽ നാം ആചരിക്കുന്നുവല്ലോ. അഭി. പിതാവിന്റെ ജീവിതം വെറും ചരിത്രസ്മരണയായി മാത്രമല്ല, ഇന്നും വിശ്വാസികൾക്ക്

പ്രചോദനം നൽകുന്ന ഒരു സാക്ഷ്യമായി നിലകൊള്ളുന്നു; കാരണം ഭക്തി, വിനയം, ഉപവാസം, പ്രാർത്ഥന ഇവ ചേർന്ന വിശുദ്ധ ജീവിതം, ദൈവത്തിൽ അചഞ്ചലമായ വിശ്വാസം, കഷ്ടതകളിൽ സഹനശക്തി, ദുഃഖിതരോടുള്ള കരുണയും പിതാവിന്റെ ശ്രേഷ്ഠതയായിരുന്നു. സഭയോടുള്ള അദ്ദേഹത്തിന്റെ അർപ്പണബോധം അദ്ദേഹത്തെ ഒരു യഥാർത്ഥ ഇടയനാക്കി, വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കായി തന്റെ ജീവിതം സമർപ്പിച്ച മഹാനായ പിതാവായി നമ്മുടെ മുന്നിൽ വിളങ്ങുന്നു. ഇന്നത്തെ ലോകത്തിൽ ഭൗതികതയുടെ ആകർഷണവും ആത്മീയ അവഗണനയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഈ പിതാവിന്റെ സ്മരണ നമ്മെ ആത്മീയ ജീവിതത്തെ പരിശോധിക്കാനും പുതുക്കാനും ആഹ്വാനം ചെയ്യുന്നു; പ്രത്യേകിച്ച് പ്രാർത്ഥനയിൽ സ്ഥിരത പുലർത്താനും, ലാളിത്യത്തിലും വിനയത്തിലും ജീവിക്കാനും, മറ്റുള്ളവരുടെ വേദനകളെ പങ്കിടുന്ന കരുണാപൂർണ്ണമായ മനസ്സോടെ പ്രവർത്തിക്കാനും അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു. "പ്രാർത്ഥനയിൽ ഉറച്ചവർ കൃപയിൽ വളരുന്നു, വിനയത്തിൽ നടക്കുന്നവർ ദൈവത്താൽ ഉയർത്തപ്പെടുന്നു" എന്ന ആത്മീയ സത്യത്തെ ഈ ഓർമ്മപ്പെരുന്നാളിൽ പുതുക്കുവാൻ ദൈവം സഹായിക്കട്ടെ.

കേരളത്തെ ആഴത്തിൽ ദുഃഖത്തിലാഴ്ത്തിയ സമീപകാല പടക്കശാല സ്ഫോടനം മനുഷ്യജീവിതത്തിന്റെ നിസ്സാരതയും ഉത്തരവാദിത്വത്തിന്റെ ഗൗരവവും വീണ്ടും ഓർമ്മിപ്പിക്കുന്ന ദാരുണ സംഭവമാണ്. ഇന്നത്തെ സഭയ്ക്ക് ഇതൊരു ആത്മപരിശോധനയുടെ സമയമാണ്. മനുഷ്യജീവിതത്തിന്റെ സംരക്ഷണം എല്ലാ ആഘോഷങ്ങളെക്കാളും ഉയർന്നതാണെന്ന തിരിച്ചറിവിലേക്ക് ഈ സംഭവം നമ്മെ നയിക്കണം. ദുഃഖിതരായ കുടുംബങ്ങൾക്ക് ആശ്വാസം നൽകുകയും, പരുക്കേറ്റവർക്കായി പ്രാർത്ഥിക്കുകയും, സമൂഹത്തിൽ ഉത്തരവാദിത്വബോധവും സുരക്ഷാബോധവും വളർത്തുകയും ചെയ്യുക എന്നത് ഇന്നത്തെ സഭയുടെ ദൗത്യമാണ്. നമ്മുടെ വിശ്വാസവും സംസ്കാരവും മനുഷ്യജീവിതത്തിന്റെ മഹത്വത്തെ കാത്തുസൂക്ഷിക്കുന്ന രീതിയിൽ പുതുക്കേണ്ടതിന്റെ ശക്തമായ ആഹ്വാനമാണ് ഈ ദാരുണ സംഭവം നമ്മുടെ മുന്നിൽ വെക്കുന്നത്.

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1681-ാമത് സിറിയൻ കുടിയേറ്റ വാർഷികം മെയ് 29,30,31 തീയതികളിൽ നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയ പള്ളിയിൽ നടത്തപ്പെടുമ്പോൾ ഹൃദയം നിറഞ്ഞ ആശംസകൾ നേർന്നുകൊള്ളുന്നു. വിശ്വാസ പാരമ്പര്യവും, ആത്മീയ ഐക്യവും സംരക്ഷിച്ചുകൊണ്ട് തലമുറകളിലൂടെ കൈമാറ്റപ്പെട്ട ഈ മഹത്തായ വാർഷികം, ദൈവഭക്തിയും, ചരിത്രബോധവും ശക്തിപ്പെടുത്തുന്ന അനുഗ്രഹീതമായ അവസരമാണ്. ഇവിടെ നടക്കുന്ന സമ്മേളനങ്ങളിലൂടെയും, വിവിധ മത്സരങ്ങളുടെയും തനിമ വിളിച്ചോതുവാനും, വിശ്വാസികളെ ദൈവസന്നിധിയിലേക്ക് കൂടുതൽ അടുപ്പിക്കുവാനും ഉതകണം. പ്രത്യേകിച്ച് ഇന്നത്തെ ലോകത്ത് മൂല്യശോഷണ സാഹചര്യത്തിൽ, ഈ കൂട്ടായ്മ ആത്മീയ നവീകരണത്തിന്റെയും ഐക്യത്തിന്റെയും ഒരു ശക്തമായ സാക്ഷ്യമായും, തനിമ ആഘോഷിക്കുന്ന അവസരവുമായി മാറട്ടെ. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളിലും നീലംപേരൂർ പള്ളി അംഗങ്ങളോടൊപ്പം എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണം.

കഴിഞ്ഞ ദിവസങ്ങളിൽ കേരളമൊട്ടാകെ അതിശക്തമായ ചൂട് അനുഭവിച്ചു കൊണ്ടിരിക്കുകയാണ്, ഇത് കാലാവസ്ഥാ മാറ്റത്തിന്റെ വ്യക്തമായ ഒരു സൂചനയെന്നു തന്നെ കാണേണ്ടതാണ്. ഇത്തരം സാഹചര്യങ്ങൾ നമ്മെ ഒരു ഗൗരവമായ ചിന്തയിലേക്ക് നയിക്കുന്നു. സമൃദ്ധമായ വനം, ശുദ്ധമായ ജലസ്രോതസ്സുകൾ, ശീതളമായ കാലാവസ്ഥ എന്നിവകൊണ്ട് പ്രശസ്തമായ നമ്മുടെ നാടിന് ഇന്ന് വലിയ മാറ്റങ്ങൾ നേരിടേണ്ടി വരുന്നു. അതിനാൽ, പ്രകൃതിയുടെ സംരക്ഷകരായി നാം മാറേണ്ടത് കാലത്തിന്റെ ആവശ്യമാണ്. ഓരോ വ്യക്തിയും സ്വന്തം നിലയിൽ ചെറിയ കാര്യങ്ങൾ ചെയ്താലും അതിന് വലിയ സ്വാധീനം ഉണ്ടാക്കാൻ കഴിയും. വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുക, അനാവശ്യമായി വൃക്ഷങ്ങൾ വെട്ടി മാറ്റുന്നത് ഒഴിവാക്കുക, ജലസംരക്ഷണം ഉറപ്പാക്കുക, വൈദ്യുതി ഉപയോഗത്തിൽ മിതത്വം പാലിക്കുക, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക, മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുക എന്നിവയെല്ലാം നമുക്ക് ചെയ്യാവുന്ന ലളിതമായ കാര്യങ്ങളാണ്. പരിസ്ഥിതി സൗഹൃദ ജീവിതശൈലി സ്വീകരിക്കുന്നത് നമ്മുടെ ആരോഗ്യത്തിനും ഭൂമിയുടെ ഭാവിക്കും ഒരുപോലെ ഗുണകരമാണ്. ഭാവി തലമുറയ്ക്ക് ഒരു ശുദ്ധവും സുരക്ഷിതവുമായ ലോകം സമ്മാനിക്കുക എന്നത് നമ്മുടെ കടമയാണെന്ന് മനസ്സിലാക്കി, ഇന്നുതന്നെ നാം നമ്മുടെ ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ തയ്യാറാകണം.

മെയ് 1-ന് ക്നാനായ സമുദായത്തിന്റെയും, ക്നാനായ ഗ്ലോബൽ വിമൻസ് ഫോറത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ യൂത്ത് കണക്ട് 2026 ഒരു പുതിയ അനുഭവമായിത്തീർന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കനുസരിച്ച് നമ്മുടെ യുവജനങ്ങളെ രൂപപ്പെടുത്താനും, അവർ അനുഭവിക്കുന്ന വെല്ലുവിളികളെ നേരിടാനും അവരെ പര്യാപ്തമാക്കുവാൻ ഇത്തരം സംരഭങ്ങൾ ഉപകരിക്കും. സംഘാടനമികവു കൊണ്ടും, സജീവമായ പങ്കാളിത്തം മൂലവും ഇത് ഏറ്റവും അനുഗ്രഹമായി നടന്നു. ഇതിന് നേതൃത്വം നൽകിയ എല്ലാവരെയും അഭിനന്ദിക്കുന്നു. വരുംവർഷങ്ങളിലും ഇത്തരം പരിപാടികൾ സംഘടിപ്പിക്കാൻ ദൈവം അനുഗ്രഹിക്കട്ടെ.

കർത്തൃ ശുശ്രൂഷയിൽ

**മോർ സേവേറിയോസ് കുറിയാക്കോസ്**

**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

# സമുദായ വാർത്തകൾ



റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരേ,

യുവതലമുറയുടെ ഉണർവ്വായി 'ക്നാനായ യൂത്ത് കണക്ട് 2026': തിളക്കമാർന്ന വിജയവുമായി ഗ്ലോബൽ വിമൻസ് ഫോറം.

സമുദായത്തിന്റെ ഭാവി വാഗ്ദാനങ്ങളായ യുവതലമുറയെ ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ക്നാനായ ഗ്ലോബൽ വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച രണ്ടാമത് 'ക്നാനായ യൂത്ത് കണക്ട് 2026' വൻ വിജയമായി മാറി. 2026 മെയ് 1 ന് ചിങ്ങവനം സെന്റ്ജോൺസ് പുത്തൻപള്ളിയിൽ നടന്ന ഈ സംഗമത്തിൽ സമുദായത്തിലെ വിവിധ ദൈവാലയങ്ങളിൽ നിന്നുള്ള പ്രതിനിധികളും നൂറുകണക്കിന് യുവജനങ്ങളും പങ്കെടുത്തു. 14 മുതൽ 20 വരെയുള്ള കൗമാരക്കാരെയും യുവാക്കളെയും ലക്ഷ്യമിട്ട് നടത്തിയ ഈ പരിപാടി, നമ്മുടെ സമുദായ മൂല്യങ്ങൾ പുതിയ തലമുറയിലേക്ക് പകർന്നു നൽകുന്നതിനും അവർക്കിടയിൽ ഊഷ്മളമായ സൗഹൃദങ്ങൾ വളർത്തുന്നതിനും വലിയൊരു വേദിയായി. ഗ്ലോബൽ ക്നാനായ വിമൻസ് ഫോറത്തിന്റെ കരുത്തുറ്റ നേതൃത്വവും ചിട്ടയായ പ്രവർത്തനവുമാണ് ഈ സംഗമത്തെ ഇത്രത്തോളം ഹൃദ്യമാക്കിയത്. സമുദായ ശക്തീകരണത്തിനായി രാപകൽ ഭേദമെന്യേ പ്രവർത്തിച്ച ഫോറം അഡ്മിൻമാരായ അനി ഏബ്രഹാം (പുറയാട്ട്) Australia, ബെറ്റി എരണക്കൽ യു.എസ്.എ., ഡയാന മർക്കോസ് (തൂമ്പുങ്കൽ) യു.എസ്.എ, ജയ ജേക്കബ് (മറ്റക്കാട്ട്) റാന്നി, ജിജിമോൾ മാത്യു (തയ്യിൽ പടിഞ്ഞാറേതിൽ) യു.കെ., മഞ്ജു ഏബ്രഹാം (വലിയപറമ്പിൽ) നീലംപേരൂർ, നീത മാത്യു (വാഴയ്ക്കൽ) യു.എസ്.എ, നിമിഷ നിഖിൽ (പുതുച്ചിറയിൽ) യു.എസ്.എ, നിഷ സിബി (പെരുംകണ്ണാരിൽ) ന്യൂസിലാന്റ്, രാജി ഏബ്രഹാം (എഴുമായിൽ) Australia, ഷീബ ജോസഫ് (ആലഞ്ചേരിൽ) എറണാകുളം എന്നിവരുടെ കൂട്ടായ പരിശ്രമം മുക്തകണ്ഠം അഭിനന്ദനം അർഹിക്കുന്നു. നമ്മുടെ സമുദായത്തിന് വലിയൊരു മാതൃകയാണ് ഈ വനിതാ കൂട്ടായ്മ കാഴ്ച വെച്ചത്. യുവജനങ്ങളെ സമുദായത്തോട് ചേർത്തുനിർത്താൻ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ. ഇനിയും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. ഈ വിജയഗാഥയ്ക്ക് പിന്നിൽ പ്രവർത്തിച്ച എല്ലാ പ്രവർത്തകർക്കും അഭിനന്ദനങ്ങൾ!

**ക്നാനായ തനിമയുടെ സംഗമവേദിയായി നീലംപേരൂർ: 1681-ാമത് വാർഷിക സംഗമം.** ക്നാനായ കോൺഗ്രസ് കേന്ദ്രക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന 1681-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം 2026 മെയ് 29, 30, 31 തീയതികളിൽ നീലംപേരൂർ സെന്റ്ജോർജ് ക്നാനായ വലിയ പള്ളിയിൽ നടക്കുകയാണ്. ഈ സംഗമത്തിന്റെ പ്രധാന ആകർഷണമായി എല്ലാ ദൈവാലയങ്ങളിൽ നിന്നുമുള്ള കലാപ്രതിഭകളെ ഉൾപ്പെടുത്തിക്കൊണ്ട് സമുദായത്തിന്റെ തനിമ വിളിച്ചോതുന്ന കലാപരിപാടികൾ സംഘടിപ്പിക്കുന്നു. നമ്മുടെ പൈതൃകവും തനിമയും സംരക്ഷിക്കുന്നതിനായി ഓരോ ഇടവകകളിൽനിന്നും പ്രത്യേകം ടീമുകളെ ഇതിനായി സജ്ജമാക്കേണ്ടതുണ്ട്. നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും തങ്ങളുടെ സംസ്കാരത്തെ അടുത്തറിയാനും അത് അഭിമാനപൂർവ്വം അവതരിപ്പിക്കാനുമുള്ള വലിയൊരു പ്രചോദനമായി ഈ വേദികൾ മാറും. പുതിയ തലമുറയെ സമുദായത്തോട് ചേർത്തുനിർത്താനും അവരുടെ സർഗ്ഗാത്മകമായ കഴിവുകളെ തനതായ രീതിയിൽ പ്രോത്സാഹിപ്പിക്കാനും ഈ അവസരം നാം പ്രയോജനപ്പെടുത്തണം. ക്നാനായ പാരമ്പര്യത്തിന്റെ മഹിമ ഉയർത്തിപ്പിടിക്കുന്ന ഈ ചരിത്ര സംഗമത്തിലേക്ക് എല്ലാ സമുദായാംഗങ്ങളെയും സഹർഷം സ്വാഗതം ചെയ്യുന്നു.

ക്നാനായ സമുദായത്തിലെ ഭവനരഹിതർക്കായി നടപ്പിലാക്കുന്ന സേവേറിയോസ് ഹൗസിംഗ് പ്രോജക്റ്റിലെ 'ഏഴിലം' പദ്ധതിയുടെ വിശേഷങ്ങൾ പങ്കുവെക്കുന്നതിൽ സന്തോഷമുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ശ്രീ. ബാബു പട്ടുകാലായിൽ സ്പോൺസർ ചെയ്ത ആദ്യ ഭവനത്തിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. രണ്ടാമത്തെ ഭവനം അമേരിക്കയിലെ ഹാർട്ട്ഫോർഡ് സെന്റ് മേരിസ് ദൈവാലയമാണ് സ്പോൺസർ ചെയ്തിരിക്കുന്നത്. ഈ വീടിന്റെ 90% പണികളും പൂർത്തിയായി. ഉടൻ തന്നെ ഇവ രണ്ട് കുടുംബങ്ങൾക്കായി കൈമാറുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരികയാണ്. മറ്റൊരു സന്തോഷവാർത്ത കൂടി അറിയിക്കാനുണ്ട്. പദ്ധതിയിലെ മൂന്നാമത്തെ ഭവനം മാന്നാർ മാലിയിൽ (നിലവിൽ കാനഡ) താമസിക്കുന്ന ബഹുമാന്യനായ ശ്രീ. എം. എം. ചെറിയാൻ സ്പോൺസർ ചെയ്യുകയും അതിന്റെ തുക കൈമാറുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തോടുള്ള ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഇനിയും 19 വീടുകൾ കൂടി സ്പോൺസർ ചെയ്യപ്പെടുമെങ്കിൽ, അത് നമ്മുടെ സമുദായം നടത്തുന്ന വലിയൊരു ജീവകാരുണ്യ പ്രവർത്തനമായി മാറും. നമ്മുടെ സമുദായത്തിൽ ഭവനരഹിതരായി ആരും ഉണ്ടാകരുത് എന്നതാണ് നമ്മുടെ ലക്ഷ്യം. "ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ നാം നമ്മുടെ സഹോദരങ്ങളെ കരുതുക എന്നത് ദൈവഹിതമാണ്." ബൈബിൾ വചനം, "നിന്റെ സഹോദരൻ ദരിദ്രനാവുകയും നിസ്സഹായനാവുകയും ചെയ്താൽ ഒരു പരദേശിയെപ്പോലെയോ പ്രവാസിയെപ്പോലെയോ നീ അവനെ താങ്ങണം. അവൻ നിന്റെ കൂടെ ജീവിക്കട്ടെ" (ലേവ്യർ 25:35). ഈ മഹത്തായ സംരംഭത്തിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനോടകം സഹകരിച്ച ഏവരെയും സർവ്വശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

2026 ഏപ്രിൽ ഏഴാം തീയതി നടന്ന വനിതാ സമാജം തിരഞ്ഞെടുപ്പിൽ എല്ലാ സ്ഥാനങ്ങളിലേക്കും സമുദായ പക്ഷത്തെ പ്രതിനിധീകരിച്ച് ഉജ്ജ്വല വിജയം കൈവരിച്ച എല്ലാ ഭാരവാഹികൾക്കും ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു. നമ്മുടെ സമുദായത്തോടുള്ള പ്രതിബദ്ധതയും ഒത്തൊരുമയും മുൻനിർത്തി സഹോദരിമാർ കാഴ്ചവെച്ച പ്രവർത്തനങ്ങളുടെ വലിയ വിജയമാണിത്. യാതൊരുവിധ വിഭാഗീയതകൾക്കും ഇടനൽകാതെ, സ്നേഹത്തോടും സാഹോദര്യത്തോടും കൂടി നമുക്ക് മുന്നോട്ട് പോകാൻ സാധിക്കുമെന്നതിന്റെ വലിയ ഉദാഹരണമാണ് ഈ ഫലം. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് സമു

ദായത്തിന്റെ പുരോഗതിക്കായി മികച്ച രീതിയിൽ പ്രവർത്തിക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. സമുദായ താല്പര്യങ്ങൾക്കൊപ്പം നിന്ന് പ്രവർത്തിച്ച ഓരോരുത്തരെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. നമുക്ക് കൈകോർത്ത്, ഒരേ മനസ്സോടെ സമുദായ നന്മയ്ക്കായി മുന്നേറാം. വിജയികൾക്ക് ഒരിക്കൽകൂടി അഭിനന്ദനങ്ങൾ! ക്നാനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി (KIMT)ൽ പുതിയ അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെയും കേരള ഗവൺമെന്റിന്റെയും അംഗീകാരമുള്ള പ്രധാന കോഴ്സുകൾ: 3 വർഷ ബിരുദ കോഴ്സുകൾ, 1 വർഷത്തെ കോഴ്സുകൾ. വിഷയങ്ങൾ: 1. ഏവിയേഷൻ മാനേജ്മെന്റ്, 2. ലോജിസ്റ്റിക്സ് & ഷിപ്പിംഗ് മാനേജ്മെന്റ്, 3. ഹോസ്പിറ്റാലിറ്റി 4. ട്രാവൽ ആൻഡ് ടൂറിസം, 5. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, 6. നഴ്സിംഗ് അസിസ്റ്റന്റ് തുടങ്ങിയവ. Scientific and technical education development council (STED COUNCIL). ഗവൺമെന്റ് അംഗീകാരമുള്ള പ്രൊഫഷണൽ കോഴ്സുകൾ. പ്രത്യേകതകൾ: 100% പ്ലേസ്മെന്റ് അസിസ്റ്റൻസ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ വായ്പ സൗകര്യം. കോഴ്സിനോടൊപ്പം സൗജന്യമായി നൽകുന്ന അധിക പരിശീലനങ്ങൾ: ഹിന്ദി, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, പേഴ്സണാലിറ്റി ഡെവലപ്മെന്റ്, മോക്ക് ഇന്റർവ്യൂ, ഗ്രൂപ്പ് ഡിസ്കഷൻ, ഗ്രൂമിംഗ്. **സ്കോളർഷിപ്പ് വിവരങ്ങൾ:** അഡ്മിഷനോടു ബന്ധിച്ച് തിരഞ്ഞെടുത്ത 50 കുട്ടികൾക്ക് ക്നാനായ സമുദായം സ്കോളർഷിപ്പ് നൽകുന്നു. യോഗ്യത: +2, പരീക്ഷ എഴുതി നിൽക്കുന്ന കുട്ടികൾക്കായി സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നു. **രജിസ്ട്രേഷൻ:** താല്പര്യമുള്ളവർ താഴെ കാണുന്ന നമ്പറുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ബന്ധപ്പെടേണ്ട വിവരങ്ങൾ. ഫോൺ. +91 9745694000, 8714627618. 9633025588. Email: kimt.academics@gmail.com.വിലാസം: ക്നാനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി, ബിൽഡിംഗ് നമ്പർ. 311, വാർഡ് 3, കുറിച്ചി പഞ്ചായത്ത്.

പ്രിയപ്പെട്ടവരേ, ക്നാനായ സമുദായത്തിന്റെ 2026–2027 കാലയളവിലേക്കുള്ള ബഡ്ജറ്റ് സമ്മേളനം 2026 ഏപ്രിൽ 28–ാം തീയതി രാവിലെ 10.30 ന് അപ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ വെച്ച് നടന്നു. അസ്സോസിയേഷൻ പ്രസിഡന്റ് ബഹുമാനപ്പെട്ട വി.എ. ഏബ്രഹാം ഇളയശ്ശേരി അച്ചന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടെയാണ് സമ്മേളനം ആരംഭിച്ചത്. നമ്മളിൽനിന്ന് വേർപിരിഞ്ഞുപോയ ബഹുമാനപ്പെട്ട ഏലിയാസ് കുരുവിള പുതുവീട്ടിൽ അച്ചൻ, ഓതറ ഫാർമസി കോളേജ് മാനേജർ ആയിരുന്ന ശ്രീ. സോബൻ ലൂക്കോസ് എന്നിവരുടെ സ്മരണയ്ക്ക് മുന്നിൽ യോഗം അനുശോചനം രേഖപ്പെടുത്തുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് ബഹുമാനപ്പെട്ട ബിബിൻ ആൻഡ്രൂസ് അച്ചൻ ധ്യാനപ്രസംഗം നടത്തി. അതിനുശേഷം പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങുകൾ നടന്നു. സമുദായ സെക്രട്ടറി നോട്ടീസ് വായിച്ചതിനെത്തുടർന്ന്, കഴിഞ്ഞ അസ്സോസിയേഷനുശേഷം സമുദായത്തിൽ നടന്ന അനുരഞ്ജന ചർച്ചകളെക്കുറിച്ചും അദ്ദേഹം ചുരുങ്ങിയ വാക്കുകളിൽ വിശദീകരിച്ചു. നേരിട്ടു പങ്കെടുത്തവരുടെയും ഓൺലൈൻവഴി സംബന്ധിച്ചവരുടെയും കൃത്യമായ കോറം തിട്ടപ്പെടുത്തിയ ശേഷമാണ് ഔദ്യോഗിക നടപടികളിലേക്ക് കടന്നത്. ബജറ്റുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് സമുദായ ട്രസ്റ്റി ശ്രീ.റ്റി.സി. തോമസ് തോപ്പിൽ മറുപടി നൽകി. ആണ്ടുവരിയും ഭദ്രാസന നിധിയും പിരിക്കുന്നതിനെക്കുറിച്ച് യോഗത്തിൽ വിശദമായ ചർച്ചകൾ നടന്നു. തുടർന്ന് റാന്നി മോതിരവയലിൽ നിർമ്മാണം പുരോഗമിക്കുന്ന സേവേറിയോസ് ഹൗസിംഗ് പ്രോജക്റ്റ്, തോട്ടക്കാട് പണിയുന്ന കോളേജ്, നെല്ലിക്കൽ ആരംഭിക്കാൻ പോകുന്ന റിട്ടയർമെന്റ് ഹോം തുടങ്ങിയ വലിയ പദ്ധതികളെക്കുറിച്ചും ബഡ്ജറ്റിൽ വിശദമായി ചർച്ച ചെയ്തു.

ചർച്ചകൾ പുരോഗമിക്കുന്നതിനിടെ, സമുദായ വലിയ മെത്രാപ്പോലീത്തായുടെ കല്പന ലംഘിച്ചതിന്റെ പേരിൽ നടപടി നേരിടുന്ന ഫാ. ജിബി പ്ലാത്തോട്ടം, ഫാ. ഇമ്മാനുവേൽ തോമസ് കുന്നുകണ്ടം, ഫാ. മാത്യു കവിരായിൽ എന്നീ മൂന്ന് വൈദികർ ഹാളിലേക്ക് പ്രവേശിച്ചു. സമുദായ മെത്രാപ്പോലീത്തയെ അനുസരിക്കാത്തവർ ഹാളിൽ ഇരിക്കാൻ പാടില്ലെന്ന് അംഗങ്ങൾ ശക്തമായി നിലപാടെടുത്തു. പോകണമെന്ന് റൂളിംഗ് നൽകിയിട്ടും അവർ അതിന് തയ്യാറാവാതിരുന്നത് സഭാനടപടികൾ അല്പനേരം തടസ്സപ്പെടാൻ കാരണമായി. എന്നാൽ രജിസ്റ്ററിൽ ഒപ്പുവെക്കാൻ അനുവദിക്കില്ലെന്നും സഭയിൽ വെറുതെ ഇരിക്കുക മാത്രമേയുള്ളു എന്നും ഉറപ്പു നൽകിയതിനെത്തുടർന്ന് നടപടികൾ തുടർന്നു. പിന്നീട് ഉച്ചഭക്ഷണത്തിന് പിരിയുന്നതിനുമുമ്പായി അവർ സ്വമേധയാ അവിടെനിന്നും ഇറങ്ങിപ്പോയി.

എഡേസ തോട്ടത്തിലെ റബർ പ്ലാന്റേഷനെക്കുറിച്ചും കുൽപ്പമല തോട്ടത്തെക്കുറിച്ചും ഉയർന്ന ചോദ്യങ്ങൾക്ക്, അവിടെ മികച്ച രീതിയിൽ റബർ പ്ലാന്റ് ചെയ്തിട്ടുണ്ടെന്നും കമ്മിറ്റി അംഗങ്ങൾ ഒരാഴ്ചമുമ്പ് സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ടെന്നും ട്രസ്റ്റി മറുപടി നൽകി. സമുദായത്തിൽനിന്നും മാറി നിൽക്കുന്നവർക്കായി ക്നാനായ ദൈവാലയങ്ങൾക്ക് സമീപം മിഷൻ പള്ളികൾ സ്ഥാപിക്കണമെന്ന അനിൽ കിടങ്ങേറ്റിൽ പറമ്പിലിന്റെ നിർദ്ദേശം ക്നാനായ അസ്സോസിയേഷൻ തള്ളിക്കളഞ്ഞു. വൈദികരുടെ പ്രോവിഡന്റ് ഫണ്ടിനെ (PF) സംബന്ധിച്ച ചോദ്യത്തിന്, 2010 മുതൽ വിഹിതം അടയ്ക്കുന്നതിൽ കുടിശ്ശികയുണ്ടായിരുന്നുവെന്നും എന്നാൽ ഇപ്പോൾ 2022 വരെയുള്ള തുക അടച്ചുതീർത്തതായും ട്രസ്റ്റി വിശദീകരിച്ചു. ബാക്കിയുള്ള തുക എത്രയും വേഗം അടച്ചുതീർക്കുമെന്നും അദ്ദേഹം സഭയ്ക്ക് ഉറപ്പു നൽകി. അനുരഞ്ജന ചർച്ചകൾക്കായി നിയമിച്ച പത്തംഗ വൈദിക സമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട രാജൻ കുളമടയച്ചൻ വിശദീകരിച്ചു. സമുദായ മെത്രാപ്പോലീത്തയുമായും സഹായ മെത്രാന്മാരുമായും ക്നാനായ കമ്മിറ്റിയുമായും സമിതി ചർച്ചകൾ നടത്തിക്കഴിഞ്ഞു എന്നും, അനുരഞ്ജനത്തിനായി പുതിയൊരു പ്രൊപ്പോസൽ ഉടൻ തയ്യാറാക്കുമെന്നും അദ്ദേഹം അറിയിച്ചു. സമുദായ സെക്രട്ടറി ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിനെക്കുറിച്ചുള്ള ചോദ്യത്തിന് ട്രസ്റ്റി വിശദമായ മറുപടി നൽകി. പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി കേരളത്തിൽ എത്തിയത് സമുദായമോ സമുദായ മെത്രാപ്പോലീത്തയോ അറിയാതെയാണെന്നും, അദ്ദേഹം വള്ളംകുളം ചാപ്പലിൽ എത്തിയത് ആരുടെ ക്ഷണപ്രകാരമാണെന്ന് വ്യക്തമാക്കാനുമാണ് സെക്രട്ടറി കോടതിയെ സമീപിച്ചതെന്നും വിശദീകരിക്കപ്പെട്ടു. 'സമുദായ മെത്രാപ്പോലീത്ത' എന്ന പേരിൽ സഹായമെത്രാൻ ഗ്രീഗോറിയോസ് തിരുമേനി ആണ് എംബസിയിൽ അപേക്ഷ നൽകിയതെന്ന് കോടതിയെ ബോധ്യപ്പെടുത്തി. കോടതി ഉത്തരവിന് വിരുദ്ധമായി പ്രതിനിധി പ്രവർത്തിച്ചതിനാൽ കോടതി അലക്ഷ്യത്തിന് കേസ് നൽകിയെങ്കിലും, നോട്ടീസ് കൈപ്പറ്റാതെ അദ്ദേഹം മടങ്ങിപ്പോയതിനാൽ ആ കേസ് പിൻവലിച്ചതായും ട്രസ്റ്റി സഭയെ അറിയിച്ചു. തുടർന്ന് ഉച്ചഭക്ഷണത്തിനായി സഭ പിരിഞ്ഞു.

ഉച്ചഭക്ഷണത്തിനുശേഷം ചോദ്യം, തോട്ടക്കാട് കോളേജിൽ നിന്നും വരുമാനം ലഭിച്ചിട്ടുണ്ടോ എന്നതായിരുന്നു. കോളേജിൽ നിന്നും നിലവിൽ വരുമാനമൊന്നും ലഭിച്ചു തുടങ്ങിയിട്ടില്ലെന്നും എന്നാൽ അവിടെ നടത്തിയ കൈതക്കൃഷിയിൽ നിന്നുള്ള വരുമാനം 2022 മുതൽ കൃത്യമായി ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റിൽ ചേർത്തിട്ടുണ്ടെന്നും ട്രസ്റ്റി വിശദീകരിച്ചു. ഈ വർഷം കഴിഞ്ഞ വർഷങ്ങളേക്കാൾ ഉയർന്ന തുകയ്ക്കാണ് കൈതക്കൃഷിക്കായി കൊട്ടേഷൻ നൽകിയിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി. എഡേസ തോട്ടത്തിൽ റബർ വെച്ചുപിടിപ്പിക്കുന്നതിനായി നൽകിയ ടെണ്ടറിൽ, കൈതയുടെ വരുമാനം ഉൾപ്പെടെ റബർ ഒന്നിന് 150 രൂപ നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ട്രസ്റ്റി അറിയിച്ചു. തുടർന്ന് 2026-27 വർഷത്തെ സമുദായ ബഡ്ജറ്റ് പാസ്സാക്കുന്നതിനായി പ്രസിഡന്റ് അംഗങ്ങളുടെ അനുമതി തേടി. അംഗങ്ങൾ ഒന്നടങ്കം ഇതിനെ പിന്താങ്ങിയെങ്കിലും ബിനു കല്ലേമണ്ണിലും ടോമിൻ വാഴുവേലിയും ബഡ്ജറ്റിനോട് വിയോജിപ്പ് രേഖപ്പെടുത്തി. ഭൂരിഭാഗം അംഗങ്ങളുടെയും പിന്തുണയോടെ ബജറ്റ് പാസ്സായതായി പ്രസിഡന്റ് പ്രഖ്യാപിച്ചു.

അതിനുശേഷം സമുദായ സെക്രട്ടറി മറ്റു സമുദായ വിഷയങ്ങളിൽ അംഗങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകി. സമുദായത്തിന്റെ എല്ലാ വരുമാനങ്ങളും കൃത്യമായി കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അദ്ദേഹം ആമുഖമായി പറഞ്ഞു. സമുദായത്തെ അപമാനിക്കാനായി ചിലർ മനപ്പൂർവ്വം നുണപ്രചാരണങ്ങൾ നടത്തുകയാണെന്നും, കൃത്യമായ കണക്കുകൾ ഓഗസ്റ്റ് മാസത്തിലെ യോഗത്തിൽ അവതരിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു. അപ്പോൾ കണക്കുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സമുദായത്തിനുവേണ്ടി ആത്മാർത്ഥമായി അധ്വാനിക്കുന്ന കമ്മിറ്റിയെ തെളിവുകളില്ലാതെ പരസ്യമായി അപമാനിക്കുന്നത് ശരിയല്ലെന്നും അത് പ്രവർത്തിക്കുന്നവരെ തളർത്തുമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് അംഗങ്ങളുടെ ചോദ്യങ്ങളിലേക്ക് കടന്നു.

ശ്രീ. തമ്പി ചേലോടം രാമമംഗലത്തിന്റെ ചോദ്യ ത്തിന് ഉത്തരമായി, സമുദായത്തിൽ കൂടുതൽ കോർ എപ്പിസ്ക്കോപ്പാമാരെ വാഴിക്കണമെന്നും മെത്രാൻ സ്ഥാനത്തേക്ക് ആഗ്രഹമില്ലാത്ത പട്ടക്കാരെ റമ്പാൻമാരാക്കുന്ന കാര്യം സമുദായ മെത്രാപ്പോലീത്തായോട് ശുപാർശ ചെയ്യാമെന്നും തീരുമാനിച്ചു. സമുദായത്തിൽ 15 വൈദിക വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ സ്വന്തമായി വൈദിക കോളേജ് (സെമിനാരി) ആരംഭിക്കാമെന്ന വിവരം സഭയെ അറിയിച്ചു. സമുദായ ആസ്ഥാനത്തിന് മുൻപിലുള്ള ക്ലീമീസ് സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന ലിഫ്റ്റ് പൊളിച്ചു മാറ്റണമെന്നും, അതല്ല അതൊരു പുരാവസ്തുവായി നിലനിർത്തണമെന്നും രണ്ട് അഭിപ്രായങ്ങൾ യോഗത്തിൽ ഉയർന്നുവന്നു. അതിനാൽ ഈ വിഷയത്തിലുള്ള അന്തിമ തീരുമാനം പിന്നീട് എടുക്കുന്നതിനായി മാറ്റിവച്ചു. ശ്രീ. ജേക്കബ്കുട്ടി ഏബ്രഹാം വള്ളംകുളത്തിന്റെ ചോദ്യത്തിന് മറുപടിയായി, നിലവിൽ ആറ് വൈദിക വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും മൂന്നുപേർ പഠനം പൂർത്തിയാക്കിയതായും അറിയിച്ചു. സമുദായ മെത്രാപ്പോലീത്തായുടെ അനുവാദത്തോടെയാണ് ഇവർ പഠനം നടത്തുന്നത്. മെത്രാപ്പോലീത്തായുടെ അനുവാദമില്ലാതെ ആരെങ്കിലും വൈദിക കോളേജുകളിൽ പഠിക്കുന്നുണ്ടെങ്കിൽ ആ വിവരം അദ്ദേഹത്തെ അറിയിക്കണമെന്നും യോഗം തീരുമാനിച്ചു.

ശ്രീ.കെ.കെ ജോസഫ് ചാന്നാനിക്കാടിന്റെ ചോദ്യത്തിന് ഉത്തരമായി, സേവേറിയോസ് വിദ്യാഭ്യാസ നിധിയിൽനിന്നും കഴിഞ്ഞ വർഷം 40,15,000 രൂപ വിദ്യാർത്ഥികൾക്ക് സഹായമായി നൽകിയെന്ന് അറിയിച്ചു. ഈ ഇനത്തിൽ ഏകദേശം രണ്ട് കോടി രൂപയോളം കുടിശ്ശികയുണ്ട്. ഇടവകകളിൽനിന്നും ശുപാർശ ചെയ്യപ്പെട്ടവർ തങ്ങളുടെ കുടിശ്ശിക തുക എത്രയും വേഗം അടച്ചു തീർക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

ശ്രീ. പി.കെ. കുര്യൻ പാട്ടമ്പലത്തിന്റെ ചോദ്യത്തിന് മറുപടിയായി, 'ക്നാനായ സമുദായം' എന്ന പേരിൽ പുറത്തു നടത്തുന്ന ചാരിറ്റബിൾ സൊസൈറ്റിയുമായി ഔദ്യോഗിക സമുദായത്തിന് യാതൊരു ബന്ധവുമില്ലെന്നും അതിനെതിരെ നിയമനടപടികൾ ആരംഭിക്കുമെന്നും സഭയെ അറിയിച്ചു. കൂടാതെ, മോർ ഗ്രീഗോറിയോസ് തിരുമേനിയെ പരി. പാത്രിയർക്കീസ്ബാവാ 'മെത്രാപ്പോലീത്ത ഇൻ ചാർജ് -ക്നാനായ സമുദായം' എന്ന് അഭിസംബോധന ചെയ്യുന്നത് കോടതിയിൽ വീണ്ടും ചോദ്യം ചെയ്യുമെന്നും അറിയിച്ചു. അസ്സോസിയേഷൻ യോഗത്തിനിടെ ക്നാനായ സമുദായ മെത്രാപ്പോലീത്തയെ 'സസ്പെന്റഡ് മെത്രാൻ' എന്ന് അനിൽ കിടങ്ങേറ്റിപറമ്പിൽ പരസ്യമായി വിളിച്ചതിനെതിരെ ഒരു പ്രമേയം അവതരിപ്പിച്ചു. ക്നാനായ സമുദായത്തിനും, സമുദായ മെത്രാപ്പോലീത്തയ്ക്കും, സെക്രട്ടറിക്കും എതിരെ കോട്ടയം പ്രസ് ക്ലബ്ബിലും തിരുവല്ലയിലും പത്രസമ്മേളനങ്ങൾ നടത്തുകയും, തിരുമൂലപുരത്ത് വിഘടിത മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ചെയ്ത നടപടികളെ പ്രമേയം അപലപിച്ചു. കൂടാതെ, സമുദായത്തിന്റെ പേര് ദുരുപയോഗം ചെയ്ത് സമാന്തരമായി ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്ത് അംഗങ്ങളെ വഞ്ചിച്ചതായും പ്രമേയത്തിൽ ആരോപിച്ചു. ഈ സാഹചര്യത്തിൽ ക്നാനായ ഭരണഘടന 106 (സി) അനുസരിച്ച്. അസ്സോസിയേഷൻ അംഗങ്ങളായ റ്റിനു ഏബ്രഹാം തോട്ടുപുറത്തിനെയും അനിൽ കെ. മാത്യു കിടങ്ങേറ്റി പറമ്പിലിനെയും അസ്സോസിയേഷനിൽ നിന്നും സസ്പെൻഡ് ചെയ്യാനുള്ള പ്രമേയം അസ്സോസിയേഷൻ പാസ്സാക്കി.

പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി വള്ളംകുളത്തെ സമുദായ ആസ്ഥാനത്തോ തിരുമൂലപുരത്തോ സന്ദർശനം നടത്തിയത് ക്നാനായ സമുദായത്തിന്റെ അറിവോ സമ്മതമോ കൂടാതെയായതിനാലാണ് അതിനെതിരെ കോടതിയിൽ കേസ് നൽകേണ്ടി വന്നതെന്ന് യോഗത്തെ അറിയിച്ചു. കൂടാതെ, പാത്രീയർക്കീസ്ബാവ മഞ്ഞനിക്കരയിൽ എത്തിയപ്പോൾ സമുദായ മെത്രാപ്പോലീത്തയെ ഔദ്യോഗികമായി ക്ഷണിച്ചിരുന്നില്ല എന്ന വിവരവും സഭയെ അറിയിച്ചു.

ശ്രീ. കുഞ്ഞുമോൻ ഏബ്രഹാം ആലഞ്ചേരിയുടെ ചോദ്യത്തിന് ഉത്തരമായി, സമുദായത്തിന്റെ ഔദ്യോഗിക നാമം 'മലങ്കര സുറിയാനി ക്നാനായ സമുദായം' എന്നാണെന്നും ഇക്കാര്യം ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷനെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി വ്യക്തമാക്കി. സമുദായത്തിന് സ്വന്തമായി ഒരു വെബ്സൈറ്റ് ഉടൻ ആരംഭിക്കുമെന്നും അതിൽ സമുദായ അംഗങ്ങൾക്കായി മാട്രിമോണിയൽ സൗകര്യം ഉൾപ്പെടുത്തുമെന്നും സഭയെ അറിയിച്ചു. മറ്റൊരു ചോദ്യത്തിനു മറുപടിയായി, വൈദികർക്ക് ഇടക്കാല ആശ്വാസമായി 10% ശമ്പള വർദ്ധനവ് നൽകാനും ഇതിനായി പള്ളികളുടെ വിഹിതത്തിൽ 10% വർദ്ധനവ് വരുത്താനും തീരുമാനിച്ചു. കൂടാതെ, വിരമിച്ചശേഷം കുർബ്ബാന അർപ്പിക്കുന്ന വൈദികർക്ക് 500 രൂപ വീതം അലവൻസ് നൽകാനുള്ള കമ്മിറ്റി തീരുമാനം അസ്സോസിയേഷൻ അംഗീകരിച്ചു. 'ക്നാനായ ഗ്ലോബൽ പാർലമെന്റ്' എന്ന സംഘടനയ്ക്ക് ഔദ്യോഗികമായി സമുദായവുമായി ബന്ധമില്ലെന്നും

എന്നാൽ സമുദായ അംഗങ്ങൾ അതിൽ ഭാരവാഹികളായും അംഗങ്ങളായും പ്രവർത്തിക്കുന്നുണ്ടെന്നും യോഗം അറിയിച്ചു. 'ഗ്ലോബൽ ക്നാനായ വിമൻസ് ഫോറം' (GKWF) എന്ന സംഘടന നിലവിലുണ്ടെന്നും അവർ സമുദായത്തിനായി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിച്ചു. അവരുടെ ബൈലോ (By-law) ലഭ്യമാകുന്ന മുറയ്ക്ക് അസ്സോസിയേഷൻ അത് അംഗീകരിക്കും. എന്നാൽ കഴിഞ്ഞ ദിവസം തിരുമൂലപുരത്ത് നടന്ന സമ്മേളനം സമുദായത്തിന്റെ അനുമതിയില്ലാതെയാണ് സംഘടിപ്പിച്ചതെന്നും വ്യക്തമാക്കി.

ശ്രീ. ജേക്കബ് തോമസ് ഇടവഴിക്കൽ (ബോസ്റ്റൺ) ഉന്നയിച്ച നിർദ്ദേശത്തിന് മറുപടിയായി, കായിക രംഗത്ത് മികവ് തെളിയിക്കുന്ന സമുദായത്തിലെ കുട്ടികൾക്കായി, 'ക്നാനായ കായിക അവാർഡ്' നൽകാൻ തയ്യാറാണെന്ന് അറിയിച്ചു. ക്നാനായ സമുദായത്തെ ന്യൂനപക്ഷങ്ങൾക്കിടയിലെ ന്യൂനപക്ഷമായി (Minority within Minority) പരിഗണിക്കണമെന്ന് ജെ.ബി. കോശി കമ്മീഷനോട് ആവശ്യപ്പെട്ടതായും സഭയെ അറിയിച്ചു. സമുദായത്തിൽ നിന്ന് മാറി സമാന്തരമായി പള്ളികൾ സ്ഥാപിച്ചു പോയവർക്ക്, തെറ്റുകൾ തിരുത്തി തിരികെ വരുവാൻ ഒരു അവസരം കൂടി നൽകാനും അസ്സോസിയേഷൻ തീരുമാനിച്ചു. അമേരിക്കൻ വിഷയത്തിൽ മുൻപ് പലതവണ തീരുമാനങ്ങൾ എടുത്തതാണെന്നും ആവർത്തിച്ച് പ്രമേയങ്ങൾ പാസ്സാക്കുന്നതിൽ പ്രസക്തിയില്ലെന്നും സെക്രട്ടറി മറുപടി നൽകി. എങ്കിലും ഇതുമായി ബന്ധപ്പെട്ട ശ്രീ. സുരേഷ് വാഴക്കൽ, ശ്രീ. ലിജു ഏബ്രഹാം (യു.എസ്.എ.) എന്നിവർ അവതരിപ്പിച്ച പ്രമേയം അസ്സോസിയേഷൻ ചർച്ച ചെയ്തു.

2025 ഏപ്രിൽ 29 –ന് കൂടിയ അസ്സോസിയേഷൻ യോഗം സഹായ മെത്രാന്മാരെ ദൈവാലയങ്ങളിൽ പ്രവേശിപ്പിക്കരുതെന്ന് പ്രമേയം പാസ്സാക്കിയിരുന്നു. എന്നാൽ സമുദായ മെത്രാപ്പോലീത്ത ആ പ്രമേയം പുനഃപരിശോധനയ്ക്കായി തിരിച്ചയച്ചു. സമുദായത്തിലെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിച്ച് സമാധാനം പുനഃസ്ഥാപിക്കുന്നതുവരെ, സമുദായ മെത്രാപ്പോലീത്തായുടെ പ്രത്യേക അനുവാദം വാങ്ങി മാത്രമേ സഹായ മെത്രാന്മാർ ഞായറാഴ്ചകളിലും പെരുന്നാൾ ദിവസങ്ങളിലും ദൈവാലയങ്ങളിൽ ശുശ്രൂഷകൾ നടത്താവൂ എന്ന് പുതിയ പ്രമേയത്തിൽ ഭേദഗതി വരുത്തി. മെത്രാപ്പോലീത്തായുടെ കല്പന ലംഘിക്കുന്ന വൈദികരെയും ഈ നിയന്ത്രണത്തിൽ ഉൾപ്പെടുത്തണമെന്ന അംഗങ്ങളുടെ ആവശ്യം അംഗീകരിച്ച് ഭേദഗതികളോടെ പ്രമേയം അസ്സോസിയേഷൻ പാസ്സാക്കി. ശ്രീ. രഞ്ജിത്ത് ഫിലിപ്പ് ഇടവഴിക്കലിന്റെ ചോദ്യത്തിന് മറുപടിയായി, സൺഡേസ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ പുതിയ സിലബസ് നടപ്പിലാക്കാൻ അസ്സോസിയേഷൻ തീരുമാനമെടുത്തു. മറ്റൊരു ചോദ്യത്തിന് ഉത്തരമായി, ക്നാനായ അസ്സോസിയേഷൻ എടുക്കുന്ന തീരുമാനങ്ങൾ സമുദായ മെത്രാപ്പോലീത്ത അംഗീകരിച്ചു കഴിഞ്ഞാൽ, ആ തീരുമാനങ്ങൾ മാറ്റാനോ ഭേദഗതി ചെയ്യാനോ ഉള്ള അധികാരം അസ്സോസിയേഷന് മാത്രമായിരിക്കുമെന്നും വ്യക്തമാക്കി.

റാന്നി വലിയപള്ളിക്കും കുറ്റൂർ പള്ളിക്കും എതിരെ എൻഡോഗാമി (Endogamy) സംബന്ധിച്ച് രണ്ട് കേസുകൾ നിലവിലുണ്ടെന്ന് സഭയെ അറിയിച്ചു. ഇത്തരം കേസുകൾ ശക്തമായി നേരിടുന്നതിനായി 2024-ൽ ഭരണഘടനയിൽ ഭേദഗതി വരുത്തിയിരുന്നു. എന്നാൽ സഹായ മെത്രാന്മാർ അതിനെതിരെ കോടതിയിൽ നിന്ന് സ്റ്റേ വാങ്ങിയിരിക്കുകയാണെന്ന വിവരവും സഭയെ അറിയിച്ചു. ശ്രീ. തോമസ്കുട്ടി തേവരുമുറിയിൽ, ശ്രീ. ആലിച്ചൻ ആറൊന്നിൽ, ശ്രീ. സാബു കണ്ണാട്ടിപുഴയിൽ എന്നിവർ ചേർന്ന് വൈദികരുടെ കുറവ് പരിഹരിക്കുന്നത് സംബന്ധിച്ച് ഒരു പ്രമേയം അവതരിപ്പിച്ചു. ക്നാനായ ഭരണഘടന 91-ാം വകുപ്പ് അനുസരിച്ച്, സമുദായ മെത്രാപ്പോലീത്ത കല്പന അയച്ച് പള്ളി പൊതുയോഗങ്ങൾ വിളിച്ചു ചേർക്കണം. പൊതുയോഗം വഴി അർഹരായ വൈദിക വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് അയക്കുകയും, ഇവർക്ക് ശെമ്മാശപട്ടം മുതൽ എല്ലാ പട്ടങ്ങളും സമുദായ വലിയ മെത്രാപ്പോലീത്ത തന്നെ നൽകണമെന്നും വ്യവസ്ഥ ചെയ്യുന്ന പ്രമേയം അസ്സോസിയേഷൻ ഏകകണ്ഠേന പാസ്സാക്കി. സമുദായത്തിൽ പുതുതായി പട്ടം ഏൽക്കുന്നതിന് മുമ്പായി വൈദികർക്ക് ഒരു വർഷത്തെ ഇന്റേൺഷിപ്പ് (Internship) നിർബന്ധമാക്കാൻ യോഗം തീരുമാനിച്ചു. ശ്രീ. ബാബു ആനയാറ്റിലും അഡ്വ. സന്ദീപ് ഏബ്രഹാം താമരപ്പള്ളിയും അവതരിപ്പിച്ച പ്രമേയപ്രകാരം, സമുദായത്തിന്റെ നാമം 'മലങ്കര സുറിയാനി ക്നാനായ സമുദായം' എന്നു മാത്രമായി നിജപ്പെടുത്താൻ തീരുമാനിച്ചു. ശ്രീ. രഞ്ജിത്ത് പണിക്കർ, അലക്സാണ്ടർ എന്നിവർ കൊണ്ടുവന്ന പ്രമേയത്തിലൂടെ, കാലം ചെയ്ത അഭി. ദിയസ്ക്കോറോസ് തിരുമേനിയുടെ ഫോട്ടോകൾ സമുദായ സ്ഥാപനങ്ങളിൽ സ്ഥാപിക്കാനും തീരുമാനമായി. പ്രഥമ മെത്രാപ്പോലീത്ത അഭി. ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെയും മോർ ക്ലീമീസ് തിരുമേനിയുടെയും ശ്രാദ്ധപ്പെരുന്നാളുകൾ സമുദായ മെത്രാപ്പോലീത്തയുടെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബ്ബാനയോടും മറ്റ് അനുസ്മരണ പരിപാടികളോടും കൂടി സമുദായ നേതൃത്വത്തിന്റെ പങ്കാളിത്തത്തോടെ നടത്താനും തീരുമാനിച്ചു. ക്നാനായ സമുദായ മെത്രാപ്പോലീത്തായോടുള്ള കൂറും വിശ്വാസവും രേഖപ്പെടുത്തികൊണ്ട് അദ്ദേഹത്തിന്റെ പേരിൽ ഒരു വിശ്വാസപ്രമേയം അസ്സോസിയേഷൻ ഏകകണ്ഠേന പാസ്സാക്കി. കൂടാതെ, ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരെ വിശുദ്ധനായി പ്രഖ്യാപിക്കാനുള്ള നടപടികൾക്കായി സമുദായ മെത്രാപ്പോലീത്തയോട് ശുപാർശ ചെയ്യാനും തീരുമാനിച്ചു. ശ്രീ. അനു പാടകശേരിയുടെ ചോദ്യത്തിന് മറുപടിയായി, ക്ലീമീസ് സ്കൂൾ പ്രിൻസിപ്പലിനെതിരെ വ്യാജ ലഘുലേഖ സോഷ്യൽ മീഡിയവഴി പ്രചരിപ്പിച്ച സംഭവത്തിൽ റ്റിനു ഏബ്രഹാം തോട്ടുപുറത്ത് ക്ഷമ ചോദിച്ചതായും പ്രസ്തുത പോസ്റ്റ് ഡിലീറ്റ് ചെയ്തതായും അറിയിച്ചു. കൂടാതെ 'ക്നാനായ സമുദായം' എന്ന ഫേസ്ബുക്ക് പേജിന്റെ അമേരിക്കയിലുള്ള അഡ്മിൻ ഏബ്രഹാം കോടത്തിനെ അമേരിക്കൻ പോലീസ് ചോദ്യം ചെയ്ത വിവരവും സഭയെ അറിയിച്ചു. നസ്രേത്ത് ആശ്രമത്തിന്റെ ഭേദഗതി ചെയ്ത (Amended) ക്ലോസുകൾ ചർച്ചകൾക്ക് ശേഷം യോഗം പാസ്സാക്കി. ദൈവാലയങ്ങൾ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പാൻകാർഡുകൾ (Pan Card) തുടർന്നും ഉപയോഗിക്കാവുന്നതാണ്. എന്നാൽ സമുദായത്തിന്റെ പാൻ കാർഡ് ഉപയോഗിക്കാൻ താല്പര്യമുള്ള ഇടവകകൾക്ക് സമുദായം നൽകുന്ന ഫോർമാറ്റ് അനുസരിച്ച് പാൻകാർഡ് എടുക്കാവുന്നതാണ്. അത്തരം ഇടവകകൾ തങ്ങളുടെ കണക്കുകൾ എല്ലാ വർഷവും ജൂൺ 30-നകം ഓഡിറ്റ് ചെയ്ത് സമുദായ ഓഫീസിൽ ഏല്പിക്കണമെന്നും തീരുമാനിച്ചു. അസ്സോസിയേഷനിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും സമുദായ സെക്രട്ടറി നന്ദി രേഖപ്പെടുത്തി. വൈകുന്നേരം 5 മണിക്ക് പ്രാർത്ഥനയോടുകൂടി യോഗം സമാപിച്ചു. അസ്സോസിയേഷൻ നടപടികളെക്കുറിച്ച് കൂടുതൽ വിശദമായി അറിയാൻ ആഗ്രഹിക്കുന്നവർക്ക് സമുദായത്തിന്റെ ഒഫീഷ്യൽ ചാനലായ 'MSKS മീഡിയ'യിൽ ലഭ്യമായ ലൈവ് വീഡിയോ കാണാവുന്നതാണ്.

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി



## *50th Wedding Anniversary*

26-04-2026

## C.A. Mathew (Monai) & Babykutty Mathew

**Kulamadayil, Ranny**

Prayers and Best Wishes from:
Sini and Biju, Siji and Lijo
Simi and Ajo

Advt - R

## *50th Wedding Anniversary*

16-05-2026



## T.K. Mathew & Sosamma Mathew (Susamma)

**Vackamattathil House, Chengalam**

*പ്രാർത്ഥനാപൂർവ്വം ആശംസകളോടെ...*

Roshan, Rosmin, Sinitha, Jasmine, Alfin, Rithul, Alna & Rona

Advt -O

## Happy 1st Wedding Anniversary



## Reenu Mathew & Alvin Abraham

**Velukizhakethil, Ranni**

Best wishes and Prayers from
Pappa, Amma and Anet

Advt - O

## Celebrating 50 Years of Marriage



## Jolly Scariah & Scariah M.M.

**Marangattu House, Vakathanam**

*ഇത്രത്തോളം നടത്തിച്ച ദൈവത്തിന് നന്ദി*

*Love and Prayers from Childrens & Grand Children*

Advt - O

## 40th Wedding Anniversary

20-04-2026



## K.U. Raju & Jessy Raju

**Kalayil (H), Kuzhimattom**

*ഇതുവരെ കാത്ത് പരിപാലിച്ച ദൈവത്തിന് സ്തോത്രം ആശംസകളോടെ*

മക്കൾ- ജിക്കു, ചിഞ്ചു, അലീന, സോബു
കൊച്ചുമക്കൾ-ജെറോൺ, ജെറിക്ക്, ജെനിയ, ലിയാം, ലിയോൺ

Advt -O

## മലങ്കര സുറിയാനി ക്നാനായ സമുദായം വി.ബി.എസ് സമാപന സമ്മേളനം



മലങ്കര സുറിയാനി ക്നാനായ സമുദായം വി.ബി.എസ് സമാപന സമ്മേളനം ചിങ്ങവനം സെന്റ് ജോൺസ് പുത്തൻ പള്ളിയിൽ 18/4/2026 ശനിയാഴ്ച 11 am ന് ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. Fr. ജേക്കബ് കല്ലുകുളം, Fr. A.P. ജേക്കബ് ആഞ്ഞിലിമൂട്ടിൽ, Fr. ബിബി എബ്രഹാം കിഴക്കേമുറിയിൽ, ശ്രീ പി. കെ. കുര്യാക്കോസ് പുതിയാപറമ്പിൽ എന്നിവർ പ്രസംഗിച്ചു. വർണ്ണ ശബളമായ റാലിയും വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

## വിവാഹിതരായി



ചിങ്ങവനം സെൻ്റ് ജോൺസ് ദയറാപ്പള്ളി ഇടവകയിൽ മൂഴിപ്പാറ N.U. അനിയന്റെയും ജോളി അനിയന്റെയും മകൻ **റ്റിജു അനിയനും** ചിങ്ങവനം സെൻ്റ് മേരീസ് ശാലേം പള്ളി ഇടവകയിൽ കല്ലുകുളം Fr. ജേക്കബ് കുട്ടിയുടെയും റ്റിഷ ജേക്കബിന്റെയും മകൾ **കെസിയാ ചിന്നു ജേക്കബും** തമ്മിൽ 09/4/2026 ൽ ചിങ്ങവനം സെൻ്റ് ജോൺസ് ദയറാ പള്ളിയിൽ വിവാഹിതരായി




പുതുതായി തിരഞ്ഞെടുക്കപ്പെട്ട വനിതാസമാജം കേന്ദ്ര ഭാരവാഹികൾ ക്നാനായ **സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ്** തിരുമേനിയോടൊപ്പം

## 2026–2029 കേന്ദ്ര വനിതാ സമാജം ഭാരവാഹികൾ


എക്സ് ഒഫീഷ്യോ പ്രസിഡന്റ് ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ


പ്രസിഡന്റ് റവ.സി. മരിയ


വൈസ് പ്രസിഡന്റ് ശ്രീമതി ജയ ജേക്കബ് മറ്റക്കാട്ട്


ജനറൽ സെക്രട്ടറി ശ്രീമതി ഷീബ ജോസഫ് ആലഞ്ചേരിൽ


ജോ. സെക്രട്ടറി ശ്രീമതി മിനിമോൾ കെ. ഐ. തുണ്ടിയിൽ


ട്രസ്റ്റി ശ്രീമതി ഷീബ സ്റ്റാൻലി വാഴുവേലിൽ


ഓഡിറ്റർ ശ്രീമതി ദീനാമ്മ ഏബ്രഹാം നെടുന്തറമല


St. Ignatious Knanaya Church
Toronto, Canada
Managing Committee 2026-2027
President
Fr. Seethal Abraham
Manimalethu
Ranni Valiyapally
Vice President
Roney Abraham
Thompumannil
Ranni Valiyapally
Secretary
Moncy Thomas
Kunnumpurathu
Kottayam Valiyapally
Trustee
Saju Kurian
Nalcheril
Kottayam Valiyapally
Committee Members
Jiju Thomas
Paranickal
Ranni Valiyapally
Edwin Sajan
Nechuvelil
St. Mary's Kattod
Shibu Abraham
Njaliyakuzhiyil
St. Simon's
Vakathanam
Kiran Punnoose
Punnucheril
Dayara Church,
Chingavanam
Kuruvilla Jacob
Nediyuzhathil
Valiyapally, Kallissery
(Sunday School)
(Vanitha Samajam)
Auditor
Abraham Cherian
Memanakkalekal
Ozhuvanpara, Ranni
(Principal)
Shone Boban
Pazhoor
Mar Thomman Church
Kumily
(Vice Principal)
Asha Somon
Kondoor
Dayara Church,
Chingavanam
(Secretary)
Alka Ashok
Chandanapallil
St. Kuriakose Church,
Ranni
(Trustee)
Anuja Linson
Kaitharam
Puthanpally,
Chingavanam
Ecumenical Representitives
Habel Kurian
Nedumtharayil
St. Mary's Thiruvanvandoor
Ashley Jacob
Thinamkalayil
St. Mary's Thengeli
Men's Fellowship
Chikku Joseph
Kanjirappallil
Dayara Church,
Chingavanam
Robin Kuriakose
Pazhayapeedikayil
St. John's Thuruthicad
Advt - O

## മലങ്കര സുറിയാനി ക്നാനായ അസോസിയേഷൻ ബഡ്ജറ്റ് സമ്മേളനം ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ



സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ കമ്മിറ്റി അംഗങ്ങളായ തോമസ്കുട്ടി തേവരുമുറിയിൽ, സജി താന്നിക്കൽ, ലിനു വരാത്ര, വൈദിക ട്രസ്റ്റി ഫാ. എം. സി. സക്കറിയാ മധുരംകോട്ട്, ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ, അസോസിയേഷൻ പ്രസിഡന്റ് ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരി, ഫാ. നോബിൻ തോമസ് ഇളകുറ്റൂർ, രാജു വള്ളപുരയ്ക്കൽ, ആലിച്ചൻ ആറൊന്നിൽ, റെൻജു കോഴിമറ്റം, സാബു കണ്ണാട്ടിപ്പുഴ എന്നിവർ സമീപം.

## 'ക്നാനായ യൂത്ത് കണക്ട് 2026'





ഗ്ലോബൽ ക്നാനായ വിമെൻസ് ഫോറവും ക്നാനായ സമുദായവും സംയുക്തമായി സംഘടിപ്പിച്ച രണ്ടാമത് 'ക്നാനായ യൂത്ത് കണക്ട് 2026' ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ വികാരി ജനറാൾ ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരിൽ, വൈദിക ട്രസ്റ്റി ഫാ. എം.സി.സക്കറിയ മധുരംകോട്ട്, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, ഫാ. ജേക്കബ് കുട്ടി കലുക്കുളം, മഞ്ജു ഏബ്രഹാം വലിയപാറയിൽ, ജയ ജേക്കബ് മറ്റക്കാട്ട്, ഷീബ ജോസഫ് ആലംചേരിൽ, സേബ സാബു പുതുച്ചിറ, മോളി ഏബ്രഹാം കൈപ്പുഴ കൊച്ചുപറമ്പിൽ, സ്മിത സിജി, ലിജോ ജോസ് തെക്കേടത്ത്, അൽമാ സാനു എന്നിവർ സമീപം.

## 10–ാം ചരമവാർഷികം
29 - 04 - 2026



### സണ്ണി ഏബ്രഹാം
കല്ലംപറമ്പിൽ, റാന്നി, (Boston)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 10th Years of Remembrance
15 / 05 / 26



### M. C. Chacko
Palakudy- Madackal (H),
Pallom PO

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 17–ാം ചരമവാർഷികം
25–05–2026



### ഇ. എ. ഏബ്രഹാം
(കുഞ്ഞച്ചൻ)
(Rtd. Water Authority Engineer)

## 8–ാം ചരമവാർഷികം
18–12–2026



### ചിന്നമ്മ ഏബ്രഹാം

ഇടയാടിയിൽ
പാവുക്കര, മാന്നാർ

## 4–ാം ചരമവാർഷികം
22–08–2026



### കെ. ജെ. ഏബ്രഹാം (ഷാജി)
(Rtd. RBI Asst. Manager)

കുനിയാടത്ത്, എറണാകുളം

Sorrowing Family

Advt - O


40th Day of Demise
20.05.2026
Kurian Mathew (Jagamon) (63)
Vechuparampil, Vakathanam
Romans 8:11

Advt - R

**3–ാം ചരമവാർഷികം**

25 - 05 - 2026



## SARAMMA THOMAS

**Mulamoottil, Kuttoor**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

**22–ാം ചരമവാർഷികം**
28–04–2026

**10–ാം ചരമവാർഷികം**
22–05–2026



**കെ.എ. മാത്യു  കുഞ്ഞമ്മ മാത്യു**

കളത്തിപ്പറമ്പിൽ, കിളിരൂർ,
കോട്ടയം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - G

**40–ാം ചരമദിനം**

31–05–2026



**സി.കെ. ജോൺ (96)**
**(കുഞ്ഞൂഞ്ഞുകുട്ടി)**
**അട്ടിയിൽ, പള്ളം, ചിങ്ങവനം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*Children, Children in laws,*
*Grand Children, Great*
*Grand Children*

Advt -O

**1 – ാം ചരമവാർഷികം**

20-05-2026



**കെ. കുറിയാക്കോസ്**

കല്ലൂപറമ്പിൽ, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O



സുനിൽ ഡി. കുരുവിള

# കരിയർ : എടുത്തുചാട്ടം വേണ്ട!
## GOOD GUIDANCE HELPS!

CBSE പത്താംക്ലാസ് റിസൾട്ട് വന്നു. +2 റിസൾട്ട് എല്ലാം ഇപ്പോൾ വരും. ജയിച്ച കുട്ടികളെ അമിതമായി ആഘോഷിച്ചു കുഴപ്പത്തിൽ ആക്കരുത്.

മാർക്ക് കൂടുതൽ കിട്ടിയവരും കുറവ് കിട്ടിയവരും ഉണ്ടാകും. വിദ്യാഭ്യാസം തുടങ്ങിയിട്ടേയുള്ളു. അടുത്ത സ്റ്റെപ്പ് വളരെ ആലോചിച്ച് എടുക്കുക. എല്ലാവരും സയൻസ് പഠിക്കേണ്ട. എല്ലാവരും ഡോക്ടർ, എഞ്ചിനീയർ അല്ല. മാറുന്ന ലോകത്ത് തൊഴിൽ രംഗത്തും വലിയ മാറ്റങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. കുട്ടികളുടെ അഭിരുചി, കഴിവ്, വ്യക്തിത്വം ഒക്കെ പരിഗണിക്കണം. അവനവന്റെ സാമ്പത്തിക നിലയൊക്കെ തിരിച്ചറിഞ്ഞ് മാത്രം തീരുമാനങ്ങൾ എടുക്കണം.

മിന്നുന്നതെല്ലാം പൊന്നല്ല!

**ഓരോ കുട്ടിയുടെയും പ്രാപ്തി എന്താ?**

എവിടെ പഠിക്കണം എങ്ങനെ പഠിക്കണം എന്തെല്ലാം നൈപുണ്യങ്ങൾ വളർത്തണം ഏതെല്ലാം പരീക്ഷകൾ എഴുതണം എങ്ങനെ തയ്യാറാക്കണം..

നല്ല career guidance വലിയ ഗുണം ചെയ്യും. ട്യൂഷനും കോച്ചിംഗും ഒക്കെ തുടങ്ങും മുൻപ് നല്ല career guidance എടുക്കുക. കാര്യങ്ങൾ നന്നായി മനസ്സിലാക്കുക. ചതിക്കുഴികളിലും പ്രലോഭനങ്ങളിലും വീഴാതിരിക്കുക... വൈകാരികമായല്ല, ജ്ഞാനം കൊണ്ട് ഭാവിയെ ഒരുക്കാം!

**"സാർ ഇപ്പോൾ എന്തിനാണ് സ്കോപ്പ്?"**

സാധാരണയായി നമ്മുടെ നാട്ടിൽ കരിയർ രംഗത്ത് കേൾക്കുന്ന ഒരു ചോദ്യമാണ്? ഒരു പക്ഷെ ഈ ഒരു വാക്ക് ആണ് എല്ലാ തട്ടിപ്പുകാരും convenient ആയി ഉപയോഗിക്കുന്നത്. യഥാർത്ഥത്തിൽ SCOPE അങ്ങനെ ഒരു കാര്യം ഇല്ല. ഒരു ഉദാഹരണം പറഞ്ഞാൽ കമ്പ്യൂട്ടർ രംഗത്ത് സ്കോപ്പ് ഉണ്ട് എന്ന് കരുതുക. ധാരാളം ആൾക്കാർ കമ്പ്യൂട്ടർ രംഗത്തേക്ക് പഠിക്കാൻ വന്നാൽ അതോടുകൂടി ആ രംഗത്ത് supply ക്രമാതീതമായി കൂടും.. supply കൂടുമ്പോൾ demand കുറയും. അപ്പോൾ long term ൽ ഒരു രംഗത്തും വലിയ demand നിലനിൽക്കുകയില്ല. ഏറ്റവും മികച്ചവർക്കു മാത്രമായിരിക്കും scope ഉണ്ടാവുക.

ഓരോ കാലത്തും ഓരോ മേഖലയിൽ ആള് കുറയുമ്പോൾ 'scope' ഉണ്ട് എന്ന് പറയും.. എല്ലാം താൽക്കാലികം മാത്രം. ഇന്ന് നേഴ്സിംഗ് രംഗം ഇതിന്റെ പരിണിതഫലം അറിഞ്ഞു തുടങ്ങി. ഏറ്റവും മികച്ചവർക്ക് മാത്രമേ നല്ല ജോലിയുള്ളൂ!

**"Entrance കോച്ചിങ്ങ് repeat ചെയ്യുന്നത് നല്ലതാണോ?"**

പല കുട്ടികളുടെയും സംശയമാണ്. നിങ്ങൾ medicine, IIT പോലുള്ള ഏറ്റവും കടുപ്പമേറിയ രംഗത്തൊക്കെ പോകാൻ ആഗ്രഹിക്കുന്നെങ്കിൽ entrance കോച്ചിംഗ് repeat ചെയ്യുന്നതിൽ തകരാറില്ല. എങ്കിലും നമ്മൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്.

നമ്മൾ പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന വിദ്യാർത്ഥിയാണോ? കൂടുതൽ അറിയാനും പഠിക്കാനും മനസ്സിലാക്കാനും ഇഷ്ടമാണോ?

എൻട്രൻസ് കോച്ചിംഗിന്റെ കാഠിന്യം ഏറ്റെടുക്കാനും ഒരു വർഷത്തോളം ആ motivation നിലനിർത്താനും തയ്യാറാണോ? ഇനി ഉദ്ദേശിക്കുന്ന കോഴ്സ് repeat ചെയ്തിട്ടും ലഭിച്ചില്ലെങ്കിൽ നിരാശപ്പെടാതെ മുൻപോട്ടു പോകാൻ കഴിയുമോ? ആഗ്രഹിച്ച കോഴ്സ് കിട്ടാതെ വന്നാൽ മറ്റു കരിയർ പ്ലാനുകൾ മനസ്സിൽ കണ്ടിട്ടുണ്ടോ? ഏറ്റവും മികച്ച സ്ഥാപനങ്ങൾ തന്നെ coaching നു തിരഞ്ഞെടുക്കുക. ഇനി എത്ര നല്ല സ്ഥാപനമാണെങ്കിലും അവനവന്റെ കഠിനാദ്ധ്വാനത്തിന്റെ വെളിച്ചത്തിൽ മാത്രമാകും ഫലം ഉണ്ടാവുക.

മെഡിസിൻ opportunities തരും എന്ന് കരുതി ആരും ഇനി മെഡിക്കൽ പ്രൊഫഷനിലേക്കു വരാതിരിക്കുക.

നിങ്ങൾക്ക് മെഡിസിനോട് വലിയ താല്പര്യവും പാഷനും അഭിരുചിയും ഉണ്ടെങ്കിൽ മാത്രം പോവുക. പണമോ സ്റ്റാറ്റസോ സുഖമോ അന്വഷിച്ചു ഇനി ആരും പോകേണ്ടതില്ല.

വലിയ അദ്ധ്വാനവും commitment ഉം വർഷങ്ങളുടെ പഠന പരിശ്രമവും വേണ്ടിവരും മെഡിക്കൽ രംഗത്ത് ഒരു കരിയർ രൂപപ്പെടാൻ. എ ഐ/റോബോട്ടിക് മേഖലയിൽ നിന്ന് വലിയ വെല്ലുവിളിയും ഭാവിയിൽ പ്രതീക്ഷിക്കാം.

**"സാർ ACCA ആണോ CA ആണോ നല്ലത്?"**

CA യുടെ നിലവാരവും മികവും ഭാവിയും CA ക്കു മാത്രമേ ലഭിക്കൂ. CA പഠനം കഠിനമാണ്. എന്നാൽ വിജയിച്ചാൽ വലിയ opportunity ആണ് ലഭിക്കുക. ACCA വിദേശ

കോഴ്സാണ്. അതുകൊണ്ടു തന്നെ private മേഖലയിലും വിദേശ സ്ഥാപനങ്ങളിലും ഒക്കെയാവും ജോലി ലഭിക്കാൻ അവസരം ഉണ്ടാവുക. ACCA പഠിച്ചാൽ വിദേശത്തു ജോലി ലഭിക്കും എന്നൊന്നും കണ്ണും അടച്ചു വിശ്വസിക്കേണ്ട. തുടക്കത്തിൽ ഒരു entry കിട്ടാനും experience കിട്ടാനുമൊക്കെ പ്രയാസമാണ്. പിന്നീട് നിങ്ങളുടെ കഴിവുപോലെ മാത്രമായിരിക്കും career സാദ്ധ്യതകൾ. എന്നാൽ CA വിജയശതമാനം കുറവായതുകൊണ്ട് ജയിച്ചാൽ ഉടൻതന്നെ മികച്ച അവസരങ്ങൾ ലഭിക്കും. കുറച്ചു വർഷത്തെ experience നേടിക്കഴിഞ്ഞാൽ സ്വന്തമായി practice ചെയ്യാം. experience ഉള്ളവർക്ക് വിദേശത്തും വലിയ ഡിമാന്റ് ആണ്. കണക്കിന് മിടുക്കരായ ആർക്കും ഈ രംഗത്തേക്ക് കടന്നുവരാം.

**"കണക്കു പഠിച്ചാൽ സാധ്യതയുണ്ടോ?"**

തീർച്ചയായും. കണക്കിന് മിടുക്കുള്ള കുട്ടികൾക്ക് engineering പഠനത്തിന് പോകണം എന്ന് നിർബന്ധമില്ല. കണക്കിൽ degree എടുത്താൽ Statistics, economics, software, Artificial intelligence, data science, banking, insurance, stock market, accounting, finance, management മുതലായ മേഖലകളിൽ ഒക്കെ ഉന്നതപഠനം നടത്തുകയോ തൊഴിൽ നേടുകയോ ചെയ്യാൻ കഴിയും.

ജിയോളജി, cost accounting, company secretary, LLB ഒക്ക നല്ല തൊഴിൽ അവസരങ്ങൾ നൽകുന്ന മേഖലകൾ ആണ് എന്ന് വിചാരിച്ചു എല്ലാവർക്കും എല്ലാ രംഗവും ചേരില്ല. അവനവന് ചേരുന്ന മേഖലയിൽ മാത്രം പോവുക!

**പഠിക്കാൻ വലിയ കഴിവില്ല/ താല്പര്യമില്ല-** അങ്ങനെയുള്ളവർ ഏതെങ്കിലും trade പഠിക്കുന്നത് വലിയ ഗുണം ചെയ്യും. ഇന്ത്യയിലും വിദേശത്തും എല്ലാം front line workers നെ ആവശ്യമാണ്. Beautician, hair cutting, tailoring, meat cutting, tree cutting, cook, farming, animal care, ഒക്കെ വളരെ ആവശ്യക്കാർ ഉള്ള മേഖലകൾ ആണ്.

പാരാമെഡിക്കൽ, പൊളിടെക് ഡിപ്ലോമ, computer ഓപ്പറേഷൻ, hotel management, sales & marketing, retailing & customer care, Montessori & kindergarten teachers, geriatric care, ഫുഡ് പ്രോസസ്സിംഗ്, fashion designing, interior design... ഒക്കെ അഭിരുചി അനുസരിച്ചു പഠിച്ചു ജോലി നേടാം. ഒരു ജോലിക്കും മാനക്കേട് തോന്നേണ്ടതില്ല. എല്ലാ ജോലിക്കും അതിന്റേതായ മഹത്വമുണ്ട്! ഇഷ്ടപ്പെട്ടു ചെയ്താൽ ഏതു ജോലിയും മഹത്തരമാക്കാം. അവനവന്റെ കഴിവുകൾ അനുസരിച്ചു കലാരംഗത്തും കായികരംഗത്തും സാംസ്കാരിക/സാമൂഹിക/രാഷ്ട്രീയ/ആത്മീയ രംഗത്തൊക്കെ പ്രവർത്തന മേഖല കണ്ടെത്താം. Farming, കൃഷി, ഒക്കെ താൽപര്യം അനുസരിച്ച് തിരഞ്ഞെടുക്കാം. പഠിക്കാൻ താല്പര്യമില്ലാത്ത കുട്ടികളെ ഒരു തൊഴിൽ പഠിക്കാൻ വിട്ടാൽ അവർക്കൊരു ജീവിതമാർഗ്ഗം ഉണ്ടാകും. മറിച്ചു അവരെ 'എടുത്താപൊങ്ങാത്ത' കോഴ്സുകൾക്കൊക്കെ പറഞ്ഞു വിട്ടാൽ അവർ തെറ്റിപ്പോകാനും തോറ്റുപോകാനും കുറഞ്ഞുപോകാനും ഒക്കെ കാരണമാകും! വൈകാരികമായല്ല, ജ്ഞാനംകൊണ്ടാണ് ജീവിതം പണിയേണ്ടത്!

ഒരു career നേടിയെടുക്കുന്നതിൽ നിങ്ങൾക്ക് വിജയിക്കണം എന്നുണ്ടെങ്കിൽ നിങ്ങൾക്ക് ഏറ്റവും യോജിക്കുന്നതും അഭിരുചിയുള്ളതും ഇഷ്ടമുള്ളതുമായ രംഗം കണ്ടുപിടിക്കാൻ ശ്രമിക്കണം. career ഒരു രംഗത്തെ മികവാണ്... വൈദഗ്ധ്യമാണ്. ഏതു രംഗത്ത് എനിക്ക് ശോഭിക്കാൻ കഴിയും... മികവുറ്റതാക്കാൻ കഴിയും... sincere ആയി സത്യസന്ധമായി അത് കണ്ടെത്താൻ കഴിയണം. നല്ല ധൈര്യം വളരെ അനിവാര്യമാണ്. ഉയർന്ന വിശ്വാസം വളരെ പ്രധാനം! തോൽവിയും വീഴ്ചയും ഒക്കെ യാത്രയ്ക്കിടെ സംഭവിച്ചേക്കാം. എങ്കിലും ആത്യന്തികമായി നിങ്ങൾ വിജയിച്ചിരിക്കും!

ഇപ്പോൾ പ്ലസ്ടൂ കഴിയുമ്പോൾ തന്നെ വിദേശത്തു പഠിക്കാൻ പോകുന്നതാണ് പുതിയ trend. മിന്നുന്നതെല്ലാം പൊന്നല്ല. വിദേശത്തു പോകുന്നവർ ശ്രദ്ധിക്കുക. കഴിവതും ഒരു ബിരുദമെങ്കിലും കഴിഞ്ഞു വിദേശത്തു പോകുന്നതാണ് നല്ലത്. പഠന മികവുണ്ടെങ്കിൽ മാത്രം 'മുന്തിയ' കോഴ്സുകൾ ഒക്കെ തിരഞ്ഞെടുക്കുക. നിങ്ങൾ പഠനത്തിൽ പുറകോട്ടാണെങ്കിൽ വലിയ കടം എടുത്തു വിദേശത്തു പോകാതിരിക്കാം. ഒരു തൊഴിൽ പഠിച്ചു പ്രവൃത്തിപരിചയം നേടി ജോലിക്കായി പോകാം. വിദേശ രാജ്യങ്ങളിൽ (Western countries) ഏറ്റവും കൂടുതൽ ആവശ്യമുള്ളത് trade പഠിച്ച skilled workers നെയാണ്. Electricians, carpenters, plumbers, mechanic, painters, tree surgeons (മരം വെട്ട്) Cook, meat processing experts (ഇറച്ചി വെട്ട്), beautician, Hair stylists, tailor.... ഭാഷ കൂടി അറിയണം എന്ന് മാത്രം. നല്ല സ്ഥാപനങ്ങളിൽ മാത്രം പഠിക്കാൻ ചേരാം.

ഇംഗ്ലീഷ് ഭാഷയോ ലോക്കൽ ഭാഷയോ part time ജോലി കിട്ടാൻപോലും ആവശ്യമാണ്. എന്ത് പഠിച്ചാലും നൈപുണ്യം ഉണ്ടെങ്കിൽ മാത്രമേ വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭിക്കൂ.

കേരളത്തിൽ ജോലിയില്ല, ഇന്ത്യയിൽ ജോലിയില്ല എന്നൊക്കെ പറയുമ്പോഴും ഇവിടെയും ജനങ്ങൾ ഉണ്ട് എന്നും ഇവിടെയുള്ള ജനങ്ങൾക്ക് ആവശ്യമുള്ള സേവനങ്ങൾ ഇവിടെയുണ്ടാകേണ്ടതുണ്ടെന്നും മനസ്സിലാക്കാം. അതെല്ലാം തൊഴിൽ അവസരങ്ങൾ ആണെന്നും തിരിച്ചറിയാം! ആ രീതിയിൽ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുന്ന entrepreneurial leadership ഉള്ള യുവത രൂപപ്പെടട്ടെ എന്ന് ആശിക്കാം! അബ്ദുൾകലാം പറഞ്ഞതുപോലെ നമ്മുടെ മുമ്പിൽ രണ്ടു വഴികളാണുള്ളത്, ഒന്ന് ഓടി രക്ഷപെടാം (fily) അല്ലെങ്കിൽ പോരാടി വിജയിക്കാം (fight)! തിരഞ്ഞെടുക്കേണ്ടത് നമ്മൾ ഓരോരുത്തരുമാണ്! പോരാടാൻ തയ്യാറുള്ള യുവത രൂപപ്പെട്ടാലേ നമ്മുടെ രാജ്യവും developed ആകൂ! നമ്മുടെ രാജ്യം നമ്മുടെ ഉത്തരവാദിത്വം! നല്ല തീരുമാനങ്ങൾ നല്ല ജീവിതത്തെ സൃഷ്ടിക്കുന്നു. അദ്ധ്വാനം അഭിമാനമാകട്ടെ!

●

(Sunil D. Kuruvilla is a consultant Career Counsel and Human Resource Development Trainer & Consultant. He is the founder of INSIGHT MISSION. He can be mcontacted @ +91 9847400712)
YouTube: Sunil Kuruvilla
Email: sunil_kuruvilla@rediffmail.com
www.insightmission.org.in)

# വിശ്വാസം - രക്ഷ

സൂസി മാത്യു കെ., കിഴക്കേ ആക്കൽ, തിരുവനന്തപുരം

വിശ്വാസജീവിത പടകിൽ ഞാൻ
സീയോൻ നഗരിയിൽ പോകുന്നു ഞാൻ
വിശ്വാസ നായകന്നേശുവേ നോക്കി
വിശ്രമ ദേശത്തു പോകുന്നു ഞാൻ.

വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു. (എബ്രാ. 11 –1). കർത്താവ് മലയിൽനിന്ന് ഇറങ്ങി വന്നപ്പോൾ ഒരു കുഷ്ഠരോഗി വന്നു അവനെ നമസ്ക്കരിച്ച് നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും എന്ന വിശ്വാസപൂർണ്ണമായ അവന്റെ അപേക്ഷ കേട്ട് എനിക്ക് മനസ്സുണ്ട്, നീ ശുദ്ധനാകുക എന്ന് പറഞ്ഞു അവനെ തൊട്ടു. ഉടനെ തന്നെ അവന്റെ കുഷ്ഠം മാറി അവൻ ശുദ്ധനായി. (മത്താ. 8:1–5). ശതാധിപന്റെ ബാല്യക്കാരൻ കഠിനമായ അസുഖം ബാധിച്ച് കിടന്നപ്പോൾ ശതാധിപന്റെ അപേക്ഷ പ്രകാരം കർത്താവ് അവനോട് ഞാൻ നിന്റെ വീട്ടിൽ വന്ന് അവനെ സൗഖ്യമാക്കും എന്ന് പറഞ്ഞപ്പോൾ നീ എന്റെ പുരയ്ക്കകത്തു വരാനുള്ള യോഗ്യത എനിക്കില്ല. നീ ഒരു വാക്കു മാത്രം കല്പ്പിച്ചാൽ മതി, എന്റെ ബാല്യക്കാരൻ സൗഖ്യം പ്രാപിക്കും എന്ന് ശതാധിപൻ പറഞ്ഞത് കേട്ടിട്ട് കർത്താവ് അതിശയിച്ച് ഇസ്രായേലിൽ കൂടി ഞാൻ ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല എന്ന് തന്റെ ശിഷ്യന്മാരോട് പറഞ്ഞു. എന്നിട്ട് ശതാധിപനോട് നീ പോക, നിന്റെ വിശ്വാസം പോലെ, നിനക്ക് ഭവിക്കട്ടെ എന്ന് പറഞ്ഞു. ആ നാഴികയിൽ തന്നെ ശതാധിപന്റെ ബാല്യക്കാരൻ സൗഖ്യം പ്രാപിച്ചു. (മത്താ. 8:1–13). മത്താ.9:1–8 വരെയുള്ള ഭാഗത്തു പക്ഷവാതക്കാരനെ കൊണ്ട് വന്നവരുടെ വിശ്വാസം കണ്ടിട്ട് കർത്താവ് പക്ഷവാതരോഗിയെ സൗഖ്യമാക്കുന്നു. കാനാന്യ സ്ത്രീയുടെ വിശ്വാസപൂർണ്ണമായ അപേക്ഷയിൽ സന്തോഷിച്ചു അവളുടെ ഭൂതഗ്രസ്ഥയായ മകളെ സുഖപ്പെടുത്തുന്നു. (മത്താ. 15:21–25). രക്തസ്രാവക്കാരി സ്ത്രീ അവന്റെ വസ്ത്രം എങ്കിലും തൊട്ടാൽ ഞാൻ രക്ഷപെടും എന്ന് വിശ്വസിച്ചുകൊണ്ട് പുരുഷാരത്തിൽ കൂടി പുറകിൽ വന്നു അവന്റെ വസ്ത്രം തൊട്ടു. ആ ക്ഷണത്തിൽ തന്നെ അവൾ സൗഖ്യം പ്രാപിച്ചു (മർക്കോ. 5:21–28). വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കായേന്റേതിനേക്കാൾ ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവനു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിന് സാക്ഷ്യം കല്പിച്ചു. മരിച്ച ശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരുന്നു (എബ്ര.11:4). വിശ്വാസത്താൽ ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു ദൈവം അവനെ എടുത്തു കൊണ്ടതിനാൽ കാണാതെയായി (ഉല്പ.5:24, എബ്രാ.11:5). വിശ്വാസത്താൽ നോഹ കർത്താവ് കല്പിച്ചതനുസരിച്ചു പെട്ടകം തീർത്തു. തന്നോട് കല്പിച്ചതൊക്കെയും അങ്ങനെ തന്നെ ചെയ്തു. (ഉല്പ. 6:22, എബ്രാ.11:7). അതിനാൽ വെള്ളപ്പൊക്കത്തിൽ നിന്ന് നോഹയും അവന്റെ കുടുംബവും രക്ഷപെട്ടു. വിശ്വാസത്താൽ അബ്രഹാം തനിക്ക് അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്ക് യാത്രയാവാൻ വിളിച്ചപ്പോൾ എവിടേക്ക് പോകുന്നു എന്നറിയാതെ തന്നെ യാത്ര പുറപ്പെട്ടു. എബ്ര.11:8–10–ൽ അബ്രഹാമും സാറയും വാഗ്ദത്തത്തിൽ വിശ്വസിച്ചുകൊണ്ട് അവർക്ക് ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടൽപ്പുറത്തെ എണ്ണാനാകാത്ത മണൽത്തരികൾ പോലെയും സന്തതി ജനിച്ചു. വിശ്വാസത്താൽ മോശ ഇസ്രായേൽ ജനത്തെ കരയിൽ കൂടി എന്നപോലെ ചെങ്കടലിന്റെ നടുവിൽ ഉണങ്ങിയ നിലത്ത് കൂടി നടത്തി (പുറ.14:22, എബ്ര.11:29). വിശ്വാസത്താൽ അവർ ഏഴുദിവസം ചുറ്റിയപ്പോൾ യെരീഹോമതിൽ ഇടിഞ്ഞു വീണു. എബ്ര.11:30) വിശ്വാസത്താൽ രാഹാബ് എന്ന വേശ്യ ഒറ്റുകാരെ സമാധാനത്തോടെ കൈക്കൊണ്ടതിനാൽ അവിശ്വാസികളോടുകൂടി നശിക്കാതെ രക്ഷപെട്ടു (എബ്ര.11:31). പഴയനിയമ വിശുദ്ധന്മാരായ വിശ്വാസികളുടെ ഒരു നീണ്ടനിര തന്നെ എബ്ര. 11–ാം അദ്ധ്യായത്തിൽ നമുക്ക് കാണാം. മോശ ഇസ്രായേൽ ജനത്തെ മരുഭൂമിയിൽകൂടി നടത്തിക്കൊണ്ട് വരുമ്പോൾ വിഷസർപ്പത്തിന്റെ കടിയേറ്റു അനേകർ മരിച്ചുകൊണ്ടിരുന്നു. അപ്പോൾ മോശ ദൈവം കല്പിച്ചതനുസരിച്ചു പിച്ചള സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിന്മേൽ നാട്ടി നിർത്തി സർപ്പത്തിന്റെ കടിയേറ്റവർ വിശ്വാസത്തോടെ പിച്ചള സർപ്പത്തെ നോക്കിയപ്പോൾ രക്ഷപ്രാപിച്ചു. (സംഖ്യ.21:8–9, യോഹ.3:14). വിശ്വാസമുണ്ടെങ്കിൽ മാത്രമേ അനുസരണമുണ്ടാകുകയുള്ളു. തന്റെ ഏകജാതനായ പുത്രനെ ബലി അർപ്പിക്കുവാൻ കർത്താവ് അബ്രഹാമിനോട് ആവശ്യപ്പെട്ടപ്പോൾ ഒരു മടിയും കൂടാതെ ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് കർത്താവിന്റെ കല്പന അനുസരിക്കുകയും തന്റെ മകനെ ബലി അർപ്പിക്കുവാൻ തയ്യാറാകുകയും ചെയ്തു. എന്നാൽ കർത്താവ് അവനെ അബ്രഹാമിന് തിരികെ കൊടുത്തു.

രാജഭൃത്യന്റെ മരിക്കാറായ മകനെ അവന്റെ അപേക്ഷ പ്രകാരം സൗഖ്യമാക്കി. അതോടുകൂടി രാജഭൃത്യനും കുടുംബവും കർത്താവിൽ വിശ്വസിച്ചു. യേശു ഗലീലിയയിൽ വന്നപ്പോൾ ഇത് രണ്ടാമത്തെ അടയാളമായിട്ടു ചെയ്തു. (യോഹ. 4:46–54). കർത്താവിൽ വിശ്വസിച്ചു നാം എന്ത് ചെയ്താലും അത് സഫലമാകും. എബ്രായ ലേഖനത്തിൽ ഏഴു തരത്തിലുള്ള വിശ്വാസം നമുക്ക് കാണുവാൻ കഴിയും.

1. ആരാധിക്കുന്ന വിശ്വാസം ഹാബേൽ (എബ്രാ.11:4)

2. നടക്കുന്ന വിശ്വാസം ഹാനോക്ക് (എബ്രാ.11:5-6)

3. പ്രവർത്തിക്കുന്ന വിശ്വാസം നോഹ (എബ്രാ.11:7

4. കാത്തിരിക്കുന്ന വിശ്വാസം അബ്രഹാം, യിസഹാക്ക്, യാക്കോബ്, യൂസഫ് (എബ്രാ 11:8-22)

5. പോരാടുന്ന വിശ്വാസം മോശ (എബ്രാ. 11:23-29)

6. ജയിക്കുന്ന വിശ്വാസം യോശുവ (എബ്രാ 11:30)

7. അതിശയിക്കുന്ന വിശ്വാസം രാഹാബ്

മറ്റു വിശ്വാസികൾ (എബ്രാ. 11:31-39).

വിശ്വാസത്തിൽനിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപ മത്രേ എന്ന റോമാ. 14:23 ൽ പറഞ്ഞിരിക്കുന്നു.

വിശ്വാസം കൂടാതെ ആത്മീയ ജീവിതം സാധ്യമല്ല. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കാതെ എന്ത് ഭക്തിജീവിതം നയിച്ചാലും എന്തെല്ലാം സൽപ്രവൃത്തികൾ ചെയ്താലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ എന്ന് വി. യോഹ. 6:29 ൽ പറഞ്ഞിരിക്കുന്നു. ക്രിസ്തീയ ജീവിതം ക്രിസ്തുവിലുള്ള വിശ്വാസത്തിൽ മാത്രം അടിസ്ഥാനപ്പെട്ടിരിക്കുന്നു.

ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമായ വിശ്വാസത്തിനു ദൈനംദിന ജീവിതത്തിൽ പ്രഥമസ്ഥാനം നൽകി നാം ജീവിക്കുമ്പോൾ നമ്മുടെ ജീവിതം സന്തോഷംകൊണ്ട് നിറയും. സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി വന്ന ജീവനുള്ള അപ്പമാകുന്ന ക്രിസ്തുവിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. (വി.യോഹ. 6:47-50). കർത്താവിന്റെ പരസ്യശുശ്രൂഷവേളയിൽ അനേകർക്കു രോഗസൗഖ്യം ലഭിച്ചിട്ടുണ്ട് അതെല്ലാം അവരിൽ നിറഞ്ഞു നിന്ന ക്രിസ്തുവിലുള്ള വിശ്വാസം മൂലമാണ്. നാം എന്ത് ചെയ്താലും വിശ്വാസത്തോടുകൂടി ചെയ്താൽ മാത്രമേ ലക്ഷ്യപ്രാപ്തിയിലെത്തുകയുള്ളു. അതുകൊണ്ടു ഒരു ക്രിസ്ത്യാനിയുടെ ജീവിതം ക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസത്തിൽ അധിഷ്ഠിതമായിരിക്കണം.

നിന്നിൽ വിശ്വാസം പൂണ്ട്
പറുദീസാ നൽകപ്പെട്ട
ചോരനോടൊത്തു പുകഴ്ത്തീടാൻ
ഞങ്ങൾക്കർഹതയേകേണമേ.

# ഉയിർപ്പിന്റെ ശക്തി

**മിസ്സിസ് ജോയി, മുംബൈ**

“യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു (റോമ. 8:11).

ഭൂമിയിലെ തന്റെ ദൗത്യം പൂർത്തിയാക്കി സ്വർഗ്ഗത്തിലേക്ക് മടങ്ങുന്നതിനുമുൻപ് യേശു തന്റെ ശിഷ്യന്മാർക്ക് നൽകിയ ആഴമുള്ള ഉപദേശം ആയിരുന്നു അവർ ഉയരത്തിൽനിന്നുള്ള ശക്തി പ്രാപിക്കണം എന്നത്. കാരണം ആ ശക്തിയുടെ അളവറ്റ മഹത്വവും അതിന്റെ അളവറ്റ പ്രവർത്തനവും യേശു വ്യക്തമായി അനുഭവിച്ചതാണ് (ലൂക്കോ. 24:49). “എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയയ്ക്കും. നിങ്ങളോ ഉയരത്തിൽനിന്നുള്ള ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പീൻ”.

യേശുവിന്റെ ശിഷ്യനായ പത്രോസ് യേശുവിനോട് വളരെയധികം സ്നേഹം ഉണ്ടായിരുന്നവൻ. എന്നാൽ ഭയത്തിന്റെ നിഴലിൽ അവൻ തന്റെ കർത്താവിനെ തള്ളിപ്പറഞ്ഞു. പിന്നീട് ഈ മനുഷ്യന്റെ ജീവിതത്തിൽ വലിയ മാറ്റം സംഭവിച്ചു. ഉയരത്തിൽനിന്നുള്ള ശക്തി അവനിൽ നിറഞ്ഞപ്പോൾ ഭയംമാറി ഭാഷമാറി ധൈര്യത്തിന്റെ ശബ്ദം ഉയർന്നു.

യേശു മനുഷ്യനായി ഭൂമിയിൽ നടന്നപ്പോൾ അവനെ നയിച്ചതും അവന്റെ പ്രവൃത്തികളിൽ പ്രത്യക്ഷപ്പെട്ടതും ഒടുവിൽ അവനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേല്പിച്ചതുമായ ശക്തി ഉയരത്തിൽ നിന്നുള്ളതായിരുന്നു.

ആ ശക്തി ഇന്നും വിശ്വസിക്കുന്നവർക്കായി പ്രവർത്തിക്കുന്നു. പലപ്പോഴും അതിന്റെ ആഴവും വ്യാപ്തിയും നമ്മൾ തിരിച്ചറിയുന്നില്ല.

യേശുവിനെ ക്രൂശിച്ചവർക്കും അടക്കം ചെയ്തവർക്കും മരണം നേരിൽ കണ്ടവർക്കുംയേശു മരിച്ചു എന്ന് മനസ്സിലായിരുന്നു. അപ്പോൾ പക്ഷേ അവർ അറിഞ്ഞില്ല. ദൈവത്തിന്റെ ശക്തി. ദൈവത്തിന്റെ ശക്തി മനുഷ്യന്റെ ചിന്തകൾക്കപ്പുറം പ്രവർത്തിക്കുന്നതാണ്. എല്ലാ തടസ്സങ്ങളെയും തകർത്ത് നമ്മുടെ കർത്താവ് ഉയർത്തു. ഉയിർപ്പ് നമ്മെ പഠിപ്പിക്കുന്നത് പ്രശ്നങ്ങൾ കൊണ്ട് നമ്മുടെ ജീവിതം അവസാനിക്കുന്നില്ല. മനുഷ്യരുടെ നോട്ടത്തിൽ ചില സംഭവങ്ങൾ അവസാനമായി തോന്നാം, പക്ഷേ ദൈവ പദ്ധതിയിൽ അത് ഒരു പുതിയ തുടക്കമാണ്. നമ്മുടെ ജീവിതത്തിലും കല്ലറയുടെ അനുഭവങ്ങൾ വരാം കഷ്ടതകൾ, പരാജയങ്ങൾ, നഷ്ടങ്ങൾ ഇവ നമ്മെ അടച്ചിടാൻ ശ്രമിക്കും. എന്നാൽ ദൈവികശക്തി അവിടെ പ്രവർത്തിക്കും.

പൗലോസ് അപ്പോസ്തലൻ പറഞ്ഞതുപോലെ നമ്മിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ ശക്തി അളവറ്റതും അത്ഭുതകരവുമാണ്. പക്ഷേ പലപ്പോഴും നാം ശക്തിയുടെ വലിപ്പം മനസ്സിലാക്കാതെ പോകുന്നു.

ദൈവത്തിന്റെ ശക്തി എന്റെ ഉള്ളിൽ പ്രവർത്തിക്കുന്നു എന്ന സത്യം നാം തിരിച്ചറിഞ്ഞു തുടങ്ങുമ്പോൾ ആ ശക്തി നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമായി പ്രവർത്തിക്കാൻ തുടങ്ങും. യേശുവിനെ കല്ലറയിൽ നിന്ന് ഉയിർപ്പിച്ച അതേ ശക്തി ഇന്ന് നമ്മുടെ ഉള്ളിലും പ്രവർത്തിക്കുന്നു. അതുകൊണ്ട് നാം ബലഹീനരായാലും പ്രശ്നങ്ങളിൽ ആയാലും ആത്മീയമായി തളർന്നാലും ആ ശക്തി നമ്മെ ഉയർത്താനും പുതുക്കാനും ജീവിപ്പിക്കാനും കഴിയും.

നാം വിശ്വസിച്ചാൽ ആ ഉയിർപ്പിന്റെ ശക്തി നമ്മുടെ ജീവിതത്തിലും സാധ്യമാകും. ദൈവം ഉയർപ്പിൻ ശക്തിയാൽ നമ്മെ അനുഗ്രഹിക്കട്ടെ.

# വേദപുസ്തകത്തിൽ തലമുറകളുടെ ജനിതകശീലങ്ങളും വീണ്ടെടുപ്പും

സണ്ണി ജേക്കബ്, കാട്ടുവേലിൽ

തിയോഡിസി (Theodicy) : ദൈവത്തിന്റെ നന്മയും ലോകത്തിലെ തിന്മയും തമ്മിലുള്ള വൈരുധ്യം വിശദീകരിക്കുവാൻ തത്വചിന്തകർ നടത്തുന്ന ശ്രമം ആണ് തിയോഡിസി. ദൈവനീതിയുടെ ന്യായീകരണം എന്ന് വിശേഷിപ്പിക്കാം. ആദ്യമനുഷ്യനായ ആദാമിന് തിന്മയുടെ ആദ്യ പാഠം പഠിപ്പിക്കുന്നത് സാത്താൻ എന്ന് പറയുമ്പോൾ മനുഷ്യ സൃഷ്ടിയുടെ ആരംഭം മുതലോ, അതിനു മുമ്പോ തിന്മയുടെ പ്രതീകമായ സാത്താൻ ഉണ്ടായിരുന്നു. ആദാമിന് ലഭിച്ച പാപത്തെക്കുറിച്ചുള്ള അറിവും, പാപത്തോടുള്ള ആഭിമുഖ്യവും ജനിതകശീലങ്ങളായി കൈമാറ്റപ്പെടുമ്പോൾ മനുഷ്യൻ എന്നും ദൈവത്തോടുള്ള മത്സരബുദ്ധിയിൽ ആയിരുന്നു. അത് എക്കാലത്തും മനുഷ്യന്റെ വലിയ നാശത്തിലേക്കുള്ള വഴിയായി ഭവിക്കുകയായിരുന്നു. ദ്രവ്യമായ സകലതും നശിക്കേണ്ടതുണ്ട്; ശരീരം നശിക്കണം എന്നത് പ്രകൃതിനിയമം ആണ്. പക്ഷേ പാപത്തിന്റെ ബന്ധനത്തിൽ ശരീരനാശവും ആത്മാവിന്റെ വേർപെടലും എന്നത് ആത്മാവിന്റെ നിത്യനാശത്തിന് കാരണം ആയിത്തീരും, അത് സൃഷ്ടാവിന് ദുഃഖകരമാണ്.

മനുഷ്യന്റെ പാപം മൂലമുള്ള സമൂഹവിപത്ത് സംഭവിക്കുമ്പോൾ മനുഷ്യന്റെ വീണ്ടെടുപ്പിനായി ദൈവം ഒരു നീതിമാനെ കണ്ടെത്തി മനുഷ്യന്റെ നിലനിൽപ്പ് സാധ്യമാക്കുന്നു; ഉദാഹരണം നോഹ, അബ്രഹാം, ജോസഫ്, മോശ തുടങ്ങിയവർ. എക്കാലത്തും സൃഷ്ടിയുടെ പാപംമൂലമുണ്ടാകുന്ന പ്രകൃതി ദുരന്തത്തിൽ നിന്നും/ നാശത്തിൽനിന്നും; സൃഷ്ടാവ് (ദൈവം) തന്റെ രക്ഷകനായി നിലനിൽക്കുന്നു എന്ന് വേദപുസ്തകത്തിൽനിന്നും മനസ്സിലാക്കുന്നു. അതായത് സൃഷ്ടിയുടെ നാശത്തിൽ സൃഷ്ടാവ് ദുഃഖിക്കുന്നു എന്നത് സത്യം തന്നെ കാരണം. പ്രപഞ്ചം ഒരു തെറ്റല്ല അത് ദൈവീക അനന്ത ബോധത്തിന്റെ കാഴ്ചപ്പാടാണ്. സൃഷ്ടി പാപംമൂലം ഉണ്ടാകുന്ന വീഴ്ച അല്ല. ലോകത്തിന്റെ ചരിത്രം ദൈവീകതയിൽനിന്നും വേർപെട്ടതല്ല, അത് ദൈവീകതയുടെ ഒരു ഭാഗം ആണ്. സൃഷ്ടിയുടെ അനുഭവത്തിൽ നിന്നും ദൈവീകത ഒഴിച്ചുകൂട്ടാൻ സാധിക്കാത്ത ഒന്നാണ്. സൃഷ്ടിക്കുമേൽ, സൃഷ്ടാവിന് പൂർണ്ണ അധികാരം ഉണ്ട്. സൃഷ്ടിയുടെ നിലനിൽപ്പും, നാശവും, നടത്തിപ്പും സൃഷ്ടാവിന്റെ അധികാരത്തിൽ ആണ്. എങ്കിലും ഒരു ചോദ്യം സൃഷ്ടിയുടെ നാശത്തിൽ സൃഷ്ടാവ് പശ്ചാത്തപിക്കുന്നുവോ? ദൈവശ്വാസമായി നൽകിയ ദൈവീക ആത്മീയതയുടെ ആത്മീയ അംശം ആണ് മനുഷ്യന്റെ ആത്മാവ്. അതായത് നാശമുള്ള ശരീര മനസ്സുകളോട് ചേർത്ത് നൽകിയ ആത്മാവിന്റെ നഷ്ടമോ, അതോ മനുഷ്യന്റെ ഭൗതിക നാശമോ, ഏതിന്റെ നഷ്ടം ദൈവത്തെ (സൃഷ്ടാവിനെ) ദുഃഖിപ്പിക്കുന്നു എന്ന് ചോദിച്ചാൽ, തീർച്ചയായിട്ടും മനുഷ്യന്റെ ആത്മീയ നാശത്തെ.

ഭൗതിക നൽവരങ്ങൾ മനുഷ്യന് നൽകുമ്പോൾ അത് ഭൗതികതയുടെ അനുഭവത്തിന് അപ്പുറത്തേക്ക് ഭൗതികതയുടെ ആസക്തിയിലേക്ക് പോകുന്ന മനുഷ്യൻ പാപം ചെയ്യുന്നു. യാഥാർത്ഥ്യം അല്ലാത്ത ദൈവീക വിഗ്രഹാരാധന തെറ്റ് എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. വിഗ്രഹാരാധനയുടെ തെറ്റിൽനിന്നും ദൈവം അബ്രഹാമിനെപോലും തേനും ഭൗതിക അനുഗ്രഹങ്ങൾക്കായി കനാൻ നാട്ടിലേക്ക് മാറ്റി താമസിപ്പിക്കുമ്പോൾ ദൈവം അബ്രഹാമിന്റെയും, അബ്രഹാമിൽ കൂടി ഉണ്ടാകുന്ന ജനതയുടെയും ആത്മാവിനെ നേടുക എന്നതായിരുന്നു ലക്ഷ്യം. അബ്രഹാമിന്റെ മകൻ യിസഹാക്കിന് അബ്രഹാമിന്റെ സമ്പത്തും അനുഗ്രഹങ്ങളും ലഭിച്ചു. യിസഹാക്കിന്റെ മകൻ യാക്കോബ്, യാക്കോബിന്റെ ജീവിതകാലവും അവർ ദൈവം നൽകിയ നന്മ അനുഭവിച്ചു, യാക്കോബിന്റെ മക്കളുടെ കാലത്ത് അവരുടെ ഇടയിൽ പിണക്കം ഉണ്ടായി. അവരുടെ സഹോദരൻ ജോസഫിനെ അടിമയായി മിസ്രയീമയർക്ക് വിറ്റു എന്ന് പറയുമ്പോൾ അവർക്ക് സഹോദരനോടുണ്ടായിരുന്ന അസൂയമൂലം ആകുന്നു. അവർക്കിടയിൽ സഹോദരസ്നേഹം ഇല്ലായിരുന്നു.

"ദൈവം സ്നേഹം ആകുന്നു സ്നേഹം ഇല്ലായ്മ വിശ്വാസത്തിന്റെ പോരായ്മയാകുന്നു." ദൈവം നൽകിയ ഭൗതിക അനുഭവങ്ങൾ അനുഭവിക്കുമ്പോഴും ദൈവിക അനുസരണ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ അവർക്കിടയിൽ ഉണ്ടായിരുന്നു എന്ന് പറയുവാൻ സാധിക്കുകയില്ല. കനാൻ നാട്ടിൽ ക്ഷാമം ഉണ്ടായി ദൈവത്തിന്റെ സ്വന്തം ജനങ്ങൾ ക്ലേശിക്കുന്നതിന് കാരണമാകുന്നു. സഹോദരന്മാരുടെ ദുഷ്പ്രവൃത്തിയിൽ ജോസഫിന് ക്ലേശം ഉണ്ടാകുന്നു എങ്കിലും ജോസഫ് യാക്കോബിന്റെ സന്തതികൾക്ക് വീണ്ടെടുപ്പുകാരനായി ദൈവത്താൽ നിയമിതനാകുന്നു. ജോസഫിന്റെ മരണശേഷം യാക്കോബിന്റെ മക്കൾ ഈജിപ്റ്റിൽ വലിയ ജനവിഭാഗം ആകുകയും അവർ ഭൗതിക നൽവരങ്ങൾ അനുഭവിക്കുകയും ചെയ്തു എങ്കിലും, പിൻതലമുറ ദൈവത്തെ മറന്നുള്ള പ്രവൃത്തികൾമൂലം ഈജിപ്തിൽ അടിമകൾ ആയി ക്ലേശം അനുഭവിക്കുന്നു. അടിമകളായി ഇസ്രായേൽ ജനത ജീവിക്കുമ്പോഴും അവരുടെ തനിമ കാത്തുസൂക്ഷിക്കുന്നു എന്നതിൽ നിന്നും, അവർ പൂർണ്ണമായി ദൈവത്തെ മറന്നിരുന്നില്ല എന്ന് മനസ്സിലാകും. (ഇസ്രായേൽ ജനം പുറജാതിയിൽനിന്നും വിവാഹം ചെയ്തിരുന്നില്ല) അവർ തങ്ങളുടെ യഹോവയെ പൂർണ്ണമായി തള്ളിക്കളയുകയോ, പൂർണ്ണമായി മറക്കുകയോ ചെയ്തില്ല എന്നതിനാൽ യഹോവ അവരുടെ നിലവിളികേട്ട് അവരുടെ അടിമത്വത്തിൽനിന്നും അവർക്ക് വീണ്ടെടുപ്പുകാരനായി മോശയെ നിയമിക്കുന്നു.

വീണ്ടെടുപ്പ് ദൈവത്തിന്റെ ഉത്തരവാദിത്വം എന്ന് കരുതുന്ന മനുഷ്യൻ അവന്റെ ചുമതലയിൽ നിന്നും വിട്ടു നിൽക്കുകയാണ്. ദൈവം മനുഷ്യനെ സമൂഹജീവിയായിട്ട് വിഭാവനം ചെയ്യുന്നു. സമൂഹത്തിൽ ജീവിക്കുന്ന മനുഷ്യർക്കിടയിൽ പരസ്പര വിശ്വാസം, സ്നേഹം, കരുതൽ, ബഹുമാനം ഇവയുണ്ടാകുമ്പോൾ ആണ് സമൂഹം ആകുന്നത്. ഇത് മനുഷ്യന്റെ ഉത്തരവാദിത്വം ആണ്. എനിക്കുവേണ്ടി അല്ലാതെയുള്ള എന്റെ പ്രവൃത്തിയാണ് എന്റെ ബലം, എന്റെ ധാർമ്മികത എന്ന ചിന്ത എല്ലാവരിലും ഉണ്ടാകണം. ഉത്തരവാദിത്വത്തിൽനിന്നും വിട്ടു നിൽക്കുക എന്നത് അനുസരണക്കേടാണ്. ●

# ഏവൻഗേലിയോൻ ദീപം



ഫാ. ഷൈനോ മർക്കോസ്, കൊച്ചുമംഗര

## പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായർ
## (യോഹ. 6:35–46) 17–05–2026

“ഞാൻ ജീവന്റെ അപ്പമാകുന്നു.” അപ്പം/ആഹാരമാണ് ജീവനെ നിലനിർത്തുന്നത്. അതു കൂടാതെ മനുഷ്യന് നിലനിൽക്കാൻ സാധ്യവുമല്ല. എന്നാൽ ‘ജീവൻ’ കേവലം ശാരീരിക ജീവൻ മാത്രമല്ല. അത് ദൈവത്തോടുള്ള സജീവബന്ധമാണ്. ക്രിസ്തുവിനെ കൂടാതെ ജീവൻ ഇല്ല. കാരണം കർത്താവാണ് ജീവദായകൻ. യേശു ഇവിടെ സൂചിപ്പിക്കുന്നത് തന്റെ ശരീരരക്തത്തെയാണ്. ഈ ജീവൻ നമുക്ക് നൽകാനാണ് അവൻ മനുഷ്യാവതാരം എടുത്തത് ആയതിനാൽ നമ്മുടെ ജീവൻ ദൈവത്തിന്റെ ദാനമാണ്. ഈ ബോധ്യത്തോടെ കർത്താവിനെ സ്വീകരിക്കുന്നവന് പൂർണ്ണ സമാധാനവും സംതൃപ്തിയും ലഭിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന ആത്മീയ നിറവിലാണ് പുരോഹിതൻ വിശുദ്ധ കുർബ്ബാനയുടെ സമാപന ആശിർവാദത്തിൽ “നിങ്ങൾ സന്തോഷിച്ച്, സംതൃപ്തരായി, സമാധാനത്തോടെ പോകുവിൻ” എന്ന് ആഹ്വാനം ചെയ്യുന്നത്.

തുടർന്ന് ക്രിസ്തീയ ജീവിതത്തിന്റെ പടികളും ദൈവത്തിന്റെ ഇഷ്ടവും എന്തെന്ന് അവൻ വ്യക്തമാക്കുന്നു.

**1) ക്രിസ്തുവിനെ കാണുക:** അന്നുള്ളവർ മുഖാമുഖമായി യേശുവിനെ കണ്ടു; ഇന്ന് നാം വി. കുർബ്ബാനയിലൂടെയും, സുവിശേഷത്തിൽ കൂടിയും, സഭയുടെ ഉപദേശത്തിലൂടെയും ക്രിസ്തുവിനെ കാണണം. അതോടൊപ്പം ലോകരക്ഷകനായും, എന്റെ രക്ഷകനായും (യേശു പാപികളെത്തേടി വന്നെങ്കിൽ അതിൽ ഒന്നാമൻ ഞാനെന്ന ബോധ്യം) യേശുവിനെ കാണാൻ കഴിയണം.

**2) അവനിൽ വിശ്വസിക്കണം:** അവന്റെ ദൈവത്വത്തിലും, മനുഷ്യത്വത്തിലും, രക്ഷായാഗത്തിലും, അവന്റേതായ സഭയിലും, അതിലുള്ള ക്രമീകരണങ്ങളിലും വിശ്വസിക്കണം.

**3) നിത്യജീവൻ സ്വായത്തമാക്കുക:** 40–ാം വാക്യം ഏറെ ധ്യാനാത്മകമാണ്. “പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം. ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേൽപ്പിക്കും”. മുകളിൽ പറഞ്ഞ രണ്ട് ചുമതലകളും നിർവ്വഹിച്ച് നിത്യജീവൻ സ്വായത്തമാക്കുക ഇതാണ് ദൈവത്തിന്റെ ഇഷ്ടം.

യേശുക്രിസ്തുവിന്റെ ഈ വചനങ്ങൾ യഹൂദരെ പ്രകോപിപ്പിച്ചു 1) അവർ ബാഹ്യമാനദണ്ഡം മാത്രംവച്ച് യേശുവിനെ വിലയിരുത്തി. 2) അവർ പരസ്പരം ആശയ വിനിമയം നടത്തി, ദൈവഹിതത്തെക്കുറിച്ച് ചിന്തിച്ചില്ല 3) അവർ യേശുവിന്റെ കേൾവിക്കാർ മാത്രമായിരുന്നു. അവനെ പഠിച്ചില്ല, ഉപദേശങ്ങളെ ഗ്രഹിച്ചില്ല.

## പെന്തിക്കോസ്തി ഞായർ
## (യോഹ. 15:1–14) 24-05–2026

കർത്താവായ യേശുക്രിസ്തു തന്റെ രക്ഷാകര ദൗത്യ നിർവ്വഹണാനന്തരം പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങിപ്പോവുകയും, തന്റെ പ്രതിനിധിയായി (യോഹ.14:26,16:15) പരിശുദ്ധാത്മാവിനെ ലോകത്തിലേയ്ക്ക് അയച്ച് ദൈവവാഗ്ദാനങ്ങളെ നിവർത്തിക്കുകയും, പാപം മൂലം പിൻവലിക്കപ്പെട്ടതായ പരിശുദ്ധറൂഹാ വീണ്ടും ലോകത്തിൽ വസിക്കുകയും ചെയ്തതാണ് പുതിയ നിയമ പെന്തിക്കോസ്തി.

യേശു തന്റെ ശിഷ്യന്മാരെ അനാഥരായി വിടുകയില്ല എന്നുള്ള തന്റെ വാഗ്ദാനം നിവൃത്തിച്ചത് അവർക്ക് ധാരാളമായി പരിശുദ്ധാത്മാവിനെ കൊടുത്തുകൊണ്ടാണ്. “ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം, ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും, ആശ്വാസപ്രദൻ വരുമ്പോൾ പാപത്തെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും, ലോകത്തിന് ബോധം വരുത്തും” (16:7–8) എന്നാണ് ഈ വിഷയത്തെക്കുറിച്ച് യേശു വെളിപ്പെടുത്തിയത്. ഇവിടെ യേശു പരിശുദ്ധ റൂഹായെ ‘അവൻ’ എന്ന ഒരു വ്യക്തിയായി സൂചിപ്പിക്കുന്നു. അപ്രകാരം പരിശുദ്ധാത്മാവ് ശിഷ്യന്മാർക്ക് ശക്തിയായിട്ടും, വ്യക്തിയായിട്ടും അനുഭവപ്പെട്ടുപോന്നു.

യേശുവിന്റെ വാഗ്ദാനപ്രകാരം ആത്മശക്തിക്കായി കാത്തിരുന്ന തന്റെ ശിഷ്യസമൂഹത്തിന് അഗ്നിനാവുകളുടെ രൂപത്തിൽ (അ.പ്ര. 1:4) പരിശുദ്ധ റൂഹായെ അയച്ചുകൊടുത്ത് അവരെ ശക്തിപ്പെടുത്തി. മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റുന്ന മൂന്ന് കാര്യങ്ങളാണ് പാപം, ലോകം, പിശാച്. പരിശുദ്ധാത്മാവ് ഇല്ലെങ്കിൽ ഇവയെക്കുറിച്ച് മനുഷ്യൻ ബോധവാനാകുന്നില്ല. നേരെ മറിച്ച് ഒരുവനിൽ പരിശുദ്ധാത്മാവ് വസിച്ചാൽ

1) പാപം – പാപമാണെന്ന ബോധ്യം വരും

2) ലോകം– ലോകത്ത് ‘നീതിയോടെ’ ജീവിക്കണമെന്ന ബോധ്യം വരും

3) പിശാച് – പാപം, നീതിയില്ലാത്ത ലോകം ഇവ വഴി പിശാചിനടിമപ്പെട്ടാൽ ‘ഒരു ന്യായവിധി’ ഉണ്ടെന്നും അതുവഴി നിത്യനരകയോഗ്യനാകും എന്നുള്ള ബോധ്യം പരിശുദ്ധാത്മാവ് നൽകും. ഈ മൂന്നു ബോധ്യങ്ങൾ ലഭിക്കുന്ന മനുഷ്യനിൽ പിന്നീട് ആത്മാവിന്റെ ഫലങ്ങൾ (ഗലാത്യർ 5:22–24) ഉള്ളവനായി ഉള്ളിലെ ആന്തരീക മനുഷ്യനെ ദൈവോന്മുഖമായി നയിക്കുന്നതിനും, വിശുദ്ധിയിൽ ജീവിക്കുന്നതിനും സാധിക്കും.

## പെന്തിക്കോസ്തിയ്ക്ക്ശേഷം ഒന്നാം ഞായർ
## (യോഹ. 6:26–35) 31–05–2026

“ഞാൻ ജീവന്റെ അപ്പമാകുന്നു, എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല., എന്നിൽ വിശ്വസിക്കുന്നവന് ഒരു

നാളും ദാഹിക്കുകയുമില്ല." വി. കുർബ്ബാനയുടെ രഹസ്യം യേശു ലോകത്തിന് വെളിപ്പെടുത്തുകയാണ്. മനുഷ്യനെ ദൈവീകനാക്കാൻ ദൈവം അപ്പമായി മാറുന്നു. ഒരു മനുഷ്യന്റെ ഉള്ളിൽ ദൈവം നിത്യം വസിക്കാൻ ഇതല്ലാതെ വേറൊരു വഴിയില്ലായിരുന്നു. മർക്കോസിന്റെ മാളികയിൽ തിരുവത്താഴത്തിന് വെളിപ്പെടുത്തിയ രഹസ്യം കാൽവറിയിൽ കുരിശിൽ ബലിയായിത്തീർന്ന് തന്റെ ശരീരം മുറിച്ച്, രക്തം ചീന്തി നമുക്ക് നൽകി യേശു പൂർത്തീകരിച്ചു.

അവനെ യഥാർത്ഥമായി എങ്ങനെ സ്വീകരിക്കണം എന്ന് രണ്ട് കാര്യങ്ങൾ പറഞ്ഞ് യേശു വ്യക്തമാക്കുന്നുണ്ട് (വാക്യം 26:27). 1) "നിങ്ങൾ എന്നെ അന്വേഷിച്ചത് അടയാളം കണ്ടത് മൂലമല്ല. മറിച്ച് അപ്പംതിന്ന് തൃപ്തരായതുകൊണ്ടാണ്." 2) "നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല. നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായിട്ട് പ്രവർത്തിപ്പീൻ. അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും." നാം ആദ്യ ഗണത്തിൽ പെടുന്നു എങ്കിൽ വിശുദ്ധ കുർബ്ബാന (ജീവന്റെ അപ്പം) നമുക്ക് അനുഭവവേദ്യമാകുന്നില്ല. കാരണം ഇവിടെ വിശ്വാസം ഇല്ല, ഭക്ഷിക്കുന്നു എന്ന പ്രവൃത്തി മാത്രമേ ഉള്ളു. എന്നാൽ രണ്ടാം വിഭാഗത്തിൽ ആണെങ്കിൽ വിശ്വാസവും, പ്രവൃത്തിയും ഒരുപോലെ ഉണ്ടാകുകയും അത് അനുഭവമാകുകയും ചെയ്യുന്നു. അതുകൊണ്ടാണ് വാക്യം 29 ൽ യേശു ദൈവത്തിന് പ്രസാദമുള്ള "പ്രവൃത്തി" അവൻ അയച്ചവനിൽ നിങ്ങൾ 'വിശ്വസിക്കുന്നതത്രേ' എന്ന് ഉത്തരം പറഞ്ഞത്.

വാക്യം 53:54 ആണ് ഇതിന്റെ പൂർത്തീകരണം "ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നുകയും, എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് ഉള്ളിൽ ജീവനുണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും." ഇതാണ് ക്രൈസ്തവ ജീവിതത്തിന്റെ പ്രത്യാശ. ഇത് പിതാക്കന്മാർ നിഖ്യാവിശ്വാസ പ്രമാണത്തിന്റെ അവസാനം നമ്മെ ഉറപ്പിക്കുന്നു. "മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു."

**ഫാ. മോനായി കെ.ഫിലിപ്പ്, കർക്കടകംപള്ളിൽ**

## പെന്തിക്കോസ്തിക്ക്ശേഷം രണ്ടാം ഞായർ
## (വി. മത്തായി 10:34-11:1) 07-06-2026
## ക്രിസ്തീയ വിശ്വാസിയുടെ യോഗ്യത

ഇന്നത്തെ ഏവൻഗേലിയോൻ ഭാഗമായ മത്തായി 10:34 -11:1 വരെ ക്രിസ്തീയ വിശ്വാസിയുടെ രണ്ട് യോഗ്യതകളെക്കുറിച്ചുള്ള പ്രബോധനം നല്കുന്നു.

വി. മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ യേശുനാഥൻ 12 അപ്പസ്തോലന്മാരെ ലോകത്തിലേക്ക് സുവിശേഷവുമായി അയക്കുന്നു.

നമുക്ക് ഇന്ന് ഈ വേദഭാഗത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തീയ വിശ്വാസിക്ക് ഉണ്ടായിരിക്കേണ്ട രണ്ട് യോഗ്യതകളെക്കുറിച്ച് ചിന്തിക്കാം.

**1. സ്വന്തക്കാരെക്കാളുപരി ദൈവത്തിന് പ്രാധാന്യമേകുക**

വാക്യം 37 ഇങ്ങനെ വായിക്കുന്നു. 'എന്നെക്കാളധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല. എന്നെക്കാളധികം പുത്രനെയോ പുത്രിയേയോ സ്നേഹിക്കുന്നവനും എനിക്ക് യോഗ്യനല്ല. ഇതിലൂടെ വിശ്വാസിക്കുണ്ടായിരിക്കേണ്ട യോഗ്യതയെന്നത് സ്വന്തക്കാരേക്കാൾ ഉപരി ക്രിസ്തീയ വിശ്വാസി ദൈവത്തിന് മുഖ്യസ്ഥാനം നല്കേണ്ടതുണ്ട് എന്നാണ്. ഇവിടെ നാം ഉൾക്കൊള്ളേണ്ട തത്വമെന്നത് സ്വന്തക്കാരെ നമുക്ക് നല്കുന്നവൻ ദൈവമാണ്. അല്പം കൂടെ വിസ്തൃതമായി നാം മനസ്സിലാക്കേണ്ടതുണ്ട്. നമുക്കുള്ള സകല സാധ്യതകളുടേയും നാഥൻ നമ്മുടെ കർത്താവാണ്. അപ്പോൾ ആ ദൈവത്തിന് നാം മുഖ്യസ്ഥാനം നല്കേണ്ടതുണ്ട്.

വേദഭാഗം നല്കുന്ന സന്ദേശം ലോകത്തിലുള്ള സകലത്തിലുമുപരി ദൈവത്തിന് മുഖ്യസ്ഥാനം നല്കുകയെന്നതാണ്. ഇവിടെ ഉദ്ദേശിക്കുന്നത് എല്ലാത്തിനെയും ഉപേക്ഷിക്കണമെന്നോ, അവഗണിക്കണമെന്നോ അല്ല. അവയെല്ലാം ദൈവത്തിൽ നിന്ന് ലഭ്യമായതിനാൽ ഇയ്യോബ് പറയുന്ന മനോഭാവം 'ദൈവം തന്നു, ദൈവം എടുത്തു, ദൈവനാമം വാഴ്ത്തപ്പെടുമാറാകട്ടെ'. എന്നത് നമ്മുടേയും മനോഭാവമാകണം.

നമ്മുടെ ജീവിതത്തിൽ ധനസമ്പാദനത്തിനോ, സ്ഥാനമാനങ്ങൾക്കോ അങ്ങനെ എന്തിനെങ്കിലും നാം മുഖ്യസ്ഥാനം നല്കുന്നുവെങ്കിൽ, അത് മാറ്റി എല്ലാത്തിനും കാരണമായവനായ ദൈവത്തിന് മുഖ്യസ്ഥാനം നൽകേണ്ടതുണ്ട്.

**2. സ്വന്തം കുരിശെടുത്ത് യേശുവിനെ അനുഗമിക്കുക**

വാക്യം 38 ഇങ്ങനെ വായിക്കുന്നു. തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്ക് യോഗ്യനല്ല. ക്രിസ്തീയ ജീവിതത്തിന്റെ പ്രത്യേകത ഇവിടെ വെളിപ്പെടുന്നു. ക്രിസ്തീയ ജീവിതത്തിൽ ക്രൂശുകളുണ്ട്, കഷ്ടതകളുണ്ട് എന്നത് യാഥാർത്ഥ്യമാണ്. യേശു ഗോൽഗോഥായിലേക്ക് പോയപ്പോൾ മാത്രമല്ല ജീവിതത്തിലൂടനീളം ക്രൂശിനെ ചുവന്ന വ്യക്തിയാണ്. ഫുൾട്ടൺ ഷീൻ എന്ന ദൈവശാസ്ത്രജ്ഞൻ യേശുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് 'മരിക്കുവാനായി ജനിച്ചവൻ' എന്നാണ്. ഇത് യേശുവിന്റെ ജീവിതത്തിലുടനീളം നാം ദർശിക്കുന്നുണ്ട്.

വിശ്വാസികളെ പ്രബോധിപ്പിക്കുന്നത്, ജീവിതത്തിൽ പ്രതിസന്ധികളെ നേരിടേണ്ടതായി വരും. അതിന് ആർക്കും ഒഴിവുകൾ ഇല്ല. എന്നാൽ ക്രിസ്തീയ ജീവിതത്തിന്റെ ധന്യതയാകേണ്ടത് സംഭവിക്കുന്ന സകലത്തിലും നിരാശ നിറഞ്ഞവരാകാതെ പ്രത്യാശ നിറഞ്ഞവരാകുക എന്നതാണ്. ജീവിതത്തിൽ ഉണ്ടാകാവുന്ന പ്രതികൂലതകളെ സ്വീകരിച്ച്, യേശുവിനോടൊത്ത് അവയുമായി ജീവിതത്തിൽ മുന്നേറുവാനുള്ള സന്നദ്ധത നമ്മുടെ ശ്രേഷ്ഠതയാകണം.

നമുക്കുള്ള സന്ദേശമെന്നത്, ജീവിതത്തിൽ ചില കുരിശുകൾ കാണും. അതിനെ ഉപേക്ഷിക്കുകയല്ല വേണ്ടത്, അവ വഹിച്ചുകൊണ്ട് യാത്ര തുടരുകയെന്നതാണ്. അതാണ് യഥാർത്ഥ വിശ്വാസിയെ രൂപപ്പെടുത്തുന്ന അച്ച്.

ക്രിസ്തീയ വിശ്വാസികളുടെ രണ്ടു യോഗ്യതകളെക്കുറിച്ചാണല്ലോ നാം ധ്യാനിച്ചുകൊണ്ടിരുന്നത്. നാമാകുന്ന വിശ്വാസികളുടെ ജീവിതത്തിൽ ഉണ്ടായിരിക്കേണ്ടത് സ്വന്തക്കാരെക്കാളുപരി ദൈവത്തിന് പ്രാധാന്യം നല്കുക. അതുപോലെ

ജീവിതയാത്രയിൽ സ്വന്തംകുരിശുമെടുത്ത് യേശുവിനെ അനുഗമിക്കുക. ഇതായിരിക്കട്ടെ നമ്മുടെ വിശ്വാസ ജീവിതത്തിന്റെ പ്രത്യേകത.

## പെന്തിക്കോസ്തിക്ക് ശേഷം മൂന്നാം ഞായർ
## (വി.യോഹ. 6:35-46) 14-06-2026
## വിശ്വാസ ജീവിതത്തിലെ കുറവുകൾ

ഇന്നത്തെ ഏവൻഗേലിയോൻ ഭാഗമായ യോഹന്നാൻ 6:35 -46-ൽ വിശ്വാസ ജീവിതത്തിലെ രണ്ടു കുറവുകളെക്കുറിച്ച് യേശുനാഥൻ ചൂണ്ടിക്കാണിക്കുന്നു.

71 വാക്യങ്ങൾ ഉള്ള ദീർഘമായ ഒരു പ്രഭാഷണമാണ് 6-ാം അദ്ധ്യായത്തിന്റെ ശ്രേഷ്ഠത. യേശുവിന്റെ വചനം ശ്രവിക്കുവാൻ കടന്നുവന്ന ബാലന്റെ കൈവശമുണ്ടായിരുന്ന 5 യവത്തപ്പവും, 2 മീനും യേശുനാഥൻ വാഴ്ത്തി അയ്യായിരത്തോളം പുരുഷാരത്തെ തീറ്റി തൃപ്തിപ്പെടുത്തിയതിനു ശേഷം ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഖ്യാപനങ്ങൾ നിറഞ്ഞതാണ് 6-ാം അദ്ധ്യായത്തെ പ്രത്യേകതയുള്ളതാക്കുന്നത്. ജീവന്റെ അപ്പമായ യേശുവിനെ സ്വീകരിക്കുവാൻ തയ്യാറാകാതിരുന്ന ജനത്തിന്റെ രണ്ട് കുറവുകളെക്കുറിച്ച് യേശു ഈ വേദഭാഗത്തിൽ പ്രബോധിപ്പിക്കുന്നു. നമുക്ക് ധ്യാനിക്കാം.

**1. വിശ്വാസമില്ലാത്ത സ്വഭാവം**

വാക്യം 36 ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. “നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസിക്കുന്നില്ല എന്നു ഞാൻ നിങ്ങളോട് പറഞ്ഞുവല്ലോ. ജീവന്റെ അപ്പം വിശ്വാസിയെ നിത്യജീവങ്കലേക്ക് നയിക്കുന്നതാണ്. ജീവന്റെ അപ്പം വിശ്വാസിയെ ഉയിർപ്പിലേക്ക് എത്തിക്കുന്നതാണ്. ജീവന്റെ അപ്പം വിശപ്പും, ദാഹവും ഉണ്ടാക്കാത്തതാണ്. എന്നാൽ ഇവിടെ കാണുന്നത് ജീവന്റെ അപ്പത്തെ സ്വീകരിക്കുവാൻ തയ്യാറാകാത്തവരെക്കുറിച്ചാണ്. അവരുടെ പ്രശ്നം സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്ക് മനുഷ്യരക്ഷയ്ക്കായി വന്ന യേശുവിനെ വിശ്വസിക്കാത്തതാണ്.

വിശ്വാസികളുടെ മുഖമുദ്ര യേശുവിലുള്ള വിശ്വാസമായിരിക്കണം: സംശയം കൂടാതെയും, പൂർണ്ണ ആശ്രയത്തിന്റേതുമായിരിക്കണം. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കട്ടെ. മേശപ്പുറത്ത് ഒരു കുഞ്ഞിനെ നിർത്തിയിരിക്കുന്നു എന്ന് ചിന്തിക്കുക. അതിന്റെ അപ്പനോ, അമ്മയോ ഏറ്റവും പ്രിയപ്പെട്ടവരോ അതിനെ വിളിക്കുമ്പോൾ അതിന്റെ പ്രതികരണം എങ്ങനെ ആയിരിക്കും? കൈ നീട്ടി വിളിച്ചാൽ ഉടനെ ആ കൈകളിലേക്ക് ചാടിവരും. താഴെ വീഴുമെന്നോ, അവർ കൈകൾ മാറ്റുമെന്നോ, അവരുടെ കൈകളിൽ സുരക്ഷിതരല്ലായെന്നോ ഒന്നും ആ കുഞ്ഞിനില്ല. പൂർണ്ണമായ വിശ്വാസം മാത്രം.

ഈ അദ്ധ്യായത്തിൽ സൂചിപ്പിക്കുന്ന ബാലന് ഒരു വലിയ വിശ്വാസം ഉണ്ടായിരുന്നു. ദൈവീക വചനം പറയുന്ന യേശുവിന്റെ കൈകളിൽ തന്റെ അപ്പം നല്കിയാൽ യേശു അതിനെ വർദ്ധിപ്പിക്കുകയാണ്. നമുക്കാവശ്യം യേശുവിലുള്ള പരമമായ വിശ്വാസമാണ്. വിശ്വാസത്തിൽ ഉറപ്പുള്ള ജീവിതത്തിനുടമകളായി നമുക്ക് ആയിത്തീരാം.

**2. വിമർശിക്കുന്ന സ്വഭാവം**

വാക്യം 41 ൽ കാണുന്നു. ‘ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പം’ എന്ന് അവൻ പറഞ്ഞതിനാൽ യഹൂദന്മാർ അവനെക്കുറിച്ച് പിറുപിറുത്തു. അവർ യേശുവിനെ വിമർശിക്കുവാൻ കാരണമെന്നത് വാക്യം 42 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ‘ഇവൻ യൗസേഫിന്റെ പുത്രനായ യേശു വല്ലയോ. അവന്റെ അപ്പനെയും അമ്മയേയും നാം അറിയുന്നുവല്ലോ. പിന്നെ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നു എന്ന് അവൻ പറയുന്നത് എങ്ങനെ എന്ന് അവർ പറഞ്ഞു.’

യേശുവിന്റെ യഥാർത്ഥ ആഗമനം എവിടെ നിന്നു ആകുന്നു എന്നതിനെ ഉൾക്കൊള്ളാനോ, അതിൻ പ്രകാരം അവനെ സ്വീകരിക്കാനോ അവർ ഒരുക്കമല്ല. പകരം അവർ യേശുവിനെ വിമർശിക്കുന്നതിൽ ഉത്സുകത കാണിക്കുന്നു.

വിമർശനം ഏതൊരാളിന്റെയും ഉയർച്ചയ്ക്കും ഉന്നമനത്തിനും വളരെ അത്യാവശ്യമാണ്. ആരും തികഞ്ഞവരില്ല. എന്തെങ്കിലുമൊക്കെ കുറവുകൾ എല്ലാവരിലും ഉണ്ടാകാം. വിമർശനത്തിലൂടെ അവയെ തിരിച്ചറിയുവാനും, അവയിൽ നിന്ന് നിരന്തര പരിശ്രമത്തിലൂടെ മോചനം നേടാനും സാധിക്കും. വിമർശിക്കുമ്പോൾ കാത്തുസൂക്ഷിക്കേണ്ട വലിയൊരു തത്വമെന്നത് ആരെയും അത് നശിപ്പിക്കുവാനോ, തളർത്തുവാനോ ഇടയാക്കരുതെന്നാണ്. പിന്നെയോ പ്രചോദനാത്മകവും, ക്രിയാത്മകവുമായിരിക്കണം.

നമ്മുടെ വിമർശനങ്ങൾ എങ്ങനെയാണ്? മറ്റുള്ളവരെ ഇല്ലായ്മ ചെയ്യാനും, തളർത്തുന്നതിനുമാണെങ്കിൽ അവയുടെ ആവശ്യമില്ല എന്നത് ഉൾക്കൊള്ളാൻ സാധിക്കണം. അതുപോലെ സ്വയ വിമർശനം നമ്മുടെ പ്രത്യേകതയാകണം. യേശുനാഥൻ പറയുന്നുണ്ടല്ലോ. നിന്റെ കണ്ണിലെ കോലെടുത്തിട്ട് നിന്റെ സഹോദരന്റെ കണ്ണിലെ കരട് മാറ്റാൻ ശ്രദ്ധിക്കണമെന്ന്. നമ്മെക്കുറിച്ചുള്ള സ്വയവിമർശനം നമ്മുടെ കുറവുകളെ കണ്ടെത്തുവാനും, നമ്മിലെ കുറവുകളെ അടർത്തിമാറ്റി നല്ലൊരു നാമാകാനുള്ള ശ്രമവുമാകണം.

വിശ്വാസ ജീവിതത്തിലെ കുറവുകളായ വിശ്വാസമില്ലായ്മയും, മറ്റുള്ളവരെ നശിപ്പിക്കുന്ന/ വിമർശിക്കുന്ന സ്വഭാവവും നമ്മിൽ നിന്ന് ദൂരെയാക്കി നാം എല്ലാവരും നല്ല വ്യക്തിത്വങ്ങളായിത്തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ●


## ക്ലീമ്മീസ് പ്രസ്സ് അറിയിപ്പ്

ക്ലീമ്മീസ് പ്രസ്സ് ഓഫീസിലേയ്ക്ക് Computer D.T.P - English and Malayalam അറിയാവുന്ന ഒരു ലേഡീസ് സ്റ്റാഫിനെ ആവശ്യമുണ്ട്. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ക്ലീമ്മീസ് പ്രസ്സ് ഓഫീസുമായി 15-06-2026 മുമ്പായി ബന്ധപ്പെടുക.

എന്ന്

**പ്രസ്സ് മാനേജർ**

Contact in e-mail: clemispress@gmail.com.,
whatsapp no. 9605250791

# സംസർഗ്ഗം സ്വഭാവത്തെ സ്വാധീനിക്കും

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ സമുദായ ട്രസ്റ്റി)

"മുല്ലപ്പൂമ്പൊടി ഏറ്റു കിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം". ഈ ചൊല്ല് ഒരിക്കലെങ്കിലും ഉരുവിടാത്ത മലയാളികൾ ചുരുക്കമാണ്. മുല്ലപ്പൂവിന്റെ സാമീപ്യത്തിലും സംസർഗ്ഗത്തിലും കഴിയുന്ന കല്ലിനുപോലും സുഗന്ധമുണ്ടാകുമെന്നാണല്ലോ പ്രസ്തുത വരികളുടെ അർത്ഥം.

"ഗുണവാനോടു ചേരുകിൽ
വലിപ്പം വരുമല്പനും
പൂമാലയിൽ കലർന്നുള്ള
നാരും മേവുന്നു മൗലിയിൽ"

സജ്ജന സംസർഗ്ഗം അഥവാ ഗുണവാനോടു ചേർന്നാൽ അല്പനുപോലും വലിപ്പം വരുമെന്നാണ് കവി പറയുന്നത്. പൂവിനോടൊപ്പം ചേർന്നപ്പോൾ ശിരസ്സിന് അലങ്കാരമായി തീരാനുള്ള ഭാഗ്യംനാരിനുകൂടി കിട്ടുന്നു എന്ന ദൃഷ്ടാന്തവും കവി ചൂണ്ടികാണിക്കുന്നുണ്ട്. സജ്ജന സമ്പർക്കത്തിന്റെ മേന്മയാണിവിടെ പ്രകീർത്തിക്കപ്പെടുന്നത്. ഗുണവാൻ സ്വതവേ തന്നെ വലിപ്പമുള്ളവനാണ്. അവന്റെ കൂടെ ചേരുന്ന നിസ്സാരനും ആ വലിപ്പത്തിൽ പങ്കാളിയാകാൻ കഴിയുന്നു. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരുടെ കാര്യം നോക്കാം. അവരിൽ ബഹുഭൂരിപക്ഷംപേരും സമൂഹത്തിന്റെ താഴെത്തട്ടിൽ കഴിഞ്ഞവരാണ്. എന്നാൽ യേശുക്രിസ്തുവുമായുള്ള അവരുടെ സംസർഗ്ഗവും കൂട്ടായ്മയും അനുധാവനവും ക്രിസ്തു ശിഷ്യന്മാരെന്ന പദവി അവർക്ക് ശാശ്വതമായ മഹത്ത്വം പ്രദാനം ചെയ്തു. അപ്പസ്തോലന്മാർ എന്ന പേരിൽ അവർ ഇന്നും ആദരിക്കപ്പെടുന്നു. ഇവിടെ ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യമുണ്ട്. ക്രിസ്തുവിനോടു ചേർന്നു നിന്നവർക്കു മാത്രമേ മഹത്ത്വത്തിലേക്ക് ഉയരുവാൻ കഴിഞ്ഞുള്ളു. ഗുരുവിനെ ഒറ്റിക്കൊടുത്തു വഞ്ചിച്ച് അകന്നുപോയ യൂദാസിനു ദുർമരണമാണ് ലഭിച്ചത്. ഗുണവാനോടുള്ള സംസർഗ്ഗം വിച്ഛേദിച്ചാൽ നിസ്സാരന്മാർ വീണ്ടും പൂർവ്വ സ്ഥിതിയിലെത്തുമെന്നാണ് ഇതു കാണിക്കുന്നത്. ആനപ്പുറത്തിരിക്കുമ്പോൾ മാത്രമേ ആനക്കാരന് അന്യരെ അപേക്ഷിച്ച് ഉയരം കിട്ടുകയുള്ളൂ. ആനപ്പുറത്തുനിന്ന് ഇറങ്ങിക്കഴിഞ്ഞാൽ അയാൾ സാധാരണക്കാരിൽ സാധാരണക്കാരനായി മാറുമെന്ന് പറയേണ്ടതില്ലല്ലോ.

ഉത്തമന്മാരായുള്ളവർ ദുർജ്ജനങ്ങളുമായുള്ള സംസർഗ്ഗം ഒഴിവാക്കണം. വിവേകവും വിജ്ഞാനമുള്ളവരുമായി സഹവസിക്കാൻ ശ്രമിക്കണം. പലരും മുഖംമൂടികൾ ധരിച്ചുകൊണ്ടാണ് ചുറ്റും നിന്ന് പല പ്രലോഭനങ്ങളാൽ നമ്മെ മാടിവിളിക്കുന്നത്. നമുക്ക് കൂട്ടുകാർ വേണം. താൻ ഏകനല്ലായെന്ന ബോധം ഉണ്ടാവാൻ. നല്ലവരായ യുവാക്കൾപോലും കൂട്ടുകെട്ടിലും സാഹചര്യത്തിലും പെട്ടുപോകുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. "You tell me your friends, I will tell you what you are". എന്ന ചൊല്ലിന് വളരെയധികം അർത്ഥമുണ്ട്. ദുർജനങ്ങൾക്ക് ഉദാഹരണമായി കരിക്കട്ടയെ ചൂണ്ടിക്കാണിക്കാറുണ്ട്. ചൂടായിരിക്കുമ്പോൾ കൈയ്യിലെടുത്താൽ കൈ പൊള്ളും. തണുത്തിരിക്കുമ്പോൾ എടുത്താൽ കൈ മലിനമാകും.

ഏതു ഘട്ടത്തിലായാലും അവിവേകികളുമായുള്ള സുഹൃത്ത്ബന്ധം ദോഷകരമാകും. നല്ലതിനെ ചീത്തയിൽനിന്ന് തിരിച്ചറിയാനുള്ള വിവേകം ഉണ്ടാവുകയെന്നതാണ് പ്രധാനം. പഞ്ചസാരയും മണൽത്തരിയും കൂട്ടിയിളക്കിക്കൊടുത്താൽ ഉറുമ്പുകൾ പഞ്ചസാര മാത്രം തിരഞ്ഞെടുക്കും. ഉണങ്ങിയ വിറകിനോടൊപ്പം ചേരുന്ന പച്ചവിറകും അഗ്നിക്കിരയാകുന്നതുപോലെ കൂട്ടുകെട്ട് ഗുണദോഷ സമ്മിശ്രമാണ്. മാനുകളെല്ലാം ഒരുപോലെ പുല്ലുതിന്നും. പുല്ലു തിന്നിട്ടു കാഷ്ഠിക്കുന്നത് കാഷ്ഠമാണ്. കസ്തൂരിമാനും പുല്ലാണ് തിന്നുന്നത്. എന്നാൽ അതിൽനിന്നു വരുന്നതാകട്ടെ കസ്തൂരിയും. എല്ലാ മനുഷ്യരും ഈ ലോകത്തിലാണ് ജീവിക്കുന്നത്. യേശു ക്രിസ്തുവും ജിവിച്ചത് ഈ ലോകത്തിൽ തന്നെ. എന്നാൽ ക്രിസ്തു ലോകത്തിന്റെ പ്രകാശമായി ജീവിച്ചു. ഇന്നും ആ ദിവ്യ ജ്യോതിസ്സ് നമ്മെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നു. അനേക കോടി ഭാരതീയരിൽ ഒരാളായിരുന്നു ഗാന്ധിജി. എന്നാൽ രാഷ്ട്രീയാടിമത്വത്തിൽനിന്നും ഭാരതീയരെ മോചിപ്പിക്കാൻ അനേകരെ സമരപഥത്തിലേക്ക് ആകർഷിച്ചത് അദ്ദേഹവുമായുള്ള സംസർഗ്ഗമാണ്. കിണറ്റിലെ വെള്ളവും കടലിലെവെള്ളവും വെള്ളം തന്നെ. എന്നാൽ കടലിലെ വെള്ളം കുടിക്കാനാകാത്തവിധം ഉപ്പു നിറഞ്ഞതാണ്. യോർദ്ദാൻ നദിയിലെ ജലം ചാവുകടലിനോട് സമീപിക്കുന്തോറും കൂടുതൽ കൂടുതൽ വിഷമയമായിത്തീരുന്നു. മത്സ്യങ്ങൾ പ്രാണഭീതിയോടെ ചാകുകയും ചെയ്യുന്നു. കാരണം ചാവുകടലുമായുള്ള സമ്പർക്കവും സാമിപ്യവുമാണ്. ധാർമ്മിക ചൈതന്യമുള്ളവർ അധാർമ്മികരോടു ചേർന്നാൽ സംഭവിക്കുന്നതും ഇതുതന്നെ. വിശ്വസ്തരും സത്യസന്ധരുമായ എത്രയോ പേർ അധാർമ്മികരുടെ സംസർഗ്ഗത്തിൽപെട്ട് അധഃപതിച്ചുകൊണ്ടിരിക്കുന്നു. ഉന്നത വിദ്യാഭ്യാസം നേടിയ പലരും കുറ്റവാളികളും തീവ്രവാദികളും സാമൂഹ്യ വിരുദ്ധരുമായിത്തീരുന്നു. കാരണം സംസർഗ്ഗംകൊണ്ടുണ്ടാകുന്ന സ്വഭാവമാറ്റമാണ്.

'സാക്ഷര കേരളം സുന്ദര കേരളം' എന്നു നാം അഭിമാനിക്കുന്നെങ്കിലും ദുർമന്ത്രവാദവും നരഹത്യയും മയക്കുമരുന്നിന്റെ ഉപയോഗവും അതിന് കരിനിഴൽ വീഴ്ത്തുന്നുണ്ട്. ദൈവം ജ്ഞാനിയായ ശലോമോനോടു 'നിനക്കു വേണ്ടുന്ന വരം ചോദിച്ചുകൊള്ളുക' എന്നു പറഞ്ഞപ്പോൾ ഗുണവും ദോഷവും തിരിച്ചറിഞ്ഞ് നിന്റെ ജ്ഞാനത്തിന് ജനത്തെ ന്യായപാലനം ചെയ്വാൻ ജ്ഞാനവും വിവേകവുമുള്ള ഒരു ഹൃദയം നൽകേണമേ എന്നാണ് ശലോമോൻ ആവശ്യപ്പെട്ടത്. നമ്മുടെ ജീവിതത്തിൽ ജ്ഞാനത്തിനു ചെവി കൊടുക്കേണ്ടത് അനിവാര്യമാണ്. സ്തുതിപാടകരുടെ മദ്ധ്യത്തിലായിരിക്കുന്നവർ അവരുടെ ഉദ്ദേശലക്ഷ്യങ്ങൾ മനസ്സിലാക്കുന്നത് നന്നായിരിക്കും. എത്രയെത്ര നല്ലവരാണ് ക്രമേണ ദുഷ്ടജന സംസർഗ്ഗംകൊണ്ട് വഴിതെറ്റിപ്പോകുന്നത്. ഒരിക്കൽ നന്മയുടെ മൂർത്തീഭാവമായി അറിയപ്പെട്ടവർ അപഥ സഞ്ചാരത്തിലേക്കുവഴി തെറ്റിപ്പോകുന്നുവെങ്കിൽ അതിന്റെ പിന്നിൽ ദുഷ്ട സംസർഗ്ഗമുണ്ടെന്ന് നാം തിരിച്ചറിയണം. യുവജനങ്ങളെ വഴി തെറ്റിക്കുന്ന ചതിക്കുഴികളുടെ വലയിൽ കുടുങ്ങി ജീവിതം നശിപ്പിക്കുന്ന നിരവധി ഉദാഹരണങ്ങൾ നമുക്ക് സമൂഹത്തിൽ ദർശിക്കുവാൻ സാധിക്കും. നാരിനു ഗുണം കുറവുണ്ടെങ്കിൽപോലും അതിനെ വെയ്ക്കുവാൻ തക്ക സുഗന്ധവും സൗന്ദര്യവും പൂവിനു വേണം. അപ്പോൾ മാത്രമേ പൂമാലയിലെ പൂവിന്റെ വലിപ്പം നാരിനുകൂടി കിട്ടുകയുള്ളൂ. ആയതിനാൽ സമൂഹത്തിലെ സംസർഗ്ഗം വിവേക പൂർവ്വമായി വിവേചിക്കാൻ നമുക്കു ജാഗ്രത പാലിക്കാം.




# സത്യസന്ധനായ കുട്ടി

ഒരു ഗ്രാമത്തിൽ രാഹുൽ എന്നൊരു ബാലൻ ഉണ്ടായിരുന്നു. അവൻ വളരെ സത്യസന്ധനായിരുന്നു. ഒരു ദിവസം സ്കൂളിൽ പോകുമ്പോൾ വഴിയിൽ ഒരു പേഴ്സ് കണ്ടു. അതിൽ പണവും ചില പ്രധാന രേഖകളും ഉണ്ടായിരുന്നു.

അവൻ അത് എടുത്ത് ഉടൻ തന്നെ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ നൽകി. കുറച്ച് സമയത്തിനു ശേഷം പേഴ്സ് നഷ്ടപ്പെട്ട ആളും അവിടെ എത്തി. തന്റെ പേഴ്സ് തിരികെ കിട്ടിയതിൽ അദ്ദേഹം വളരെ സന്തോഷിച്ചു. അദ്ദേഹം രാഹുലിന് പണം നൽകാൻ ശ്രമിച്ചെങ്കിലും, രാഹുൽ അത് സ്വീകരിച്ചില്ല. "എനിക്ക് വേണ്ടത് നിങ്ങളുടെ സന്തോഷം മാത്രമാണ്," അവൻ പറഞ്ഞു.

അവന്റെ സത്യസന്ധത കണ്ട എല്ലാവരും അവനെ അഭിനന്ദിച്ചു.

**ഗുണപാഠം:**
**സത്യസന്ധത എപ്പോഴും നമ്മെ ഉയർത്തും.**

## Answers for the month of April

1. Nineveh
2. Old Testament
3. A prophet
4. Assyria
5. His hometown (Elkosh)
6. Lions
7. 3
8. Red
9. Wickedness, cruelty and violence
10. The soldiers / people of Nineveh

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**ഹബക്കൂക്ക്**

1. സെഫന്യാവ് ആരുടെ കാലഘട്ടത്തിലെ പ്രവാചകനായിരുന്നു?
2. സെഫന്യാവിന്റെ പിതാവിന്റെ പേര് എന്ത്?
3. സെഫന്യാവ് ഏത് രാജ്യത്തേക്കുറിച്ചാണ് പ്രവചിച്ചത്?
4. "യഹോവയുടെ ദിവസം" എന്ന വിഷയം ഏത് പുസ്തകത്തിൽ പ്രധാനമാണ്?
5. സെഫന്യാവ് പുസ്തകത്തിൽ എത്ര അദ്ധ്യായങ്ങൾ ഉണ്ട്?
6. ദൈവം ആർക്കെതിരെ വിധി പ്രസ്താവിച്ചു?
7. സെഫന്യാവ് 3:17 പ്രകാരം ദൈവം എന്ത്? ചെയ്യും?
8. സെഫന്യാവ് ജനങ്ങളെ എന്തിലേക്ക് വിളിച്ചു?
9. സെഫന്യാവ് പുസ്തകത്തിൽ പരാമർശിക്കുന്ന ശിക്ഷയ്ക്ക്ശേഷം എന്താണ് വാഗ്ദാനം?
10. സെഫന്യാവ് പ്രവചനത്തിന്റെ പ്രധാന സന്ദേശം എന്താണ്?

### ഏപ്രിൽ മാസത്തിലെ ഉത്തരങ്ങൾ

ഹബക്കൂക്ക്

1. പ്രവാചകൻ
2. കല്ദയർ (ബാബിലോന്യർ)
3. പ്രാർത്ഥന/ സ്തോത്രഗാനം
4. ഹബക്കൂക്ക്
5. കല്ദയർ
6. വിഭ്രമ രാഗത്തിൽ
7. 3
8. ദൈവത്തോട്
9. യെഹൂദയെ
10. വിശ്വാസം


## Bible Quiz (English) For Children
## The Book of Micah

1. Who is the author of the Book of Habakkuk?
2. How many chapters are there in Habakkuk?
3. Habakkuk questioned God about which nation being used for judgment?
4. Complete the verse: "The just shall live by____."
5. What was Habakkuk's main concern at the beginning of the book?
6. What instrument is mentioned in Habakkuk 3?
7. Who does God say will be raised up to punish Judah?
8. What kind of writing style is Habakkuk 3?
9. What does Habakkuk do while waiting for God's answer?
10. Complete this idea: Even if the fig tree does not blossom, Habakkuk will...

## 52-ാം ചരമവാർഷികം
22-05-2026

## 30-ാം ചരമവാർഷികം
09-08-2026

## 6-ാം ചരമവാർഷികം
02-06-2026



മാത്തൻ ഉലഹന്നാൻ



ശോശാമ്മ മാത്തൻ



ജിബുമോൻ കുറിയാക്കോസ്

## വട്ടുകളത്തിൽ, തൃക്കോതമംഗലം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



## 40-ാം ചരമദിനം
06-05-2026

## ലാലി ബെന്നി
### പൊക്കത്തിൽ വീട്, കുറിച്ചി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ്
നിത്യതയുടെ തീരത്തു
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## വേർപാടിന്റെ 13-ാം വർഷം
**20-05-2026**



## V.T. Kuriakose
**പഴയപീടികയിൽ, തുരുത്തിക്കാട്**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 10-ാം ചരമവാർഷികം
11-05-2026



## എം. എ. ചാക്കോ
**മാമലത്താഴത്ത്, രാമമംഗലം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

*18th Happy Birthday to our*
26-05-2026



## LIDIYA ELVIS NELLICKAL
**Nellickal, Vallamkulam, Thiruvalla**

"Heaven gained an angel, but our hearts lost a hero"
With love and hope
Elvis & Binu, Lesly, Lifin & Hanok, Leen

*4th Death Anniversary*
15-05-2026



## കുഞ്ഞൂഞ്ഞമ്മ ഏബ്രഹാം
**മുണ്ടപ്ലാക്കൽ, വടശ്ശേരിക്കര**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 9 -ാം ചരമവാർഷികം

22-05-2026



**Er. P.A. Philip**

(Rtd. Executive Engineer, PWD)

Puthuveettil, Ranny

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 1 -ാം ചരമവാർഷികം

06-05-2026



**ജെയിംസ് പി. ചാക്കോ (63)**

പീടികയിൽ, വള്ളംകുളം

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 4 -ാം ചരമവാർഷികം

01-06-2026



**മറിയക്കുട്ടി ചെറിയാൻ &
ചെറിയാൻ ഏബ്രഹാം**

ഊരാക്കമണ്ണിൽ, വള്ളംകുളം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 5 -ാം ചരമവാർഷികം

22-05-2026



**ശോശാമ്മ തോമസ് മരങ്ങാട്ട്**

Marangattu House, Vakathanam

(Manchester-UK)

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

**2-ാം ചരമവാർഷികം**
19-05-2026

**6-ാം ചരമവാർഷികം**
12-07-2026



**പി. ഒ. ജേക്കബ്**

**അന്നമ്മ ജേക്കബ്**

**കൈതാരം, പുത്തൻപീടികയിൽ, വെണ്ണിക്കുളം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 1st Birthday in Heaven
**13-06-2026**




## K.C. PHILIPKUTTY
**KALATHIL, NEELAMPEROOR**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

**3-ാം ചരമവാർഷികം**
15 - 05 - 2026



## N.M. ചെറിയാൻ
(Rtd. CTI, Indian Railway, Assam)

**നെടുങ്ങാട്ടേത്ത്, മഴുക്കീർ**

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

# 5–ാം ചരമവാർഷികം

03 – 06 – 2026



# VALSAMMA THOMAS

## W/o C. T. Thomas (Monachan)

**Chathurathundiyil Family**
**Kurichy**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

**19–ാം ചരമവാർഷികം** 09-05-2026

**30–ാം ചരമവാർഷികം** 04-08-2026

**8–ാം ചരമവാർഷികം** 07-08-2026





**കെ. റ്റി. ജോസഫ്   ചിന്നമ്മ ജോസഫ്**

കണ്ണന്താനത്ത്, റാന്നി, വടശ്ശേരിക്കര

**കെ.ജെ. ഏബ്രഹാം (തമ്പി)**

കണ്ണന്താനത്ത്, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

**9–ാം ചരമവാർഷികം** 11-05-2026

**15–ാം ചരമവാർഷികം** 19-06-2026

**15–ാം ചരമവാർഷികം** 26-06-2026







**ലൈസാമ്മ മാത്യു   ഏലിയാമ്മ മാത്തുണ്ണി**

മുളമൂട്ടിൽ, കുറ്റൂർ, തിരുവല്ല

**അഡ്വ. ജൂലി സുനിൽ**

കല്ലുവെട്ടാംകുഴിയിൽ,
താഴത്തങ്ങാടി, കോട്ടയം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## Mrs. Saramma Stephen

**12th Year of Ascendancy to Heaven From This Transitorial Earthly Life**

21-05-2026



## Prof. K. C. Kuriakose

**16th Year of Passing Away From This Mortal Life on**

09-06-2026



*Inserted by*

**Valanjanthuruthil Family**

**Ranny**

**Kunnirickal Family**

Advt -S


**7–ാം ചരമവാർഷികം**

7 - 05 - 2026

**34–ാം ചരമവാർഷികം**

3 - 06 - 2026





**മറിയാമ്മ കുര്യൻ**

(പെണ്ണമ്മ)

**എം.സി. കുര്യൻ**

(കുര്യച്ചൻ)

മണിമലവീട്

പരുത്തുംപാറ

"കരുണനിറഞ്ഞവനെ
പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ
പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

*In Loving Memory*



*Nov 18, 1940* *May 1, 2024*

**Korah Chandy (Kunjunju)**

Retd. Hon. Flying Officer, Indian Air Force

Edasseril, Thottamon, Ranny

*Kunjumol & Family*

Advt - G

## 5th Death Anniversary
23 - 05 - 2026



**JACOB CHACKO (SANTHAN)**
**Mannattu Koipurathuparambil, Eraviperoor**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 1 -ാം ചരമവാർഷികം
31-05-2026



**പി. ചാക്കോ (ബേബി)**
(Retd. Railway Officer)
**കണ്ടല്ലുമണ്ണിൽ, ഇരവിപേരൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 5th Death Anniversary
**26-05-2026**



**Sunny K Arackal**
**Arackal, Kavalam**

*"You will be always remembered in our hearts"*

By Sorrowing Family

Advt - O

## 1 -ാം ചരമവാർഷികം
29 - 05 - 2026



**ഷൈജു ഏബ്രഹാം**
**മരങ്ങാട്ട്, പാത്താമുട്ടം**

ഭാര്യ – ജോമോൾ ഷൈജു
മക്കൾ – അഭിയ, അലോണ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

# മരണമേ നിന്റെ മുള്ള് എവിടെ? പാതാളമേ നിന്റെ ജയം എവിടെ (2.കൊരി.15:55)

**അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്**

ഹാ സ്നേഹിതരേ മൃതിദൂതൻ വന്നെത്തി
വേഗം പോവാനവയനെന്നെ ധൃതികൂട്ടി
പരിചിതരേ കണ്ടീടാനാവനോടനുവാദം
ഞാൻ അഭ്യർത്ഥിച്ചു, യാചനയും കോഴകളും
കൈക്കൊണ്ടില്ലവനയ്യോ-"

ഖുറാനിൽ പറഞ്ഞിരിക്കുന്നതുപോലെ മരണത്തെപ്പറ്റി അറിഞ്ഞിട്ടും ചിരിച്ചുകൊണ്ടു നടക്കുന്ന മനുഷ്യനേയും ലോകം ഒരിക്കൽ നശിച്ചുപോകുമെന്നറിഞ്ഞിട്ടും ഈ ലോകത്തിന്റെ ഇമ്പത്തിൽ ലയിച്ചു നടക്കുന്ന മനുഷ്യനെയും അവസാനവിധിയെക്കുറിച്ച് അറിഞ്ഞിട്ടും ധനസമ്പാദ്യത്തിൽ മുഴുകി നടക്കുന്ന മനുഷ്യനെയും ഓർത്ത് ആശ്ചര്യപ്പെടുകയാണ്. ശരിക്കും ഈ ലോകവും മനുഷ്യരും ജനനവും മരണവുമെല്ലാം അത്ഭുതം തന്നെയാണ്. ജനനത്തിന്റെയും മരണത്തിന്റെയും ഇടയിൽ ലോകം എന്റെ കാൽക്കീഴിൽ എന്ന മട്ടിൽ എന്തെല്ലാം കാട്ടിക്കൂട്ടുന്നു. ഒരു നിമിഷത്തെ ഗ്യാരന്റിയും ഈ ലോകത്തിൽ ജനിച്ചുവീണ ഒരു വ്യക്തിയ്ക്കുമില്ല. യാചകനും രാജാവിനും തുല്യ അവകാശമാണ് ഈ ഒരു കാര്യത്തിൽ. ഒരു കൈക്കൂലിയും വക്കീലും കേസും കൊണ്ടും ഒന്നും രക്ഷപ്പെടാൻ പറ്റാത്ത ഒരു നിയമമാണ് മരണമെന്ന യഥാർത്ഥ്യത്തിന്. ഓടിച്ചാടി നെഞ്ചുവിരിച്ചു നടക്കുമ്പോൾ ഈ ലോകം എന്റെ സ്വന്തമാണ്, ഈ കാണുന്നതെല്ലാം എനിക്കുള്ളതാണ്. എന്നാൽ വഴിയാത്രക്കാരന്റെ ഒരു ദിവസംപോലെ നമ്മുടെ ജീവിതവും മാറിപ്പോകുന്നു. മനുഷ്യന്റെ നിര്യാണത്തിന് ഒരു ചികിത്സയും കാലം പുരോഗമിച്ചിട്ടും മനുഷ്യൻ ചന്ദ്രനിൽ പോയിട്ടും കണ്ടുപിടിച്ചിട്ടില്ല. മരണത്തിനപ്പുറം എന്തെന്ന് എല്ലാവരുടേയും ഊഹാപോഹങ്ങൾ പറയുകയും ബൈബിളിലെ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ഈ ലോകത്തിൽ മരിച്ചവരാരും തിരിച്ചുവന്ന് ഒന്നും പറഞ്ഞിട്ടുമില്ല. പണ്ടു പാട്ടുകാർ എഴുതിവച്ചു ഇന്നു കണ്ടു നാളെവാടും പൂക്കളെപ്പോലെയാണ് ജീവിതമെന്ന് ഇന്ന് ഇപ്പോൾ കണ്ടു അടുത്ത നിമിഷം തന്നെ വാടി താഴ വീണുകിടക്കുന്ന പുഷ്പംപോലെ ആയി ജീവിതം. "മനുഷ്യന്റെ പ്രാണൻപോയാൽ പിന്നെ അവൻ എവിടെ? സമുദ്രത്തിലെ വെള്ളം പൊയ്പോകുമ്പോലെയും നദി വറ്റി ഉണങ്ങും പോലെയും മനുഷ്യൻ കിടന്നിട്ട് എഴുന്നേല്ക്കുന്നില്ല. (ഇയ്യോ.14:10-11) ആകൽകറുസായുടെ അസൂയനിമിത്തം മരണം ലോകത്തിൽ കടന്നു (മഹാ. 2:24).

ഒരാൾ മരിക്കാൻ കിടക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ ആത്മാവ് ശരീരത്തോടു പറഞ്ഞു നമുക്കിനിയും പിരിയാം ശരീരം മറുപടി പറഞ്ഞത് എനിക്ക് നന്നായി വേദനിക്കുന്നു. അപ്പോൾ ആത്മാവ് പറഞ്ഞു ഞാൻ നിന്നെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു അതുകൊണ്ടാണ് വേദനിക്കുന്നത്. സമയം ആകുമ്പോൾ എനിക്കു പോയേ മതിയാവു ഞാൻ വേദനയോടെ അടർന്നു മാറുകയാണ് ആത്മാവും ശരീരവുമായുള്ള ഒരു അടർന്നു മാറ്റമാണ് മരണം. ദേഹം, ദേഹി, ആത്മാവ്. ദേഹി കോമാ സ്റ്റേജാണ്. നാം ഉറങ്ങുമ്പോൾ കോമാ സ്റ്റേജിലാണ്. ആത്മാവ് നമ്മളിലുള്ള ജ്ഞാനവും അറിവുമാണ്. അത് ദൈവം നമുക്ക് തന്നിരിക്കുന്ന വിലയേറിയ ദാനമാണ്. ദേഹം ജഡമാണ് അത് മണ്ണിൽ അലിഞ്ഞു ചേരും. നാം ഉറങ്ങുമ്പോൾ നമ്മുടെ ജ്ഞാനവും അറിവും നമ്മളെ കോമാ സ്റ്റേജിലാക്കി മാറിനിൽക്കുമെന്നു പറയുന്നു. ദേഹവും ദേഹിയും ആത്മാവുംകൂടി ഒത്തുചേരുമ്പോൾ നാം ഈ ഭൂമിയിൽ ഇങ്ങനെ ജീവിക്കുന്നു. സമയമാകുമ്പോൾ മരണരൂപത്തിൽ എല്ലാം നമ്മളിൽനിന്ന് എന്നന്നേക്കുമായി അടർന്നു മാറുന്നു. ജീവിച്ചതിന്റെ കണക്കു പറയുവാൻ തയ്യാറെടുക്കാനുള്ള സമയവുമായി മരണം മുൻപിലെത്തുന്നു.

"പോകുന്നേൻ നൽകാ-നെന്റെ കണക്കെല്ലാം
സർവ്വരഹസ്യവിധീശൻ തൻ തിരുസന്നിധിയിൽ".

## വെയിറ്റ് ലോസ് മത്സരം



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ക്നാനായ കോൺഗ്രസ് വെയിറ്റ് ലോസ് മത്സരത്തിൽ വിജയികളായവർക്ക് പുതുഞായറാഴ്ച വികാരി ഫാ. ജേക്കബ് കല്ലുകുളം സമ്മാനങ്ങൾ നൽകി. കെ. കെ. ചാക്കോ കൂർക്കക്കാലായിൽ, ജേക്കബ് ഷൈൻ പ്ലാന്തോട്ടം, വിനോദ് ജേക്കബ് പുലുത്തുരുത്തിൽ, ലിറ്റോ മണക്കാട്ട്, സേതു കോയിത്തറ, ജിക്കു തൈത്തറ എന്നിവർ പ്രസംഗിച്ചു. മനു മോനിച്ചൻ കരിയിൽ, ഡെല്ലാ ബിജു പുലുത്തുരുത്തിൽ, ജിമ്മി ജോസഫ് പ്ലാന്തോട്ടം, ഷീന ഏലിയാസ് തറയിൽ മുളക്കാൻചിറ എന്നിവർ സമ്മാനാർഹമായി.

# സത്യത്തിലേക്കുള്ള നടപ്പാത

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

നിത്യജീവിതത്തിൽ സാധാരണ പറഞ്ഞുവരുന്ന ചില വാക്കുകളുടെ അർത്ഥത്തെക്കുറിച്ച് പീലാത്തോസിനെപ്പോലെ നാമും ചിന്തിക്കാറില്ല. പീലാത്തോസ് യേശുവിനോട് “സത്യം എന്നാൽ എന്ത്?” എന്ന് ചോദിച്ചു. (യോഹന്നാൻ 18:38). മാതൃഭാഷയിൽ സംസാരിക്കുന്നവർക്ക് ഇഷ്ടം പോലെ വാക്കുകൾ ഉപയോഗിക്കാം. ചില പദങ്ങൾ കലഹങ്ങൾ ഉണ്ടാക്കുന്നു. വലിയ ശത്രുതയും ഉണ്ടാക്കുന്നു. ഉത്തരവാദപ്പെട്ട രീതിയിലല്ല നാം വാക്കുകൾ ഉപയോഗിക്കുന്നത് എന്നർത്ഥം. ഏതെങ്കിലും ഒരു പദം ഉച്ചരിച്ചത് അബദ്ധമായിപ്പോയി എന്ന് ആരെങ്കിലും കുറ്റപ്പെടുത്തിയാൽ നാമെല്ലാം പറയുക ഇങ്ങനെയാണ്. ഞാൻ അങ്ങനെയല്ല ഉദ്ദേശിച്ചത്. ഉദ്ദേശിച്ചത് അങ്ങനെയല്ല എന്നു പറഞ്ഞാൽ സകല കുറ്റങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാം. എന്നാൽ വിവേകികൾ ചെയ്യേണ്ടത് അങ്ങനെയല്ല. ഉദ്ദേശിക്കുന്ന അർത്ഥം തന്നെ താൻ തെരഞ്ഞെടുക്കുന്ന വാക്കിൽ ഉണ്ടായിരിക്കണം.

സങ്കീർണ്ണമെന്ന് തോന്നാവുന്ന ഒരു കാര്യത്തെക്കുറിച്ച് ലളിതമായി ചിന്തിക്കുകയാണ്. നാം എപ്പോഴും പ്രയോഗിക്കുന്ന ഒരു വാക്കാണ് സത്യം എന്നത്. സത്യത്തെ എല്ലാവരും ഇഷ്ടപ്പെടുന്നു. സത്യം പറയണമെന്ന പ്രയോഗം ഏതു കുട്ടിക്കും അറിയാം. കോടതിയിലെ ജഡ്ജി മാത്രമല്ല സത്യത്തെ ഇഷ്ടപ്പെടുന്നത്. ഭൂമുഖത്തെ എല്ലാ മനുഷ്യരും സത്യത്തെ സ്നേഹിക്കുന്നു. യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചതെന്നറിയാൻ എല്ലാവർക്കും താല്പര്യമുണ്ട്. ഇതിനിടയിൽ യഥാർത്ഥത്തിൽ എന്ന വാക്ക് ഇവിടെ പ്രയോഗിച്ചുവല്ലോ. വാസ്തവത്തിൽ യഥാർത്ഥം എന്ന് പറയുന്നതു തന്നെയാണ് സത്യം എന്നത്. ശരിയായ അർത്ഥം എന്നാണ് യഥാർത്ഥം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെയെങ്കിൽ യഥാർത്ഥവും സത്യവും ഒന്നു തന്നെയാണ്. വാസ്തവത്തിൽ എന്ന വാക്കും ഇപ്പോൾ പ്രയോഗിച്ചുകഴിഞ്ഞു. ചിന്തിച്ചുനോക്കിയാൽ യഥാർത്ഥം തന്നെയാണ് വാസ്തവം. സംശയം വേണ്ട വാസ്തവം തന്നെയാണ് സത്യം. സത്യത്തോടുള്ള സ്നേഹം എല്ലാ ജീവജാലങ്ങളിലുമുണ്ട് എന്നതാണ് സത്യം. സത്യത്തോട് നാം ചേർത്തുപറയുന്ന ഒരു വാക്കാണ് ധർമ്മം എന്നത്. ധർമ്മം എന്ന പദവും നമുക്ക് സുപരിചിതമാണ്.

വഴക്കിടുമ്പോൾ ധർമ്മബോധത്തെക്കുറിച്ച് നാം പറയാറുണ്ടല്ലോ. ധരിച്ചിരിക്കുന്നത് എന്നാണ് ധർമ്മം എന്ന വാക്കിന്റെ അർത്ഥം. ഈ ലോകത്തെ ധരിച്ചിരിക്കുന്ന നീതിവ്യവസ്ഥയാണ് ധർമ്മം. ധർമ്മത്തിന് മാറ്റമില്ല. പ്രപഞ്ചത്തിൽ ആകെ ഒരു ധർമ്മമേയുള്ളൂ. അങ്ങനെ ചിന്തിച്ചാൻ സത്യം തന്നെയാണ് ധർമ്മം എന്നത് വ്യക്തമാണ്. ഇളനീര്, തേങ്ങ, നാളികേരം എന്നൊക്കെ പറയുന്നമാതിരി യഥാർത്ഥത്തിൽ എല്ലാം ഒന്നുതന്നെയാണ്. യഥാർത്ഥം, വാസ്തവം, സത്യം എന്നിവയോടൊപ്പം ധർമ്മത്തെയും നമുക്ക് ചേർത്തുവയ്ക്കാമെങ്കിൽ ഇനി ജ്ഞാനം എന്ന പദത്തെക്കുറിച്ച് ചിന്തിക്കാം.

അറിവിനെയാണല്ലോ ജ്ഞാനം എന്നുവിളിക്കുക. ഒരു കാര്യത്തെക്കുറിച്ച്സത്യസന്ധമായി അറിയുക. അതാണ് ജ്ഞാനം. നേർ അറിയുന്നവൻ ജ്ഞാനി. അതും സത്യം തന്നെയാണ്. അതുകൊണ്ടാണ് ജ്ഞാനികൾ സത്യസന്ധരായിരിക്കണമെന്ന് പറയുന്നത്. സത്യത്തെക്കുറിച്ച് ബോധമുള്ളവർ ജ്ഞാനികളാകുന്നു. സത്യവും ധർമ്മവും ജ്ഞാനവും ഒന്നാണെങ്കിൽ അതുതന്നെയാണ് ദൈവം എന്ന പദത്തിനർത്ഥം. ദൈവം സത്യമാകുന്നു എന്ന് പ്രവാചകന്മാർ പറഞ്ഞത് ഈ അർത്ഥത്തിലാണ്. ദൈവത്തിന്റെ അടിസ്ഥാനം സത്യമാണ്. അത് തികച്ചും ആന്തരികമാണ്. നാമെല്ലാം ആന്തരിക മനസ്സുകൊണ്ട് വാസ്തവത്തെ സ്നേഹിക്കുന്നവരാണ്. യഥാർത്ഥത്തെ അറിയുന്നവരാണ്. ഉള്ളിന്റെയുള്ളിൽ എല്ലാവരും ജ്ഞാനികളാണ്.

നമുക്കു ചുറ്റും ഒരു ലോകമുണ്ട്. ആ ലോകത്തിലാണ് നാം ജീവിക്കുന്നത്. അതുപോലെ തന്നെ നമ്മുടെ അകത്തും ഒരു ലോകമുണ്ട്. അകത്തുള്ള ലോകത്തിന് എത്ര പ്രാധാന്യമുണ്ടോ അത്രയും പ്രാധാന്യം പുറത്തുള്ള ലോകത്തിനുമുണ്ട്. ഇവ രണ്ടും യോജിക്കണം. സമഭാവത്തിൽ നിൽക്കണം. അകവും പുറവും തമ്മിൽ ഒരു വിളക്കിച്ചേർക്കൽ ആവശ്യമാണ്. ഇതിന്റെ പേരാണ് ഭക്തി എന്നത്. അങ്ങനെ ചിന്തിച്ചാൽ ഭക്തിയും സത്യവും ഒന്നുതന്നെയാണ്.

നമുക്കെല്ലാം നമ്മുടെ വിശ്വാസത്തെ മുറുകെ പിടിക്കാം. ഇനിയുള്ള ജീവിതത്തിൽ ഓരോ ദിവസവും സന്തോഷകരമായി മാറട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. സത്യത്തിലേക്കുള്ള നടപ്പാതയാണ് പ്രാർത്ഥന. അതുകൊണ്ടുതന്നെയാണ് സത്യം ജയിക്കട്ടെ എന്ന് എല്ലാവരും പ്രാർത്ഥിക്കുന്നത്.

●


## പ്രധാന ശുശ്രൂഷകനെ ആവശ്യമുണ്ട്

വെളിയനാട് മാർ സ്തേഫാനോസ് ക്നാനായ വലിയ പള്ളിയിലേക്ക് പ്രധാന ശുശ്രൂഷകനായി ജോലി ചെയ്യുവാൻ ശുശ്രൂഷാ തല്പരരും, സേവന സന്നദ്ധരുമായ ആളിനെ ആവശ്യമുണ്ട്. താല്പര്യമുള്ളവർ ബന്ധപ്പെടുക.

PH. 9605380601 (ട്രസ്റ്റി)

**സെന്റ് സ്റ്റീഫൻസ് ക്നാനായ വലിയപള്ളി**

**വെളിയനാട്**

കവിത

# ദൈവ കരുണ ലഭിക്കുവാൻ

ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം

അല്ലയോ, മക്കളേ പ്രാർത്ഥിച്ചീടുക
സകല പാപങ്ങളും മോചിക്കുവാൻ
കരുണയുടെ വാതിൽ തുറന്നിടുവാൻ
ദൈവകരുണയ്ക്കായി പ്രാർത്ഥിക്കുക.

ഈശൻ, നമുക്കുവേണ്ടിയുള്ള
പീഡാസഹനം, ക്രൂശ്മരണം, ഉത്ഥാനം
എന്നിവയുടെ യോഗ്യതയാൽ
നമുക്ക് കരുണ ലഭിച്ചിടുമേ

ദൈവം പരിശുദ്ധനായിടുന്നു
ദൈവം സ്നേഹം ആയിടുന്നു
കരുണ നിറഞ്ഞോരീശൻ
നീതിയോടെ ന്യായം വിധിച്ചിടുന്നു

പൂർണ്ണ വിശ്വാസത്തോടെ പ്രാർത്ഥിക്കുക
കരുണയ്ക്കായി ഈശനോടു ചോദിക്കുക
സഹജീവികളോട് കരുണ കാണിക്കുക
പരസ്പര സ്നേഹം പങ്കുവെയ്ക്കുക

വാക്കിലൂടെ, പ്രവൃത്തിയിലൂടെ, പ്രാർത്ഥനയിലൂടെ
സോദരനെ ചേർത്തു പിടിച്ചിടുകിൽ
കരുണയുടെ വാതിൽ തുറന്നിടുമേ
ക്ഷണികമാം ജീവിതം ധന്യമാക്കാം

കരുണയുടെ വാതിൽ തുറന്നിടുവാൻ
ദൈവമേ, പാപിയാം എന്നോടു
കരുണ ചൊരിയു എന്നുള്ള പ്രാർത്ഥനയാൽ
കുമ്പസാരിക്കൂ മോചനം നേടൂ

പൂർണ്ണ വിശ്വാസം കർത്തനിലർപ്പിച്ചിട്ട്
കരുണയ്ക്കായി യാചിക്കുന്നവൻ
എത്ര കൊടുംപാപിയാണെങ്കിലും
ഈശൻ, അവനിൽ കരുണ ഒഴുക്കും.

ശരീരത്തിനടുത്ത കരുണ കാണിക്കൂ
ദരിദ്രനെ, ചേർത്തു പിടിച്ചീടുക
രോഗിയ്ക്ക് ആശ്വാസം പകർന്നു കൊടുക്കൂ!
മരിച്ചവരുടെ അടക്കത്തിൽ പങ്കെടുക്കൂ!

ആത്മാവിനടുത്ത കരുണ കാണിക്കൂ
മറ്റുള്ളവർ ചെയ്ത ഉപദ്രവങ്ങളൊക്കെ
പൂർണ്ണമായി ക്ഷമിച്ചു ചേർത്തു പിടിക്കൂ!
അവനെ അനുഗ്രഹിച്ചു പ്രാർത്ഥിച്ചീടൂ!

അറിവില്ലാത്തവർക്ക് നന്മ പറഞ്ഞു കൊടുക്കൂ
ദുഃഖിതരെ ആശ്വസിപ്പിക്കൂ
തെറ്റു ചെയ്യുന്നവരെ സ്നേഹപൂർവ്വം ഉപദേശിക്കൂ
ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും
വേണ്ടി പ്രാർത്ഥിക്കുക.
കർത്തന്റെ തിരുഹൃദയത്തിൽ
നിന്നൊഴുകിയ തിരുരക്തമേ
തിരുജലമേ നിന്നെ
ഞാൻ വണങ്ങി നമിച്ചിടുന്നു

കാരണം കൂടാതെ ശത്രുക്കളുണ്ടായാൽ
സന്തോഷിപ്പീൻ, സന്തോഷിപ്പീൻ,
സഹനത്തിൽ പാതയിൽ കടത്തിവിട്ടീശൻ
വിശുദ്ധ പദവിയിലേക്ക് ഉയർത്തിടുന്നു

കുമ്പസാരം എന്ന കൂദാശയിൽകൂടി
കർത്തൻ, നിന്നെ ശുദ്ധീകരിക്കും
പാപം തട്ടിയെടുത്തതെല്ലാം
കർത്തന്റെ കരുണ തിരിച്ചുതരും


**RENTAL VILLA**

**(Short and long Stay)**
**In Chingavanam**

**Luxury 5 bed room Villa**
**with 3 rooms**
**AC and fully Furnished with Parking**

**Distance:**

| | |
|---|---|
| Cochin Airport | - 85 KM |
| Thiruvanathapuram Airpot | - 140 KM |
| Kottayam Railway Station | - 9 KM |

**Contact :**
**Vishal. K.Cherian**
**8592861271, 9447390805**

# Courage and determination in struggle

**Seema Shinto Kanniyel Ranni**

### "For God has not given us a spirit of fear, but of power, love, and a sound mind." 2 Timothy 1:7

"When we reflect on these Bible verses, they fill us with strength and courage. Our Heavenly Father sovereignly guides our lives and is fully aware of every moment we go through. In times of struggle, we should remind ourselves that God stands with those who endure hardships, not with those who remain in comfort. When we pass through times of struggle, we should hold on to this truth: Almighty God has endowed us with the strength to overcome every trial and temptation in life, and with a steadfast mind to rise above the negative circumstances we are facing.

When we read holy bible judges chapter 6 we can see Gideon's life. The Israelites did evil in the eyes of the LORD, and for seven years he gave them into the hands of the Midianites. Because the power of Midian was so oppressive, the Israelites prepared shelters for themselves in mountain clefts, caves and strongholds. Whenever the Israelites planted their crops, the Midianites, Amalekites and other eastern peoples invaded the country. They camped on the land and ruined the crops all the way to Gaza and did not spare a living thing for Israel, neither sheep nor cattle nor donkeys. They came up with their livestock and their tents like swarms of locusts. It was impossible to count them or their camels; they invaded the land to ravage it. Midian so impoverished the Israelites that they cried out to the LORD for help.

God Almighty chose a man named Gideon to save the Israelites from the hands of the Midianites. The Angel of the Lord came to Gideon and told him that he would save the Israelites from the Midianites. Gideon replied, "Pardon me, my lord, but how can I save Israel? My clan is the weakest in Manasseh, and I am the least in my family." The Lord answered, "I will be with you, and you will strike down all the Midianites, leaving none alive."

At first, Gideon felt weak and unsure, thinking he was not strong enough for such a great task. However, when the Lord assured him, "I will be with you," Gideon found the courage to face his fears. This situation teaches us that even when we feel small or unimportant, courage and determination can help us overcome challenges. With faith and perseverance, Gideon rose above his doubts and bravely took on the struggle to save his people. At the beginning, Gideon was not very confident. When the angel called him to save Israel, he showed weakness and doubt. He felt that he was not capable of taking on such a risky task. He questioned himself, wondering how he could possibly do it, which is why he showed fear and uncertainty. His reaction reflects the thinking of a common human being—people often feel afraid and doubtful when they face big challenges in life. Gideon saved Israel because he listened to God's word. Instead of giving up, he gradually built confidence and kept moving forward. He trusted God's guidance rather than relying only on his own strength. His story shows that courage does not always mean being fearless; it often means acting even when we feel afraid. Gideon's life teaches us that our strength can grow through faith, and when we truly believe and trust in God, great things can happen.

Be strong and courageous. Do not be afraid… for the Lord your God goes with you; He will never leave you nor forsake you Deuteronomy 31:6.When we go through trials, challenges, and difficult situations in life, we must remain strong and courageous. Those who believe in God do not need to be afraid, because the Almighty is always with them wherever they go.

No one is free from trials and difficult situations in life. If we put our trust in God,

He will save us. So be brave and move forward. He is our defender, our tower of refuge, and our strong rock—always with us. ●

**HOUSE PLOTS FOR SALE**
Dream Valley, Saippukavala
Chingavanam
1 KM from M.C. Road
Tel. 9744881237
Email: kelachandra@gmail.com

# നിന്റെ പേര് യാക്കോബ് എന്നല്ലാ യിസ്രായേൽ എന്നറിയപ്പെടും

സണ്ണി ഇളംപുരയിടത്തിൽ, നെല്ലിക്കമൺ, റാന്നി

തനിക്ക് ഉള്ളവരെ ഒക്കെയും അക്കരെ കടത്തിയശേഷം യാക്കോബ് തനിയെ ശേഷിച്ചു. അപ്പോൾ ഒരു പുരുഷൻ ഉഷസ്സ് ആകുവോളം അവനോട് മല്ല് പിടിച്ചു, അവനെ ജയിക്കുകയില്ല എന്ന് കണ്ടപ്പോൾ ദൂതൻ അവന്റെ തുടയുടെ തടം തൊട്ടു. ആകയാൽ അവനോട് മല്ല് പിടിക്കുകയാൽ യാക്കോബിന്റെ തുടയുടെ തടം ഉളുക്കിപ്പോയി. എന്നെ വിടുക ഉഷസ്സ് ഉദിക്കാറായി എന്ന് അവൻ പറഞ്ഞതിന് "നീ എന്നെ അനുഗ്രഹിച്ചിട്ടല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്ന് അവൻ പറഞ്ഞു." നീ ദൈവത്തോടും മനുഷ്യരോടും മല്ല് പിടിച്ച് ജയിച്ചതുകൊണ്ട് നിന്റെ പേര് യാക്കോബ് എന്നല്ലാ യിസ്രയേൽ എന്ന് വിളിക്കപ്പെടും. ഉല്പ. 32:23-28

പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്നില്ല എന്നുള്ള പരാതികൾ ആത്മീയ ലോകത്ത് ഇന്ന് സർവ്വ സാധാരണമാണ്. നോമ്പുകൾ അനുഷ്ഠിക്കുകയും പതിവായി ഉപവസിക്കുകയും ആരാധനയിൽ മുടക്കം കൂടാതെ പങ്കെടുക്കുകയും ചെയ്തിട്ടും തങ്ങളുടെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്നില്ല എന്ന കാരണത്താൽ പ്രാർത്ഥനകൾ നിർത്തുന്നവരും മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നവരും ഇന്ന് ക്രൈസ്തവ ലോകത്ത് കുറവല്ല. അങ്ങനെയുള്ള സഹോദരങ്ങൾ യബ്ബോക്കിന്റെ തീരത്ത് പ്രാർത്ഥിക്കുന്ന യാക്കോബിനെ മാതൃകയാക്കണം. പ്രതികാര വാഞ്ചയോടെ 400 പേരുമായി വരുന്ന ഏശാവിന്റെ കൈയ്യിൽനിന്ന് തന്റെ 20 വർഷത്തെ സമ്പാദ്യങ്ങളും ഭാര്യമാരെയും മക്കളെയും ദാസിമാരെയും രക്ഷിക്കാൻ ദൈവത്തിനു മാത്രമെ കഴിയുക ഉള്ളു എന്ന് യാക്കോബിന് അറിയാമായിരുന്നു. അതിനുവേണ്ടി നീ എന്നെ അനുഗ്രഹിച്ചിട്ടല്ലാതെ ഞാൻ നിന്നെ വിടുകയില്ലാ എന്ന് പറഞ്ഞു അവൻ ദൈവത്തിന്റെ ദൂതനുമായി യബ്ബോക്കിന്റെ തീരത്തുവച്ച് രാത്രിയുടെ യാമങ്ങൾ മുഴുവൻ മല്ല് പിടിച്ചു. അപ്പോൾ അവന്റെ ഇടുപ്പ് ഉളുക്കിയെങ്കിലും അവൻ പിൻമാറിയില്ല. അവസാനം അവൻ ആ ചോദ്യം കേട്ടു? നിന്റെ പേരെന്ത്? യാക്കോബ് എന്ന് അവൻ മറുപടി നല്കി. അവന്റെ പേര് അറിയാഞ്ഞിട്ടല്ല ദൈവം അവനോട് ആ ചോദ്യം ചോദിച്ചത്? പിന്നയോ 20 വർഷങ്ങൾക്ക് മുമ്പ് കണ്ണിന് കാഴ്ച മങ്ങിയ സ്വപിതാവിനെ അവൻ പേരു മാറ്റി കബളിപ്പിച്ചത് ദൈവം അവന് ചൂണ്ടിക്കാണിച്ചുകൊടുക്കുകയായിരുന്നു. തന്റെ കുറ്റം അവൻ ഏറ്റു പറഞ്ഞപ്പോൾ ദൈവം അവനെ അനുഗ്രഹിച്ചു. യിസ്രയേൽ എന്ന പുതിയ പേര് നൽകി അനുഗ്രഹിച്ചു. പലപ്പോഴും നമ്മുടെ നിരന്തരമായപ്രാർത്ഥനയിൽ ഒന്നിനു പോലും മറുപടി ലഭിക്കാതെ ഇരിക്കുന്നതിന്റെ കാരണം നമ്മുടെ പാപങ്ങളും പാപസ്വഭാവങ്ങളും തന്നെയാണ്. പാപത്തിന്റെ പ്രലോഭനങ്ങളിൽ വീണുപോകാതെ വിശുദ്ധിയോടും വിശ്വസ്ഥതയോടും ദൈവത്തോട് പറ്റി നിൽക്കുന്നവർക്ക് മാത്രമേ ദൈവത്തിന്റെ വാഗ്ദാനങ്ങൾ പ്രാപിക്കുന്നതിന് കഴിയുക ഉള്ളു എന്ന് യാക്കോബിന്റെ ജീവിതം തെളിയിക്കുന്നു. അത് ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുവാൻ നമുക്ക് തയ്യാറാകാം. ഒരു പുതിയ സൃഷ്ടി ആയിത്തീരാൻ നമുക്കും ശ്രമിക്കാം. പൂർവ്വപിതാവായ യാക്കോബിനെ അനുഗ്രഹിച്ച ദൈവം നമ്മെയും അനുഗ്രഹിക്കുമാറാകട്ടെ!

ലോകത്തിൻ ദൃഷ്ടിയിൽ ഞാൻ
ഒരു ഭോഷനായ് തോന്നിയാലും
ദൈവത്തിൻ ദൃഷ്ടിയിൽ ഞാൻ
എന്നും ശ്രേഷ്ഠനായ് മാറിടുന്നു. (അബ്രഹാമിൻ)

മനുഷ്യനിൽ ആശ്രയമായ്
ഇനി വേണ്ട നിശ്ചയമായ്
ദൈവത്തിൽ ആശ്രയമോ
അത് ഒന്നാണെനിക്കഭയം (അബ്രഹാമിൻ)

ഒന്നിനെക്കുറിച്ചിനിയും
എനിക്ക് ആകുല ചിന്തയില്ല
ജീവ മന്നാ തന്നവൻ എന്നെ
ക്ഷേമമായി പാലിക്കുന്നു

സീയോൻ യാത്രയിൽ മനമേ ഭയം ഒന്നും
വേണ്ടിനിയും
അബ്രഹാമിൻ ദൈവം യിസഹാക്കിൻ
ദൈവം യാക്കോബിൻ ദൈവം
എന്നും കൂടെ ഉള്ളതാൽ.

## 'EMPOWER THE YOUTH'

എറണാകുളം സെന്റ് മേരീസ് ക്നാനായ പള്ളിയിൽ എല്ലാ മാസവും നടത്തിവരാറുള്ള 'Empower the youth' program ന്റെ ഭാഗമായി സംഘടിപ്പിച്ച The unfiltered successful journey of Milan Design' പരിപാടിയിൽ Kochi Milan design CEO Sherly റെജിമോനുമായി ഒരു talk show പള്ളിയിലെ യുവജനങ്ങൾ നടത്തുകയുണ്ടായി. ഒരു സംരംഭകയായി താൻ കടന്നുപോയ അനുഭവങ്ങൾ പങ്കുവെക്കുകയും ആത്മവിശ്വാസവും പരിശ്രമവും ഉണ്ടെങ്കിൽ യുവജനങ്ങൾക്ക് വലിയ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്നും Sherly Rejimon അഭിപ്രായപ്പെട്ടു.

# ഭാഗ്യവാൻ...

ഷിജു എബ്രഹാം, വടക്കേമണ്ണിൽ, ഡാലസ്, ടെക്സാസ്

നമ്മുടെ ജീവിതത്തെക്കുറിച്ചും, അതിൽ നിന്ന് നമ്മൾ എന്താണ് പഠിച്ചതും നേടിയതും എന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, ആദ്യം മനസ്സിലേക്കെത്തുന്നത് സോളമൻ രാജാവ് ആണ്. ബൈബിളിലും ചരിത്രത്തിലും പ്രസിദ്ധനായ രാജാവ്.

അദ്ദേഹം ലോകത്തിലെ ഏറ്റവും സമ്പന്നനും ശക്തനും അറിവുള്ളവനും സുന്ദരനും ആയിരുന്നു. രാജാവായിരുന്ന അദ്ദേഹത്തിന് ഒരാൾ ജീവിതത്തിൽ ആഗ്രഹിക്കുന്നതെല്ലാം ഉണ്ടായിരുന്നു.

സമ്പത്ത്, അധികാരം, ജ്ഞാനം, എല്ലാവിധ രാജകീയ സുഖങ്ങളും, എന്നാൽ ഈ സുഖ-സൗഭാഗ്യങ്ങളെല്ലാം എല്ലാം അനുഭവിച്ച ശേഷം, തന്റെ ജീവിതത്തെ തിരിഞ്ഞു നോക്കിയപ്പോൾ, ജീവിതം അർത്ഥശൂന്യമാണ്. "എല്ലാം മായയാണ്" എന്നാണ് അദ്ദേഹം പറഞ്ഞത്.

ഇതിന്റെ അർത്ഥം നമ്മൾ പിന്തുടരുന്ന പല കാര്യങ്ങളും താല്ക്കാലികവും ശൂന്യവുമാണ്. സമ്പത്ത്, വിജയം, ആനന്ദം ഇവയിൽ ഒന്നും ദീർഘകാല അർത്ഥവും നിറവുമൊന്നും നൽകുന്നില്ല. എല്ലാം താൽക്കാലികമാണ്.

"എല്ലാറ്റിനും ഒരു കാലമുണ്ട്." ജീവിതം ചക്രങ്ങളായി സഞ്ചരിക്കുന്ന ജനനം, മരണം, സന്തോഷം, ദുഃഖം ഒന്നും സ്ഥിരമല്ല. എല്ലാം നിയന്ത്രിക്കാൻ ശ്രമിക്കുന്നത്. ഫലപ്രദവുമല്ല.

സമ്പത്തും, സുഖവും, ജോലിയും, ജ്ഞാനവുംപോലും പൂർണ്ണ സംതൃപ്തി നൽകുന്നില്ല. സുഖം നിലനിൽക്കില്ല. സമ്പത്ത് നിറവേകില്ല. ജ്ഞാനംപോലും മരണത്തിൽ അവസാനിക്കുന്നു.

ജീവിതത്തിൽ സംതൃപ്തി നേടുന്നത് നമ്മൾ കൈവശം വെക്കാവുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്നാണ്. നമുക്ക് ലഭിച്ചിരിക്കുന്നതിൽ തൃപ്തരാകാൻ നമ്മൾ പഠിക്കണം, കാരണം തൃപ്തിയില്ലായ്മ ജീവിതത്തിൽ നിരവധി പ്രശ്നങ്ങൾക്കും കാരണമാകുന്നു.

മറ്റൊരു മോശമായ സ്വഭാവം സ്വാർത്ഥതയും അവസരവാദിത്വവുമാണ്. നാം നമ്മുടെ ചുറ്റുപാടുകളും ഈ വിശ്വവും പരിഗണിക്കണം. പരസ്പരം പരിചരിക്കാനും, പങ്കുവെക്കാനും, നമ്മെ സ്നേഹിക്കുന്നതുപോലെ നാം മറ്റുള്ളവരെ സ്നേഹിക്കുവാനും സ്വയം അഭ്യസിക്കണം. ചിലർ സ്വന്തം നേട്ടത്തിനായി മാത്രമാണ് എല്ലാം ചെയ്യുന്നത്. ലഭിക്കുന്ന അവസരങ്ങൾ എല്ലാം സ്വന്തം ഗുണത്തിനായി മാത്രം ഉപയോഗിക്കുന്നു.

നമ്മൾ എല്ലാവരും "ഈ ലോകം എല്ലാവർക്കുമുള്ളതാണ്" എന്ന മനോഭാവത്തോടെ ഒരുമിച്ച് ജീവിച്ചാൽ, ഈ ലോകം സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ സാധിക്കുന്ന സ്വർഗ്ഗമായി മാറ്റുവാൻ നമുക്ക് സാധിക്കും.

സമ്പത്തിന്റെയോ, സൗഭാഗ്യത്തിന്റെയോ, അല്ലെങ്കിൽ, നിറത്തിന്റെയോ, ജാതിയുടെയോ, മതത്തിന്റെയോ ഉയർച്ച താഴ്ചകളുടെ അടിസ്ഥാനത്തിൽ, മറ്റുള്ളവരുമായി താരതമ്യം ചെയ്യാതെ, ഓരോരുത്തരും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കണം. നമ്മുടെ ശരീരത്തിലെ ഓരോ അവയവത്തിനും അതിന്റേതായ പ്രത്യേക പ്രവർത്തനവും സ്ഥാനവുമുണ്ട്. അതുപോലെ സമൂഹത്തിലും ഓരോരുത്തർക്കും അവരുടേതായ പ്രത്യേക പങ്കുണ്ട്. ആരും മറ്റാരിലും കൂടുതൽ പ്രധാനപ്പെട്ടവരല്ല. എന്നാൽ എല്ലാവരും ഒരുപോലെ പ്രധാനപ്പെട്ടവരുമാണ്.

നാം ഒരു വിമാനത്തിലോ റോക്കറ്റിലോ ഉയരത്തിലേക്ക് ഉയരുമ്പോൾ, അടുത്തിരിക്കുമ്പോൾ വലിയതായി തോന്നുന്ന കാര്യങ്ങൾ ഉയരത്തിലേക്ക് പോകുമ്പോൾ ചെറിയതായി തോന്നും. അതുപോലെ, നമ്മുടെ മനസ്സ് ഉയർന്ന ചിന്തകളിലേക്ക് ഉയരുമ്പോൾ, വലിയ പ്രശ്നങ്ങളും ചെറുതായി തോന്നും. നാം വസിക്കുന്ന ഭൂമിയും, അതുൾക്കൊള്ളുന്ന പ്രപഞ്ചവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ചെറിയതാണ്.

അതുകൊണ്ട്, നാം ഉയർന്ന ചിന്തകൾ വളർത്തുകയും, സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ ശ്രമിക്കയും ആണ് വേണ്ടത്. അതോടൊപ്പം, ഓരോ ദിവസവും നമ്മൾ രണ്ട് മനോഭാവങ്ങളോടെ ജീവിക്കണം. ഒന്നാമത്, ഇന്നാണ് നമ്മുടെ അവസാന ദിവസം എന്നപോലെ നന്മ ചെയ്യുകയും, മറ്റുള്ളവരെ സഹായിക്കുകയും, എല്ലാ മനുഷ്യരോടും ജീവികളോടും സൃഷ്ടികളോടും സ്നേഹം കാണിക്കുകയും വേണം. രണ്ടാമത്, നാം ദീർഘകാലം ജീവിക്കുമെന്ന് കരുതി കഠിനമായി പ്രവർത്തിക്കുകയും, വലിയ സ്വപ്നങ്ങൾ കാണുകയും, നമ്മുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ ശ്രമിക്കുകയും വേണം.

എല്ലാത്തിനുമുപരി, ആരെയും, ഏതൊരു ജീവിയെയും വേദനിപ്പിക്കാതെ, എവിടെയായാലും കരുണയും സ്നേഹവും സമാധാനവും പരത്തിക്കൊണ്ട് നാം ജീവിതം നയിക്കാം.

എയർ കണ്ടീഷന്റെ താപനില ഓട്ടോമാറ്റിക് നിയന്ത്രണത്തിലൂടെ ക്രമീകരിക്കുന്നതുപോലെ, നമ്മുടെ മനസ്സിനെയും നിയന്ത്രിക്കാൻ നമുക്ക് പഠിക്കാം. നമ്മുടെ ചിന്തകളും വികാരങ്ങളും നിയന്ത്രിക്കുന്നത് വളരെ പ്രധാനമാണ്. പ്രത്യേകിച്ച് സന്തോഷവും ദുഃഖവും എന്ന പരിധികളിൽ ഈ വികാരങ്ങളുടെ പരിധി വ്യക്തികളുടെ മനോവ്യാപാരം അനുസരിച്ചു വ്യത്യാസപ്പെടാം. എന്നാൽ അവയെ നിയന്ത്രിക്കാനുള്ള കഴിവ് നമ്മിൽ രൂപപ്പെടുത്തിയെടുക്കുക എന്നത് നാം ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

നമുക്ക് വലിയ നേട്ടങ്ങൾ ഉണ്ടാകുമ്പോഴും, വലിയ വിജയങ്ങൾ നമ്മെ തേടിയെത്തുമ്പോഴും നമുക്ക് സന്തോഷം അനുഭവപ്പെടുമ്പോൾ, നാം ആത്മീയ നിയന്ത്രണം പാലിച്ചു വിനയത്തോടെ തുടരേണ്ടതാണ്. നമ്മുടെ പദവിയിലോ ജീവിത സൗഭാഗ്യങ്ങളിലോ അഹങ്കരിക്കാതെ അത്തരം നിമി

ഷങ്ങൾ താല്ക്കാലികമാണെന്ന് ഓർത്ത്, നമ്മുടെ സന്തോഷം ലളിതമായി പങ്കിടണം. ഇവയിൽ ഒന്നും ജീവിതത്തിന് അന്തിമഅർത്ഥമോ സത്യമായ സന്തോഷമോ നൽകുന്നില്ല.

അതുപോലെ, നമുക്ക് ദുഃഖം അനുഭവപ്പെടുമ്പോൾ, അതിനെ ബോധപൂർവ്വം കൈകാര്യം ചെയ്യണം. അത് പങ്കിടുമ്പോൾ ആശ്വാസമോ പിന്തുണയോ ലഭിക്കുന്നുവെങ്കിൽ മറ്റുള്ളവരുമായി പങ്കിടാം. അല്ലാത്തപക്ഷം, തിരിഞ്ഞ് ദൈവിക ശക്തിയുമായി ബന്ധപ്പെടുകയും, നിശ്ശബ്ദമായ ചിന്തയിലൂടെയോ ധ്യാനത്തിലൂടെയോ നമ്മുടെ പ്രതിസന്ധികളെ അതിജീവിക്കുവാൻ നാം നമ്മെത്തന്നെ പ്രാപ്തരാക്കുവാൻ ശ്രമിക്കണം.

എല്ലാത്തിനുമുപരി, സന്തോഷവും ദുഃഖവും രണ്ടും താല്ക്കാലികമാണെന്ന് നാം സ്വയം ഓർമ്മിപ്പിക്കണം. അവ വരുകയും പോകുകയും ചെയ്യുന്നു. ക്ഷമയോടും സമചിത്തതയോടും കൂടെ നമുക്ക് അവയെ സധൈര്യം നേരിടാം. അതുപോലെതന്നെ, ക്ഷിപ്രകോപം ജീവിതത്തിലെ വളരെ മോശമായ ഒരു സ്വഭാവമാണ്. അത് നമുക്ക് തന്നെയും മറ്റുള്ളവർക്കും നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ചിലപ്പോൾ ഉണ്ടാകുന്ന മുറിവുകളും വേദനകളും എളുപ്പത്തിൽ മാറാത്തതായിരിക്കും അതുകൊണ്ട് നമുക്ക് സ്വയംനിയന്ത്രിക്കാൻ ശ്രമിക്കാം.

അതുകൊണ്ട്, സാധാരണ സന്തോഷത്തെക്കാൾ ആഴമുള്ള ഒരു കാര്യം നാം അന്വേഷിക്കണം. അത് "മനസ്സിന്റെ സമാധാനമാണ്." മനസ്സിന്റെ സമാധാനത്തോടെ ലളിതമായ കാര്യങ്ങൾ ആസ്വദിക്കുവാൻ നമ്മൾ പഠിക്കണം.

നമ്മുടെ ജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളിലും ജോലിയിലും നിരന്തരമായ സമാധാനവും, സന്തോഷവും നാം തന്നെ കണ്ടെത്തുക. കവി വചനം ഉദ്ബോധിപ്പിക്കുന്നതുപോലെ. "നമുക്ക് നാമേ പണിവതുനാകം, നരകവുമതുപോലെ.

ഓരോ ദിവസം ഒരു ദാനമായി കാണുക. അത് എവിടെ നിന്നാണ് വന്നത്, എവിടേക്കാണ് പോകുന്നത് എന്നത് നമുക്ക് വ്യക്തമല്ല. ഈ ഭൂമിയിൽ മറ്റൊരു അവസരം ലഭിക്കുമോ എന്നതും നമുക്ക് അറിയില്ല.

സമ്പത്തും അധികാരവും പ്രവർത്തനങ്ങളും വഴി സന്തോഷം താൽക്കാലികമായി ലഭിക്കാം. എന്നാൽ അത് മാനസിക സമാധാനം നൽകില്ല. അപ്പോൾ, യഥാർത്ഥ സമാധാനം എവിടെയാണ്? അത് വാങ്ങാൻ കഴിയുമോ? സമ്പത്തിലൂടെ ലഭിക്കുമോ? പ്രവർത്തനങ്ങളിലൂടെ നേടാനാകുമോ?

യഥാർത്ഥ സമാധാനം പ്രപഞ്ച സൃഷ്ടിതാവുമായി ഉള്ള ബന്ധത്തിൽ നിന്നാണ് വരുന്നത്. നന്മയോടെ ജീവിക്കുന്നതിലൂടെ മാനസിക സമാധാനം ഇല്ലെങ്കിൽ, ജീവിതം ശൂന്യമായി തോന്നും.

ഈ ചെറിയ ജീവിതം നന്മയും കൃപയും കരുണയും സ്നേഹവും നിറഞ്ഞതാക്കിക്കൊണ്ട് നമുക്ക് ജീവിക്കാം. "പരോപകാരമേ പുണ്യം, പാപമേ പരപീഡനം" എന്ന ആപ്തവാക്യം നമുക്ക് നമ്മോടു തന്നെ പറയാം.

എന്റെ ജീവിതത്തിൽ ഞാൻ പഠിച്ചതെന്തെന്നാൽ, നാം സ്നേഹത്തോടെയും നന്മയോടെയും പെരുമാറുമ്പോൾ അനുഭവിക്കുന്ന സന്തോഷവും, സമാധാനവും നമുക്ക് ഭൗതികമായി എന്തെങ്കിലും ലഭിക്കുമ്പോൾ കിട്ടുന്ന സന്തോഷത്തെക്കാൾ ഏറെ വലുതാണ്. കൊടുക്കുന്നതിലൂടെ ലഭിക്കുന്ന സന്തോഷം ആഴമുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമാണ്. എന്നിരുന്നാലും, വളരെ കുറച്ച് ആളുകൾ മാത്രമാണ് ഈ തരത്തിലുള്ള സന്തോഷം യഥാർത്ഥത്തിൽ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നത്.


നമുക്ക് ക്ഷമിക്കാനും മറക്കാനും അഹങ്കാരം വിട്ടൊഴിയാനും പഠിക്കാനായാൽ അത് നമുക്കും, നാം ഉൾപ്പെടുന്ന സമൂഹത്തിനും വലിയൊരു അനുഗ്രഹമായിരിക്കും. നാം ഇങ്ങനെ ജീവിച്ചാൽ ലോകത്ത് തർക്കങ്ങളും നിയന്ത്രണങ്ങളും വിഭജനങ്ങളും കുറയും. ആളുകൾക്കിടയിലും സമൂഹങ്ങൾക്കിടയിലും രാജ്യങ്ങൾക്കിടയിലും ഉള്ള സംഘർഷങ്ങൾ കുറയും. സമ്മർദ്ദവും ആശങ്കകളും കുറയും, ഒടുവിൽ ദുരിതവും കുറയും.

അതുപോലെ, പലരും സമാധാനം തേടി മയക്കുമരുന്നുകളിലേക്കോ മദ്യത്തിലേക്കോ തിരിയുന്നു. എന്നാൽ, ഇത്തരത്തിലുള്ള വസ്തുക്കളിൽ ആശ്രയിക്കാതെ തന്നെ നമുക്ക് നമ്മുടെ ഉള്ളിൽ സമാധാനം കണ്ടെത്താനായാൽ, നമുക്ക് ശരിയായ ശാന്തിയോടെ അർത്ഥവത്തായ ജീവിതം നയിക്കുവാൻ കഴിയും.

സ്നേഹത്തിലും ക്ഷമയിലും മാനസിക സമാധാനത്തിലും ആധാരമാക്കിയ ജീവിതമാണ് യഥാർത്ഥ സന്തോഷത്തിലേക്കുള്ള വഴി. എന്റെ അഭിപ്രായത്തിൽ, ഏറ്റവും ഭാഗ്യവാൻ തന്റെ യൗവ്വനകാലത്ത് താൻ ആരാണെന്ന് കണ്ടെത്തുന്നവനാണ്.

"അതുകൊണ്ട്, നാം ഇപ്പോൾ തന്നെ നാം ആരാണെന്നും നാം എവിടേക്കാണ് പോകുന്നതെന്നും കണ്ടെത്താൻ ശ്രമിക്കാം".

എല്ലാവർക്കും സന്തോഷവും സമാധാനവും സൗഹൃദ ഐക്യവും നിറഞ്ഞ സമൃദ്ധമായ ജീവിതം ആശംസിക്കുന്നു.



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി,**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, യു.എസ്.എ.**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**ഒരു വിശ്വാസി, കുറിച്ചി**

**ഒരു വിശ്വാസി, രാമമംഗലം**




# കർത്താവിന്റെ പുനരുത്ഥാനവും വിശ്വാസികളുടെ പുനരുത്ഥാനവും തമ്മിലുള്ള ബന്ധം എന്ത്?

പ്രാചീനകാലം മുതൽ തന്നെ ആത്മാവിന്റെ അനശ്വരതയെക്കുറിച്ച് മനുഷ്യൻ ഏറെ ചിന്തിക്കുകയും വ്യത്യസ്ത മതങ്ങളിൽ വ്യത്യസ്തങ്ങളായ ചിന്തകളും പഠിപ്പിക്കലുകളും നിലനിൽക്കുകയും ചെയ്തിരുന്നു. പുരാതനമായ ബാബിലോണിയൻ ചിന്ത, പേർഷ്യൻ മതം, യവനായ ചിന്ത, റോമൻ ചിന്ത, യഹൂദവിശ്വാസം, ഭാരതീയ ഹൈന്ദവ വിശ്വാസം ഇവയിലൊക്കെ ഇതുകാണാം. മഹാന്മാരായ ആളുകളുടെ മൃതശരീരം കേടുകൂടാതെ സൂക്ഷിച്ചുവച്ചതും (മമ്മികൾ) പിതൃക്കൾക്കുവേണ്ടി ബലിഅർപ്പിച്ചിരുന്നതും ഒക്കെ മനുഷ്യാത്മാക്കൾ മരണാനന്തരവും ജീവിക്കുന്നു എന്നോ അഥവ വീണ്ടും ജീവിക്കും എന്നോ ഉള്ള വിശ്വാസത്തിൽ നിന്നായിരിക്കണം.

അബ്രഹാമിനെ പൂർവ്വപിതാവായി അംഗീകരിക്കുന്ന യഹൂദമതത്തിൽ തന്നെ ന്യായപ്രമാണ വ്യാഖ്യാതാക്കളായ ശാസ്ത്രിമാരും പരീശന്മാരും ഈ കാര്യത്തിൽ വ്യത്യസ്ത വിശ്വാസം ഉള്ളവരായിരുന്നു. പരീശന്മാർ മരിച്ചവരുടെ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നുവെങ്കിലും ശാസ്ത്രിമാർ അങ്ങനെ വിശ്വസിച്ചിരുന്നില്ല (മത്തായി 22:23).

വി.ബൈബിളിൽ ഉല്പ്പത്തിയിലെ ദൈവത്തിന്റെ സൃഷ്ടികർമ്മം ആത്മാവിന്റെ അനശ്വരതയെക്കുറിച്ച് ചിന്തിക്കുവാൻ കാരണമായി എന്നു കരുതാം. അതായത് ഭൂമിയും അതിലെ സകല ചരാചരങ്ങളും "ഉണ്ടാവട്ടെ" എന്നുള്ള ദൈവിക ശബ്ദത്താൽ സൃഷ്ടിക്കപ്പെടുമ്പോൾ (ഉല്പ.1:1-25) മനുഷ്യ സൃഷ്ടിയിൽ ദൈവത്തിന്റെ നേരിട്ടുള്ള ഇടപെടലും കരസ്പർശനവും കാണാം (ഉല്പ.1:26-27). അവന്റെ മൂക്കിൽ ദൈവം ജീവശ്വാസം ഊതി എന്നു പറയുമ്പോൾ (ഉല്പ.2:7) അത് വെറും ജീവൻ എന്നതിനെക്കാൾ ദൈവികമായ അംശം മനുഷ്യനിലേയ്ക്ക് പകർത്തപ്പെട്ടു എന്നും ദൈവം നിത്യനാകയാൽ ദൈവീക അംശമായ മനുഷ്യനിലെ ആത്മാവിനും നിത്യതയുണ്ടെന്നും മനുഷ്യൻ വിശ്വസിച്ചു. മനുഷ്യൻ മരിക്കുമ്പോൾ അവന്റ ജഡം മണ്ണിലേക്കും ആത്മാവ് അതിനെ നൽകിയവനിലേക്കും തിരിച്ചുപോകുമെന്ന് (സഭാപ്രസംഗി 12:7) ജ്ഞാനിയായ ശലോമോനും, മാൻ നീർത്തോടുകളിലേയ്ക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ എന്റെ ആത്മാവ് ദൈവത്തോടു ചേരുവാൻ കാംക്ഷിക്കുന്നുവെന്ന് (സങ്കീ. 42:1) സങ്കീർത്തനകാരനും പറയുമ്പോൾ അവിടെ ആത്മാവിന്റെ അനശ്വരതയെക്കുറിച്ചുള്ള മനുഷ്യന്റെ പഴയനിയമവിശ്വാസം ദർശിക്കാം.

യേശുക്രിസ്തു വന്നപ്പോൾ ആത്മാവിന്റെ നിത്യതയെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കുകയും താബോർ മലയിലെ തേജസ്കരണത്തിൽ മരിച്ച് അടക്കപ്പെട്ട മോശയേയും രൂപാന്തരം പ്രാപിച്ച് എടുക്കപ്പെട്ട ഏലിയായേയും ശിഷ്യന്മാർക്ക് കാണിച്ചുകൊടുത്തുവെങ്കിലും (മത്തായി 17:1-8, ലൂക്കോസ് 9:28-36) കർത്താവിന്റെ പുനരുത്ഥാനത്തോടുകൂടിയാണ് ആത്മാവിന്റെ അനശ്വരത ലോകത്തിന് വ്യക്തമായത്. യേശു മരിച്ചവരിൽ നിന്ന് പുനരുത്ഥാനം ചെയ്തില്ലായിരുന്നുവെങ്കിൽ ഞങ്ങളുടെ പ്രസംഗവും നിങ്ങളുടെ വിശ്വാസവും വ്യർത്ഥമാകുമായിരുന്നു എന്ന് അപ്പോസ്തോലനായ പൗലോസും പറഞ്ഞത് അതുകൊണ്ടാണ് (1 കൊരി.15:14).

"എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുമെന്നും," ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവരാരും ഒരുനാളും മരിക്കയില്ലെന്നും കർത്താവു പറഞ്ഞപ്പോൾ (യോഹ.11.25-26) അത് വിശ്വാസികൾക്ക് ആത്മാവിന്റെ അനശ്വരതയെക്കുറിച്ചുള്ള ഉറപ്പും വാഗ്ദത്തവും ആയിരുന്നു.

മരിച്ച് അടക്കപ്പെട്ട കർത്താവ് മൂന്നാം ദിവസം കല്ലറയ്ക്ക് പുറത്ത് മഗ്ദലന മറിയത്തിനും (യോഹ. 20:11-14) മുറിക്കുള്ളിൽ ഭയപ്പെട്ടിരുന്ന ശിഷ്യന്മാരുടെ നടുവിലും (യോഹ.20:19), തിബേരിയോസ് കടൽത്തീരത്തുവെച്ച് വീണ്ടും ശിഷ്യന്മാർക്കും (യോഹ. 21:1-14), എമ്മവൂസിലേക്ക് യാത്രപോയ രണ്ട് സ്നേഹിതർക്കും (ലൂക്ക് 24:13-35) ഒക്കെ പ്രത്യക്ഷപ്പെടുകയും, അപ്രത്യക്ഷമാവുകയും ചെയ്തപ്പോൾ തനിക്കുണ്ടായിരുന്ന ശരീരത്തെ തേജസ്കരിക്കപ്പെട്ട ശരീരം (Glorified Body) എന്നാണ് പിതാക്കന്മാർ വിളിക്കുന്നത്. ഒരു വിശ്വാസിക്ക് കർത്താവിന്റെ രണ്ടാമത്തെവരവിൽ, പുനരുദ്ധാനത്തിൽ ലഭിക്കാൻ പോകുന്ന ശരീരത്തിന്റെ അച്ചാരമായി (Advance) ഉയർത്തെഴുന്നേറ്റ കർത്താവിന്റെ ശരീരത്തെ കാണാവുന്നതാണ്.

എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുമെന്നും, അവസാന നാളിൽ അവനെ ഉയർത്തെഴുന്നൽപ്പിക്കും എന്നും കർത്താവ് പറഞ്ഞപ്പോൾ (യോഹ. 6:40, 44, 54) തന്റെ ശരീരരക്തങ്ങൾ (വി. കുർബ്ബാന) അനുഭവിച്ച് വാങ്ങിപ്പോകുന്ന വിശ്വാസികൾക്കാണ് ആ ഭാഗ്യം ലഭിക്കുന്നതെന്ന് വ്യക്തം. അതുകൊണ്ടാണ് പരി. സഭാവിശ്വാസികളുടെ മൃതശരീരത്തെ ആഘോഷപൂർവ്വം ദൈവാലയത്തിലേക്ക് കൊണ്ടുപോകുകയും, പ്രാർത്ഥനാപൂർവ്വം സംസ്കരിക്കുകയും പിന്നീട് സംസ്ക്കരിപ്പെട്ട സ്ഥലത്തുചെന്നു നിന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നത്. മേൽപ്പറഞ്ഞ കാരണങ്ങളാൽ കർത്താവിന്റെ പുനരുത്ഥാനവും വിശ്വാസികളുടെ പുനരുത്ഥാനവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.




## വരനെ ആവശ്യമുണ്ട്

**M. 823**

Canada-യിൽ Citizen ship ഉള്ളതും B.Sc Nursing Final year Student ആയ ക്നാനായ യുവതിയ്ക്ക് (24/157cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Canada- യിൽ ഉള്ളവർക്ക് മുൻഗണന.

Contact No.00918373944948

Whats App - + 1(587) 590-7026

**M. 824**

B.Com with Tally കഴിഞ്ഞ് കോട്ടയത്തെ ഒരു സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/162cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9539278388, 9605258819

**M. 825**

M.Sc, B.Ed കഴിഞ്ഞ ക്നാനായ യുവതിയ്ക്ക് (25/158cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9495418629, 9497730029

**M. 826**

Knanaya Parents invite proposals for their daughter (28/163 cm.). She completed BDS in india. She is completed master degree in UK seeking alliance from parents of professionally qualified boys.

Mobile. 7587270336

**M. 827**

Knanaya Parents invite proposals for their daughter (25/148 cm.) pursuing her Master from University of Birmingham (UK) and currently employed in UK as registered Nurse seeking alliance from parents of professionally qualified and God fearing boys.

Whats App: +97455285547

**M. 828**

B.Sc Nursingകഴിഞ്ഞ് ഇപ്പോൾ UK യിൽ NHS -യിൽ Registered nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/160cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9961283122, 9747588801

**M. 829**

Knanaya parents invite proposal for their daughter, born (28/163cm) partially brought up in the UK. Working as a doctor in NHS Hospital Birmingham, UK. Seeking alliance from parents of God-fearing, professionally qualified boys of Knanaya families.

Ph. 00447983511166, 00447943985323

**M. 830**

Knanaya parents invite proposals for their daughter (26 / 5’5”), professionally qualified with PG in Logistics & Supply Chain Management and International Business Management, currently working in Canada. Seeking suitable alliance from professionally qualified Knanaya boys. Contact: 9995215746

**M. 831**

+ 2 കഴിഞ്ഞ ക്നാനായ യുവതിയ്ക്ക് (31/5’4’’) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 7736603303 (WhatsApp)

9497660812

**M. 832**

B.Sc Nursing കഴിഞ്ഞ് O.E.T. പാസ്സായി നാട്ടിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/155 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 7736865204, 8301971154

**M. 833**

M.Com കഴിഞ്ഞ ക്നാനായ യുവതിയ്ക്ക് (27/160cm) അനുയോജ്യരായ ദൈവഭയമുള്ളതും വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ ക്നാനായ യുവാക്കളുടെ മാതാ പിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണി ച്ചുകൊള്ളുന്നു.

Ph. 9605520430

**M. 834**

Knanaya parents settled in England, inviting proposal for their daughter brought up in England (25/5'4), graduated in M. pharm, currently working as a Clinical Pharmacist. Seeking alliance from parents of professionally qualified boys.

WhatsApp: 00447951429865

## വധുവിനെ ആവശ്യമുണ്ട്

**M. 835**

B.Teah (B.E. Electronics and communication Engineer) കഴിഞ്ഞ് ബാംഗ്ലൂരിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോ ചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9544266008, 8547150505

**M. 836**

ഖത്തറിൽ Safety Officer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/172cm) BCA, Fire & Safety Diploma, NEBOSH അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോ ചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9447807687, 9745452343

**M. 837**

Masters കഴിഞ്ഞ് U.K- ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/175cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോ ചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9747099331, 9947738147

**M. 838**

Knanaya Parents invite proposals for their Son (27/168 cm.). He completed B.Com in india. He is completed master degree in UK seeking alliance from parents of professionally qualified girls.

Mobile No. 7587270336

**M. 839**

B.Com, LLB (Advocate) കഴിഞ്ഞ് നാട്ടിൽ Exporting Company നടത്തുന്ന ക്നാനായ യുവാവിന് (29/172cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോ ചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9447129518, 8848174262

**M. 840**

Knanaya parents invite proposal for their Son (28/164 cm), brought up outside Kerala, MBA LOGISTICS and presently employed as Analyst-CRAFT HEINZ with a US based company in Ahamedbad.

Contact: 9868783659.

**M. 841**

B.Sc Hotel Management 4 years course കഴിഞ്ഞ് ഖത്ത റിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/180cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപി താക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊ ള്ളുന്നു.

Ph. 7907099371, 00974- 77359134

**M. 842**

Electrical Engineering (Diploma) കഴിഞ്ഞ് UAEൽ 3 വർഷമായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/176cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph. 9349880517

**M. 843**

Knanaya Parents invite proposals for their Son (30/175 cm.) completed B.Com (Computer) and MBA (Coperations) currenty running own business. Seeking alliance from parents of God fearing and professionally qualified girls.

Contact. 9447956456, 9496765916

**M. 844**

Canada യിൽ P.R ഉള്ള ക്നാനായ യുവാവ് (29/175cm), B.Com with International Business Management & Logistic P.G. Diploma. വിദേശത്തോ, കാനഡാ യിലോ ജോലിയുള്ള B.Sc നേഴ്സ്മാർക്ക് മുൻഗണന. ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9745270028, 9744532830

## ക്വട്ടേഷൻ

മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ ക്ലീമീസ് സെന്ററിൽ കാനറാ ബാങ്കിന്റെ ബ്രാഞ്ച് ആരംഭിക്കുന്നതിനുവേണ്ടി Strong Room- ഉം അനു ബന്ധ ജോലികളും ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണി ക്കുന്നു. 2026 മെയ് 30നു മുമ്പായി സമുദായ ഓഫീ സിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.

**ഫോൺ. 0481 2430327**

*Third Heavenly Birthday*

**30-05-2026**



# Rajumon M.O.

**Ayrathara House, West Othera, Thiruvalla**


*"The LORD make his face shine on you and be gracious to you" - Numbers 6:25*

Through death may part us, but you will forever reside in our hearts.
You are loved more than anything.

Grieving Family

Advt - O


"My flesh and my Heart may fail, but God is the strength
of my heart and my portion forever"
In Loving Memory
P. M THOMAS (84)
14/05/2023
JAINAMMA THOMAS (76)
04/02/2025
Mukkattu Sneha Bhavan, Kurichy
St. John's Knanaya Jacobite Church ( Puthen Palli) Chingavanam, Kerala
Forever cherished by family
Advt -O


1st Death Anniversary
17-05-2026
19th Death Anniversary
23-01-2026
K.A. JACOB
ANCY JACOB
Onattu Thazhathangady, Kottayam
"I am the resurrection and the life
He who believes in me will live,
even though he dies."
John 11:25
Sorrowing Family
Advt - O

## 1st Death Anniversary

**29-05-2026**



**M.C. KURIAKOSE (ANIYAN)**

**Kizhakke Mundakl, Thiruvanvandoor**

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 1-ാം ചരമവാർഷികം

**19-05-2026**



**ചാക്കോ തോമസ് (തങ്കച്ചൻ)**

**ചിലമ്പട്ടുശ്ശേരി, നീലംപേരൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 48-ാം ചരമവാർഷികം

**21-04-2026**

## 2-ാം ചരമവാർഷികം

**21-05-2026**



**വി.പി. ഉതുപ്പാൻ & അമ്മുക്കുട്ടി ഉതുപ്പാൻ**

**വെളിയത്ത് താഴ്ചയിൽ, മഴുക്കീർ**

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 25-ാം ചരമവാർഷികം
23-05-2026



## എ.റ്റി. മാത്യു
ഇടയാടിയിൽ, തെങ്ങേലി

Advt -O

സന്തപ്ത കുടുംബാംഗങ്ങൾ

## 1-ാം ചരമവാർഷികം
8-05-2026




## രാജു പി. ആൻഡ്രൂസ്
ചെറുനാട്ടായ പല്ലാട്ട്, ചെങ്ങളം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt -S

സന്തപ്ത കുടുംബാംഗങ്ങൾ



## 15-ാം ചരമവാർഷികം
27-05-2026

## P.K.Kurian
(കുര്യച്ചൻ)
Perumkannaril,
Mannar

Advt -S

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ





Advt -R

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

## Kunnel, Kurichy

*സന്തപ്ത കുടുംബാംഗങ്ങൾ*




## 40th Day of Demise
17-5-2026

## Kuriakose Abraham (Mon)
Kappiyaruparambil-(ITALIA)
Kottayam

"I am the resurrection and the life.
He who believes in me will live,
even though he dies."
-John 11:25

Advt -S

**46-ാം ചരമവാർഷികം**
09-05-2026



## P.K. Abraham
(കുഞ്ഞവാച്ചൻ)

**3-ാം ചരമവാർഷികം**
05-06-2026



## Kurian Abraham
(കുര്യച്ചൻ)

Advt -O

**Punnattusseril (H),Thiruvanvandoor**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 24–ാം ചരമവാർഷികം

5–05–2026



# ഈശ്വരൻപറമ്പിൽ അച്ചൻ

## കുറിച്ചി


"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 3–ാം ചരമവാർഷികം

14 - 05 - 2026



### കെ.കെ. ഏബ്രഹാം
(ബേബി)

## 40–ാം ചരമദിനം

26 - 05 - 2026



### അജിമോൻ ഏബ്രഹാം

കല്ലുങ്കൽ, താഴത്തങ്ങാടി, കോട്ടയം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 44–ാം ചരമവാർഷികം

8 - 06 - 2026



### റ്റി.സി. ചാക്കോ (കുഞ്ഞച്ചൻ)

## 2–ാം ചരമവാർഷികം

12 - 05 - 2026



### സാറാമ്മ ചാക്കോ (തങ്കമ്മ)
(റിട്ട. ടീച്ചർ)

തൂമ്പുങ്കൽ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

*11th Anniversary in Heaven*

**23- 05 - 2026**



# Reeve Mathew

## Ottaplammoottil, Chicago, USA

*We miss you Reevekutta*
*until we meet again*
*Appa & Amma*

Advt - R

# അർക്കദയാക്കോൻ

സഖറിയ ജോർജ്, ഇടവഴിക്കൽ, കോട്ടയം

ഒരു കാലഘട്ടത്തിൽ–'ജാതിക്കു കർത്തവ്യൻ' എന്ന നിലയിൽ സഭയുടെ ഭരണം നടത്തുവാൻ പള്ളി പ്രതിപുരുഷയോഗം തെരഞ്ഞെടുക്കുന്ന അർക്കദയാക്കോൻ എന്ന സ്ഥാനീയരുണ്ടായിരുന്നു.

മലങ്കരയിൽ വന്നു വാണിരുന്ന വിദേശികളായ മെത്രാൻമാർ, കൂദാശപട്ടം കൊടുക്കൽ, അനുഷ്ഠാനങ്ങൾ എന്നിങ്ങനെ ജനങ്ങളുടെ ആത്മീയ കാര്യങ്ങൾ മാത്രം നിർവ്വഹിച്ചു പോന്നു. ആ കാലഘട്ടത്തിൽ വിവിധ ഇടവകകളെ സംബന്ധിക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഇടവകകളുടെ കൂട്ടായ്മകൾ പള്ളി പ്രതി പുരുഷയോഗം ചേർന്ന് ജാതിക്കു കർത്തവ്യനായി അർക്കദയാക്കോനെ തെരഞ്ഞെടുത്തിരുന്നു. ഭരണനിർവ്വഹണത്തിന്റെ ഉത്തരവാദിത്വം ഉന്നത സ്ഥാനീയനായ അർക്കദയാക്കോൻമാരിൽ നിഷിപ്തമായിരുന്നതായി പറയപ്പെടുന്നു. വൻകിട കമ്പനികളിൽ 'ചീഫ് എക്സിക്യൂട്ടീവ്' പദവിക്കു തുല്യമായിരിക്കാം അർക്കദയാക്കോൻ സ്ഥാനം. കിരീടമില്ലാത്ത ആ രാജാവിനെ പ്രാദേശിക പള്ളികളുടെ പ്രതിപുരുഷയോഗം തെരഞ്ഞെടുക്കും. ശ്രദ്ധേയമായ മറ്റൊരു കാര്യം സഭയിലെ വിവിധ തർക്കവിഷയങ്ങൾ സംബന്ധിച്ചുള്ള തീരുമാനങ്ങൾ എടുക്കുവാൻ അക്കാലത്തെ ക്രൈസ്തവ സമൂഹത്തിന്റെ സ്ഥാനീയനായ അർക്കദയാക്കോൻമാർക്ക് അധികാരം നൽകിയിരുന്നുവെന്ന് കാണാം.

സഭയിലെ അംഗങ്ങൾ തമ്മിലോ ഇതര വിഭാഗങ്ങൾ തമ്മിലോ ഉള്ള എല്ലാവിധ തർക്കങ്ങൾക്കും പ്രാഥമിക തീർപ്പുകൾ കല്പിക്കുവാൻ അർക്കദയാക്കോൻമാർക്ക് കഴിഞ്ഞിരുന്നതായി വേണം അനുമാനിക്കുവാൻ.

സഭാതർക്കങ്ങൾപോലുള്ള കാര്യങ്ങൾക്കുള്ള തീർപ്പ്, ഹൈക്കോടതി സുപ്രീം കോടതി തുടങ്ങിയ വ്യവസ്ഥാപിത സ്ഥാപനങ്ങളിലേക്ക് വലിച്ചിഴയ്ക്കുവാൻ ഇടയായ സാഹചര്യം അർക്കദയാക്കോൻമാർ ഉണ്ടായിരുന്നുവെങ്കിൽ, ഒരു പക്ഷെ ഒഴിവാക്കാമായിരുന്നു എന്ന് തോന്നുന്നു.

അവഹേളിക്കപ്പെടുന്ന സത്യവിശ്വാസവും തെരുവിലെറിയപ്പെട്ട ദൈവജനവും ഈ കാലഘട്ടത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന വ്യഥകൾ ഒരു പക്ഷെ അർക്കദയാക്കോന്മാർ ഉണ്ടായിരുന്നുവെങ്കിൽ ഒരു പരിധിവരെ ഇല്ലാതാകുമായിരുന്നു.

ആചാര അനുഷ്ഠാനങ്ങളുടെ ആകെത്തുകയാണ് സഭയുടെയും മതങ്ങളുടെയും മുഖമുദ്ര എന്ന് പറയപ്പെടാറുണ്ട്. കടം കൊണ്ട നിരവധി ആചാരങ്ങൾ പ്രത്യേകാൽ ഭാരതവൽക്കരിക്കപ്പെട്ട ക്രൈസ്തവ സമൂഹം തദ്ദേശീയരായ ഹൈന്ദവരിൽ നിന്ന് കടം കൊണ്ടിട്ടുള്ളതായി കാണാം. അവയിൽ പലതും തദ്ദേശീയ ക്രിസ്തു സമൂഹത്തിന്റെ വേരോട്ടത്തിനും വികാസത്തിനും ഉതകിയിരിക്കാം.

ക്രൈസ്തവ സമൂഹം സന്ദേശങ്ങളിൽ പരസ്പര സ്നേഹത്തിന്റെ വിളിച്ചോതൽ, അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുവാനുള്ള ആഹ്വാനം ഒക്കെ തദ്ദേശീയരായ ഭാരതീയരെ ഹഠാദാകർഷിച്ചിരിക്കാം. സഹിഷ്ണുതയുടെ സമസ്തഭാവങ്ങളും ഉള്ള ഭാരതീയ സമൂഹം നൂതനമായ ക്രിസ്തുവിന്റെ സ്നേഹ സന്ദേശം ഉൾക്കൊണ്ടിരിക്കാം. അങ്ങനെ നോക്കുമ്പോൾ അടിച്ചേൽപ്പിക്കപ്പെട്ട ഒരു മതമല്ല ക്രൈസ്തവ മതം. ജനസാമാന്യർ മാത്രമല്ല അധികാരികളായ അന്നത്തെ പല ഭരണകർത്താക്കൾപോലും ക്രിസ്തുദർശനം സ്വകീയമാക്കിയതായി കാണാം

സഹവർത്തിത്വത്തിന്റെയും കൊടുക്കൽ വാങ്ങലുകളുടെയും ഉദാഹരണങ്ങൾ നിരവധി ഉണ്ട്. എത്രയെത്ര മനോഹരമായ ആചാരങ്ങളാണ് സുറിയാനി ക്രിസ്ത്യാനികൾ ഹൈന്ദവരിൽ നിന്ന് ഉൾക്കൊണ്ടിട്ടുള്ളത്. 'മാതാപിതാ ഗുരു ദൈവം'പോലെ ഉള്ള പഠിപ്പിക്കലുകൾ ഒരു ഉദാഹരണമല്ലേ!

തങ്ങളെക്കാൾ മുതിർന്നവർക്ക് മുന്നിൽ അവർ ആവശ്യപ്പെടാതെ ഇരിക്കുവാൻപോലും തയ്യാറാവാത്ത ഒരു മുൻതലമുറ ക്രൈസ്തവർക്കിടയിലും ഉണ്ടായിരുന്നു. പുരോഹിതശ്രേഷ്ഠർ മാതൃകാപരമായ സ്വജീവിതത്തിലൂടെ സമസ്ത സമൂഹത്തിന്റെയും ബഹുമാനാദികൾക്ക് പാത്രീഭൂതരായിരുന്നു.

സാമൂഹ്യ സദസ്സുകളിൽ പ്രായത്തിൽ മുതിർന്നവർക്കും പക്വതയുള്ള പ്രമാണിമാർക്കും മറ്റും ആലോചനയോഗങ്ങളിൽ പങ്കെടുക്കുന്ന രീതിയും ഇളംതലമുറ അനുവർത്തിച്ചു പോന്ന ബഹുമാനത്തിന്റെ അടയാളങ്ങളായിരുന്നു.

വിവാഹസമയത്തു വരൻ വധുവിനെ താലി അണിയിക്കുന്ന സമ്പ്രദായം "ഭാരതീയ ക്രൈസ്തവ സമൂഹ"ത്തിന്റെ മാത്രം പ്രത്യേകതയായി കരുതപ്പെടുന്നു. മംഗല്യ സൂത്രം അഥവ താലിമിന്നിൽ കുരിശു രൂപം ക്രൈസ്തവർ പ്രത്യേകം നിഷ്ക്കർഷിക്കാറുമുണ്ട്.

മാർഗ്ഗംകളിക്കും മറ്റും മദ്ധ്യത്തിൽ കത്തിച്ചു വെയ്ക്കുന്ന നിലവിളക്ക് പ്രതീകാത്മകമായി ക്രിസ്തുവിനെ സൂചിപ്പിക്കുന്നുവെന്ന ഭാഷ്യവും ഉണ്ട്.

വിവാഹ സമയത്തു ഹൈന്ദവർ പുടവ കൊടുക്കുമ്പോൾ സുറിയാനി ക്രിസ്ത്യാനികൾ മന്ത്രകോടി ധരിക്കുന്നു. ഹിന്ദുക്കൾക്കിടയിൽ വരൻ വധുവിന് പുടവ കൊടുക്കുന്നുവെങ്കിൽ ക്രൈസ്തവരിൽ കാർമ്മികനായി ക്രിസ്തുവിന്റെ പ്രതിപുരുഷനായ, പുരോഹിതൻ വധുവിന്റെ മന്ത്രകോടി അണിയിക്കുന്നു.

ഭാരതീയ ആചാരങ്ങളിൽനിന്ന് കടംകൊണ്ട് ക്രൈസ്തവവൽക്കരിക്കപ്പെട്ട എത്രയെത്ര സമാനതകൾ നമുക്ക് കണ്ടെടുക്കാനാവും. സസൂക്ഷ്മം പരിശോധിച്ചാൽ നമ്മുടെ നോയ്മ്പാചാരണവും ഹിന്ദുക്കൾ നടത്തുന്ന പല വ്രതാനുഷ്ഠാനങ്ങളും അന്തഃസത്തയിൽ സമാനതകൾ ഉള്ളതായി തോന്നാം.

ആചാര അനുഷ്ഠാനങ്ങൾ പലതും കാലഹരണപ്പെട്ടുപോകുമ്പോൾ ക്രാന്തദർശികളായ മുൻതലമുറക്കാർ ഒരുക്കിത്തന്ന കരുതലിന്റെ അടിത്തറകൾ പലപ്പോഴും ഇളകിപ്പോകുന്നതായി തോന്നുന്നു.

ദേശാനുസരണവും കാലാനുസരണവുമായി ചിട്ടപ്പെടുത്തിയതൊക്കെ പഴഞ്ചൻ എന്നെഴുതി തള്ളുന്ന പ്രവണത ശുഭോതർക്കമല്ലെന്ന് സൂചിപ്പിച്ചുവെന്ന് മാത്രം.

# ക്വട്ടേഷൻ

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനംവക കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ കുല്പമല തോട്ടത്തിലുള്ള ഏകദേശം 2300 റബ്ബർ മരങ്ങളിൽനിന്നും 2 വർഷത്തേയ്ക്ക് ആദായം എടുക്കുന്നതിനുവേണ്ടി മത്സര സ്വഭാവമുള്ള ക്വൊട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ഒരു മരത്തിന് നൽകുന്ന റേറ്റ് ആണ് ക്വോട്ട് ചെയ്യേണ്ടത്. വെള്ളപേപ്പറിൽ എഴുതിയ ക്വൊട്ടേഷനോടുകൂടി Malankara Syrian Knanaya Samudayam എന്ന പേരിൽ 25000 രൂപയുടെ D/D, E.M.D. ആയി നൽകേണ്ടതാണ്. ക്വട്ടേഷൻ 20-05-2026, 4. p.m. മുമ്പായി താഴെപ്പറയുന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

Trustee: Malankara Suriani Knanaya Samudayam,

Mor Ephraim Seminary, Chingavanam , Kottayam 686531

ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ താഴെ പറയുന്ന നമ്പരുകളിൽ നിന്ന് അറിയാവുന്നതാണ്.


**Mob. 7306320943, 9496359185**

**19th Death Anniversary**
**12-05-2026**



**P.J. Mathew**
**(Kunjachen)**

**43rd Death Anniversary**
**19-03-2026**



**Saji Mathew**

**3rd Death Anniversary**
**13-06-2026**



**Jainamma Mathew**


**കൊച്ചുമുറ്റത്ത്, തുരുത്തിക്കാട്**

*നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ*

*സന്തപ്ത കുടുംബാംഗങ്ങൾ*

**26th Death Anniversary**

**11-05-2026**



**Anish Abraham Arackal**

**Arackal, Chingavanam**

**"You will be always remembered in our hearts"**

**Sorrowing Family**

**23 –ാം ചരമവാർഷികം**

**26-05-2026**

**21 –ാം ചരമവാർഷികം**

**21-07-2026**



**വി.കെ. മത്തായി** **മേരിക്കുട്ടി മത്തായി**

**വെച്ചൂപ്പറമ്പിൽ**

**വാകത്താനം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**10th Death Anniversary**

**22-05-2026**



**T.O. Zachariah**

**Thekkamuriyil, Ranny**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
സന്തപ്ത കുടുംബാംഗങ്ങൾ

**04 –ാം ചരമവാർഷികം**

**27-05-2026**



**റ്റി. ജെ. ജോസഫ്**

**തച്ചോറ, കുറിച്ചി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*


**7th Death Anniversary**
**04-04-2026**



**Salikutty Thomas**
**Purathayil, Eraviperoor**

ഭർത്താവ് P.T. Thomas
മക്കൾ Liji, Liju, Laiji
മരുമക്കൾ Jose, Jinu, Nisha

**1 – ാം ചരമവാർഷികം**
**2-05-2026**



**റ്റി. തോമസ്**
**തയ്യിൽ പടിഞ്ഞാറേതിൽ**
**തിരുവൻവണ്ടൂർ**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
*സന്തപ്ത കുടുംബാംഗങ്ങൾ*

**40 – ാം ചരമദിനം**
**06-05-2026**



**ചിന്നമ്മ സ്കറിയ**
**എഴുമായിൽ,**
**ചാന്നാനിക്കാട്**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

**1 – ാം ചരമവാർഷികം**
**23-05-2026**



**ലീലാമ്മ ജേക്കബ്**
**ഒറ്റത്തൈക്കൽ**
**തുരുത്തി**
സന്തപ്ത കുടുംബാംഗങ്ങൾ

**09 –ാം ചരമവാർഷികം**
**15-05-2026**



**ലൈസി സണ്ണി**
**ആലുംമൂട്ടിൽ കണ്ടത്തിൽ**
**വെസ്റ്റ് ഓതറ, തൈമറവുംകര**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**39th Death Anniversary**
**03-06-2026**



**P.A. Joseph**
**Palliambil,**
**Kuttoor, Thiruvalla**

By sorrowing family

**13 –ാം ചരമവാർഷികം** **22 –ാം ചരമവാർഷികം**
**29-05-2026** **15-07-2026**



**പെണ്ണമ്മ തോമസ്** **ഷാജി തോമസ്**

**തേക്കുംമൂട്ടിൽ, കറ്റോട്**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.

***സന്തപ്ത കുടുംബാംഗങ്ങൾ***

**24 –ാം ചരമവാർഷികം** **5 –ാം ചരമവാർഷികം**
**08-05- 2026** **02-05- 2026**




**ഉതുപ്പ് ജോസഫ് (സണ്ണി)** **അച്ചുക്കുട്ടി ജോസഫ്**
(Retd. Post Master)

**ഊലേത്ത്, ഇരവിപേരൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

***സന്തപ്ത കുടുംബാംഗങ്ങൾ***

**15th Death Anniversary**
**17-05-2026**



## എം.സി. പുന്നൂസ്

**മേപ്പാരത്തിൽ, തോട്ടമൺ, റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.

*സന്തപ്ത കുടുംബാംഗങ്ങൾ*

**4 – ാം ചരമവാർഷികം**
**29-05-2026**




## JINCY GEORGE

**പുത്തൻപുരയ്ക്കൽ, ചിങ്ങവനം**

നിന്റെ ഓർമ്മകൾ ഇല്ലാത്ത ഒരു പുലരിയും
ഞങ്ങൾക്കില്ല; നിത്യതയുടെ തീരത്തു വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ.

*സന്തപ്ത കുടുംബാംഗങ്ങൾ*

**40 – ാം ചരമദിനം**
**18-05-2026**



## കെ.ഐ. ഐസക് (89)

**കാവനാൽ, മഴുക്കീർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

*സന്തപ്ത കുടുംബാംഗങ്ങൾ*

**19 – ാം ചരമവാർഷികം**
**03-06-2026**



## മാത്തുക്കുട്ടി

**തേക്കുംമൂട്ടിൽ, വള്ളംകുളം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

*സന്തപ്ത കുടുംബാംഗങ്ങൾ*

15 – ാം ചരമവാർഷികം 24-05-2026 32 – ാം ചരമവാർഷികം 05-08-2026



**അന്നമ്മ സ്കറിയ ടി.ടി. സ്കറിയ**

തോട്ടുപുറത്ത്, വെൺപാല, തിരുവല്ല

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
സന്തപ്ത കുടുംബാംഗങ്ങൾ


04 – ാം ചരമവാർഷികം
09-05-2026



**അന്നമ്മ മാത്യു**

ചെറുമഠക്കാല
കറ്റോട്
സന്തപ്ത കുടുംബാംഗങ്ങൾ

40 – ാം ചരമവാർഷികം
31-05-2026



**എ. കെ. ഏബ്രഹാം (Pony)**

ആറൊന്നിൽ, റാന്നി

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

11 – ാം ചരമവാർഷികം
22-05-2026



**പി.കെ. ഏബ്രഹാം (കുഞ്ഞുമോൻ)**

പടിഞ്ഞാറേ മുറിയിൽ (കുര്യൻ മെഡിക്കൽസ്)
ഐത്തല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*


16 –ാം ചരമവാർഷികം
08-05-2026



**കെ.കെ. പുന്നൂസ്** (തമ്പി)
കീളാത്ര, മഴുക്കീർ
കല്ലിശ്ശേരി

സന്തപ്ത കുടുംബാംഗങ്ങൾ


11 –ാം ചരമവാർഷികം
17-05-2026



**കെ.സി. ജേക്കബ്**
കൊല്ലംപറമ്പിൽ
കുഴിമറ്റം

സന്തപ്ത കുടുംബാംഗങ്ങൾ

16 –ാം ചരമവാർഷികം
05-05-2026



**കെ.ഐ. ഏബ്രഹാം**
കാട്ടുവേലിൽ
കല്ലിശ്ശേരി, മഴുക്കീർ

സന്തപ്ത കുടുംബാംഗങ്ങൾ


21 –ാം ചരമവാർഷികം
04-06-2026



**കുര്യൻ ജോസഫ്**
മാമൂട്ടിൽ
കുറ്റൂർ

സന്തപ്ത കുടുംബാംഗങ്ങൾ

16 –ാം ചരമവാർഷികം
02-05-2026



**കുര്യൻ കുറിയാക്കോസ്**
(കുഞ്ഞുമോൻ)
കൈതാരത്ത്, ചിങ്ങവനം

സന്തപ്ത കുടുംബാംഗങ്ങൾ

04 –ാം ചരമവാർഷികം
08-05-2026



**മറിയാമ്മ സ്ക്കറിയ**
(അമ്മിണി)
പുത്തൻവീട്, കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ

13 –ാം ചരമവാർഷികം
20-05-2026



ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ
ആരും ഒരു നാളും മരിക്കയില്ല
(യോഹന്നാൻ 11:26)

**M.P. Kuriakose** (Rtd.Teacher)
**Mettumkel (H), Pulloopram P.O., Ranni**

സന്തപ്ത കുടുംബാംഗങ്ങൾ

## ശുഭചിന്തകൾ

ബന്ധങ്ങൾക്ക് വിജയപരാജയങ്ങളുടെ കണക്കില്ല, മത്സരത്തിന്റെ വാശിയുമില്ല. ഉള്ളത് 'എനിക്ക്' മുൻപേ 'നിനക്ക്' എന്ന് പറയുന്ന ഒരു നനുത്ത സ്നേഹം മാത്രം.

## ക്നാനായ ദീപം ചിത്രരചനാ മത്സരം

നമ്മുടെ സമുദായത്തിലെ കുട്ടികൾക്കായി ഒരു ചിത്രരചനാ മത്സരം ക്നാനായ ദീപം സംഘടിപ്പിക്കുന്നു.
5 മുതൽ 10 വയസ്സ് വരെ വാട്ടർ കളറിംഗ് – വിഷയം– കാടും വന്യമൃഗങ്ങളും
10 മുതൽ 15 വയസ്സ് വരെ പെൻസിൽ ഡ്രോയിംഗ് – വിഷയം– വിദ്യാലയത്തിന്റെ അസംബ്ലി

ചിത്രങ്ങൾ ലഭിക്കേണ്ട അവസാന തീയതി 2026 ജൂൺ 15

ചിത്രങ്ങളുടെ ഒറിജിനൽ ക്നാനായ ദീപത്തിന്റെ അഡ്രസ്സിൽ അയയ്ക്കുകയോ നേരിട്ട് ഓഫീസിൽ ഏല്പിക്കുകയോ ചെയ്യുക.

അഡ്രസ്സ്– ക്നാനായദീപം, ക്ലീമിസ് സെന്റർ, ചിങ്ങവനം പി.ഒ., കോട്ടയം, 686531, ഫോൺ. 9447563240
E-mail- kna.deepam@gmail.com

**40-ാം ചരമദിനം**

03-06-2026



**പി. എ. ഉപ്പായി (കുഞ്ഞുമോൻ)**

28-05-2026



**അമ്മിണി ചാക്കോ**

**പാലക്കുടിയിൽ, ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R



## 2nd Death Anniversary

## Baby Thomas

### Kaippakaseril, USA

**August 19, 1942 - May 27, 2024**

*We love you and miss you, our beloved Mummy & Ammachi*

*Psalm 91: 1-2*
*Whoever dwells in the shelter of the Most High will rest in the shadow of the Almighty. I will say of the Lord, "He is my refuge and my fortress, my God, in whom I trust."*

Advt - R

Registered No. KL/CHC/29/2024-26
Published on 15 May 2026
License No. KL/CR/CHC/WPP-3/2024-26
Licensed to Post Without Prepayment

KNANAYA DEEPAM
Chingavanam

Posted at RMS Kottayam

PRGI No. KERBIL/2006/19210
Vol. 37, Issue: 5 ₹20

*In Ever loving Memory of*



**Elias P. Joseph**
31.08.1938 – 24.05.2020



**Nikhil S. Elias**
23.07.1997 – 11.03.2026

*Treasured in our hearts you will stay until we meet again someday*

*Palakudyil Family, Bangalore*

Advt - O

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ABRAHAM MATHEW (ROY ACHAN) COR-EPISCOPA MULAMOOTTIL**